ഇലകമൺ ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട്

1996-97

ജനന മരണ രജിസ്ട്രേഷൻ

സ്കൂൾ പ്രവേശനത്തിന്
ഉദ്യോഗത്തിന്
വസ്തുക്കളിൽ അവകാശം സ്ഥാപിക്കുന്നതിന്
പൗരത്വം സ്ഥാപിക്കുന്നതിന്
പാസ്പോർട്ടിന്
വോട്ടവകാശം സ്ഥാപിക്കുന്നതിന്
റേഷൻ കാർഡിൽ പേര് ചേർക്കുന്നതിന്

വയസ്സ് തെളിയിക്കുന്ന കൃത്യമായ രേഖ വേണം
ജനനം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പ് വരുത്തുക.

അവകാശികൾക്ക് സ്വത്തവകാശം സ്ഥാപിക്കുന്നതിന്
ഇൻഷൂറൻസ് തുക ലഭിക്കുന്നതിന്
മരണാനന്തരം ആനുകൂല്യങ്ങൾ വാങ്ങുന്നതിന്

മരണം തെളിയിക്കുന്ന കൃത്യമായ രേഖ വേണം
മരണം യഥാസമയം രജിസ്റ്റർ ചെയ്തുവെന്ന്
ഉറപ്പ് വരുത്തുക

ജനനവും മരണവും 21 ദിവസത്തിനകം
രജിസ്റ്റർ ചെയ്യാൻ ഓർമ്മിക്കുക.

ഇത് നിർബന്ധിതമാണ്.

ഇലകമൺ
ഗ്രാമപഞ്ചായത്ത്



ഇലകമൺ ഗ്രാമപഞ്ചായത്ത്
വികസന റിപ്പോർട്ട് 1996

ഇലകമൺ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി 5-12-1996 -ൽ അംഗീകരിച്ച റിപ്പോർട്ട്.

വിഷയവിവരം

ആമുഖം
പൊതുവിവരങ്ങൾ
പഞ്ചായത്തു പ്രസിഡൻറുമാർ
സാമൂഹിക, സാംസ്ക്കാരിക പശ്ചാത്തലം
പഠന പര്യടനം
കൃഷിയും ജലസേചനവും
മൃഗസംരക്ഷണം, മത്സ്യബന്ധനം
വനം
വ്യവസായം
ഗതാഗതം ഊർജ്ജം
പാർപ്പിടം സാമൂഹ്യക്ഷേമം
കുടിവെള്ളം പൊതുജനാരോഗ്യം
വിഭവസമാഹരണം
സംസ്ക്കാരം
വിദ്യാഭ്യാസം
വനിതാക്ഷേമം
പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം
സഹകരണം
ഗ്രാമസഭകൾ
ഇവരെ പരിചയപ്പെടുക
ഉപസംഹാരം
റിസോർസ് പേർസൻമാർ, സഹായികൾ



എന്നെ സംബന്ധിച്ച് സ്വരാജ് എന്റെ രാജ്യത്തിലെ
ഏറ്റവും നിസ്വരായവരുടെ സ്വാതന്ത്ര്യമാണ്.
അലസരുടേയും അജ്ഞരുടേയുമല്ല, ഉണർത്തപ്പെട്ടവരുടേതാണ്
സ്വരാജ്. സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക്
മാറ്റം വരുത്താമെന്ന് ജനസാമാന്യത്തിന് എപ്പോൾ തോന്നുന്നുവോ
അപ്പോൾ മാത്രമാണ് ഭാരതം പൂർണ്ണസ്വാതന്ത്ര്യം നേടുക.

ഗാന്ധിജി

കക്ഷിരാഷ്ട്രീയത്തിനതീതമാണെങ്കിലും
ജനകീയാസൂത്രണ പ്രസ്ഥാനം "അരാഷ്ട്രീയമല്ല".
അതിനു സ്വന്തം (സങ്കുചിത കക്ഷിതാൽപര്യങ്ങൾക്കതീതമായി) വികസനത്തിന്റെ
രാഷ്ട്രീയമുണ്ട്. ജാതി-മത-കക്ഷി ഭേദമെന്യേ എല്ലാ മലയാളികളേയും
കൂട്ടി യോജിപ്പിച്ച് അവഗണിക്കപ്പെട്ടു കിടക്കുന്ന വികസന മേഖലയെ
പോഷിപ്പിക്കുകയെന്ന "കക്ഷിരഹിത രാഷ്ട്രീയം" ജനകീയാസൂത്രണത്തിനുണ്ട്.
സ്വന്തം ജാതിയുടെയോ മതസമുദായത്തിന്റെയോ രാഷ്ട്രീയ കക്ഷിയുടെയോ
വിശ്വാസപ്രമാണങ്ങളിൽ നിന്നും തരിമ്പും വിടാതെ രാജ്യസ്നേഹികളായ
എല്ലാ മലയാളികൾക്കും സഹകരിച്ചു പ്രവർത്തിക്കാവുന്ന
ഒരു രംഗമാണിത്.

ഇ.എം.എസ്.
ചെയർമാൻ
മാർഗനിർദ്ദേശക സമിതി
ജനകീയാസൂത്രണ പ്രസ്ഥാനം

ആസൂത്രണരംഗത്ത് ജനപങ്കാളിത്തം ഉറപ്പാക്കുന്ന ജനകീയാസൂത്രണ പരിപാടി അതിന്റെ നൂതനത്വം കൊണ്ടുതന്നെ ഇന്ത്യക്കാകെ മാതൃകയായി. ഒൻപതാം പദ്ധതിയുടെ 35 - 40 ശതമാനത്തിന്റെ ആസൂത്രണവും വിനിയോഗവും തദ്ദേശീയ പദ്ധതികൾക്കു വേണ്ടി വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഇതിലൂടെ സാധിക്കുന്നു. അതതു പ്രദേശത്തിന്റ ഭൂപ്രകൃതിക്കും വികസനാവശ്യങ്ങൾക്കും അനുസൃതമായി മുൻഗണനകൾ നിശ്ചയിക്കുന്നതുമൂലം പദ്ധതിത്തുക ഫലപ്രദമായി വിനിയോഗിക്കാൻ കഴിയും. ജനങ്ങളെ വൻതോതിൽ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഗ്രാമസഭാ യോഗങ്ങളും വികസന സെമിനാറുകളും ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പിക്കുന്ന വേദികളായി. സംസ്ഥാനത്തുടനീളം ലക്ഷ്യബോധത്തോടെ നടത്തിവരുന്ന ഈ മഹായജ്ഞം കേരളത്തിൽ പുതിയൊരു വികസന സംസ്കാരം കരുപ്പിടിപ്പിക്കുന്നതിന് നാന്ദി കുറിക്കും.

ഇ.കെ. നായനാർ
കേരള മുഖ്യമന്ത്രി

പഞ്ചായത്തു പ്രസിഡന്റുമാർ



ഡോ. കെ. വാസുദേവൻ (1953 - 1963)

ശ്രീ. എൻ. സദാനന്ദൻ (1964 - 1995)

എഡിറ്റോറിയൽ സമിതി അംഗങ്ങൾ

1.	എം. കാമിൽ	-	പ്രസിഡൻറ് (എഡിറ്റർ)
2.	എൻ. പത്മാക്ഷി	-	വൈസ് പ്രസിഡൻറ്
3.	ബി.എസ്സ്. ജോസ്	-	ചെയർമാൻ സ്റ്റാൻറിംഗ് കമ്മിറ്റി
4.	വി. ദേവദാസ്	-	മെമ്പർ
5.	അമ്മിണി ചെല്ലപ്പൻ	-	"
6.	എ. സുഷമദേവി		"
7.	എസ്സ്. ശശിലേഖ	-	"
8.	പി. ഷാജികുമാർ	-	"
9.	വി. പ്രകാശ്	-	"
10.	ആർ.ആനന്ദൻപിള്ള	-	"
11.	താരാവിജയൻ .	-	സെക്രട്ടറി



കൺവീനർ

ആർ. കെ. ശശിധരൻ

പഞ്ചായത്ത് ഭരണ സമിതി.



എം.കാമിൽ
പ്രസിഡണ്ട്

എസ്.പത്മാക്ഷി
വൈസ്: പ്രസിഡണ്ട്



ബി.എസ്. ജോസ്
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



സുഷമാദേവി. A
വാർഡ്- 5



അമ്മിണിചെല്ലപ്പൻ

ശശിലേഖ. S
വാർഡ്- 10



V. പ്രകാശ്
വാർഡ്- 2.



R. ആനന്ദൻപിള്ള
വാർഡ്- 4

വി.ദേവദാസ്
വാർഡ്- 7



P. ഷാജികുമാർ
വാർഡ്- 9

ആമുഖം

സാമൂഹിക തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസന പ്രശ്നങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും അതു പ്രകാരം വിഭവങ്ങൾ നീക്കിവയ്ക്കുകയും ചെയ്യുന്ന പ്രക്രിയയ്ക്കാണ് ആസൂത്രണം എന്ന് പറയുന്നത്. ഇത് സമയ ബന്ധിതവുമാകണം. സ്വകാര്യലാഭത്തെ മാത്രം അടിസ്ഥാനമാക്കി തീരുമാനങ്ങൾ എടുത്താൽ സാമൂഹികമായി ഒട്ടനവധി നേട്ടങ്ങളുണ്ടാകുന്ന പല കാര്യങ്ങളും അവഗണിക്കപ്പെടും. ഒറ്റപ്പെട്ട വ്യക്തികളുടെ തന്നിഷ്ട പ്രകാരമുള്ള തീരുമാനം വിഭവങ്ങളുടെ ദുർവിനിയോഗത്തിലേയ്ക്കും കാര്യക്ഷമതയില്ലായ്മയിലേയ്ക്കും നയിക്കും. സ്ഥായിയായതും നീതിപൂർവ്വകവുമായ സാമ്പത്തിക വളർച്ചയാണ് പദ്ധതികൾ കൊണ്ടുദ്ദേശിക്കുന്നത്. മുൻ കാലങ്ങളിൽ പദ്ധതികൾ നടപ്പിലാക്കേണ്ടുന്ന പ്രദേശത്തെ ജനങ്ങൾക്ക് അവ സംബന്ധിച്ച തീരുമാനങ്ങളിലോ നിർവ്വഹണങ്ങളിലോ പങ്കുണ്ടായിരുന്നില്ല. വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ ഈ പോരായ്മകൾ പലതും പരിഹരിക്കുവാൻ കഴിയുമെന്ന് തോന്നുന്നു. ഈ ഉദ്ദേശ്യത്തോടുകൂടിയാണ് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിരിക്കുന്നത്. അധികാരവികേന്ദ്രീകരണം ഫലപ്രദമാകണമെങ്കിൽ മുകൾതട്ടിൽ നിന്ന് താഴെതട്ടിലേയ്ക്ക് കൂടുതൽ അധികാരം കൈമാറേണ്ടതുണ്ട്. പക്ഷേ, കിട്ടുന്ന ഈ അധികാരം ശാസ്ത്രീയമായി വിനിയോഗിക്കുവാൻ ജനപ്രതിനിധികൾക്ക് കഴിയണം. അധികാരം അടിച്ചേൽപ്പിക്കൽ പ്രക്രിയയിലേയ്ക്ക് ഒരിക്കലും വഴുതിപ്പോകാൻ പാടില്ല. നിയമങ്ങൾ ജനങ്ങളുടെ നന്മയ്ക്കുവേണ്ടി മാത്രമാകണം.

കേരളത്തന്റെ 90-ാം പഞ്ചവത്സര പദ്ധതി ഇലകമൺ പഞ്ചായത്തിൽ ആസൂത്രണം ചെയ്യുന്നത് ഈ പശ്ചാത്തലത്തിലാണ്. തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് ഇലകമൺ പഞ്ചായത്ത്.

ജനകീയ ആസൂത്രണ പ്രസ്ഥാനം ഒരു പുതിയ അനുഭവമാക്കാൻ പോകുന്ന ഈ സന്ദർഭത്തിൽ ഇലകമൺ ഗ്രാമപഞ്ചായത്തിലെ പത്ത് വാർഡുകളിലും ഗ്രാമസഭകൾ നടന്നു. ആദ്യമൊക്കെ ഗ്രാമവാസികൾക്ക് ജനകീയാസൂത്രണത്തെപ്പറ്റി വലിയ അറിവൊന്നുമുണ്ടായിരുന്നില്ല. പരിപാടികൾ തിടുക്കത്തിൽ നടപ്പിലാക്കേണ്ടിവന്നതുമൂലം എല്ലാവരേയും അറിയിയ്ക്കുവാനും അർഹരായ റിസോഴ്സ് പേഴ്സൻമാരെ തിരഞ്ഞെടുക്കാനും താമസം നേരിട്ടു. വിശദാംശങ്ങളിലേയ്ക്ക് ജനശ്രദ്ധ പിടിച്ചുപറ്റിയപ്പോൾ ഗ്രാമസഭകൾ വൻവിജയമായി. ഓരോ വിഷയത്തിനും ഗ്രൂപ്പുകൾ ഉണ്ടാക്കി. അതിന്റെ അടിസ്ഥാനത്തിലുള്ള ചർച്ചകളിൽ പങ്കെടുത്തവരിൽ ആവേശവും ഉത്സാഹവുമുണ്ടാക്കി. ഓരോ ഗ്രാമസഭയിലും 100 മുതൽ 264 വരെയാളുകൾ പങ്കെടുത്തു. 20%

മുതൽ 30% വരെ സ്ത്രീ പങ്കാളിത്ത മുണ്ടായിരുന്നു. പങ്കെടുത്തവരിൽ ചിലർ വ്യക്തിപരമായ ആവശ്യങ്ങൾക്കായിരുന്നു പ്രാധാന്യം നൽകിയത്. പ്രസംഗങ്ങളുടെ ദൈർഘ്യം കുറച്ചതും ചർച്ചകൾക്ക് കൂടുതൽ സമയം നൽകിയതും വളരെ പ്രയോ ജനപ്പെട്ടു. ചർച്ചകളിൽ ഉരുത്തിരിഞ്ഞ ആശ യങ്ങൾ പലതും സാമൂഹികപ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതായിരുന്നു. ഇതു പോലൊരു സമീപനം ഗ്രാമവാസികൾക്ക് പുതുമനൽകി. ചർച്ചയുടെ അവസാനം ജനകീയാസൂത്രണത്തെപ്പറ്റി ഒരു പുത്തൻ ഉണർവുണ്ടാക്കാനും ആത്മവിശ്വാസം സൃഷ്ടിക്കുവാനും കഴിഞ്ഞു. ചില വാർഡുകളിൽ യോഗാനന്തരം കുട്ടിക ളുടേയും യുവാക്കളുടേയും വിവിധ കലാ പരിപാടികൾ ഉണ്ടായിരുന്നു.

പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	-	ഇലകമൺ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	-	അയിരൂർ വില്ലേജ്
ബ്ലോക്ക് പഞ്ചായത്ത്	-	വർക്കല
ഡിവിഷൻ	-	കാപ്പിൽ,ഇലകമൺ,ചെമ്മരുതി
ജില്ല പഞ്ചായത്ത് ഡിവിഷൻ	-	ചെറുന്നിയൂർ - മണമ്പൂർ
താലൂക്ക്	-	ചിറയിൻകീഴ്
ജില്ല	-	തിരുവനന്തപുരം
അസംബ്ലിമണ്ഡലം	-	വർക്കല
വിസ്തീർണ്ണം	-	17.75 ച:കി

അതിരുകൾ

വടക്ക്	-	പൂതക്കുളം - കല്ലുവാതുക്കൽ പഞ്ചായത്തുകൾ
തെക്ക്	-	വർക്കല മുനിസിപ്പാലിറ്റി
കിഴക്ക്	-	ചെമ്മരുതി - നാവായിക്കുളംപഞ്ചായത്തുകൾ
പടിഞ്ഞാറ്	-	ഇടവനടയറക്കായൽ പൂതക്കുളംപഞ്ചായത്ത്

ജനസംഖ്യ	-	21523 [91-Census]
വാർഡുകൾ	-	10
പ്രസിഡൻറിന്റെ പേര്	-	എം. കാമിൽ
വൈസ്പ്രസിഡൻറിന്റെപേര്	-	എൻ. പത്മാക്ഷി

പഴയ പ്രജാസഭയ്ക്കുശേഷം തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ രൂപീകരിക്കപ്പെട്ട പഞ്ചായത്തുകളിൽ ഒന്നാണ് ഇലകമൺ പഞ്ചായത്ത്. അതിന് മുമ്പുണ്ടായിരുന്ന ഇലകമൺ വില്ലേജ് പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റ് ശ്രീ. മുഹമ്മദ്കണ്ണ് B.A.L.T. ആയിരുന്നു. 1953-ൽ ഈ പഞ്ചായത്ത് രൂപം കൊള്ളുമ്പോൾ 17.75Sq.Km. വിസ്തീർണ്ണം ഉണ്ടായിരുന്നു. വടക്കും കിഴക്കും കുന്നുകളുടെ നീണ്ടനിരയും അതിനിടയ്ക്കായി വയൽനിരകളും ചരിവുകളും ഇലകമൺ തോടും അയിരൂർ ആറും സ്ഥിതിചെയ്യുന്നു. പടിഞ്ഞാറുഭാഗത്ത് ചരിത്രപ്രസിദ്ധമായ ഇടവനടയറക്കായലും ഈ പഞ്ചായത്തിന്റെ അതിർത്തിയിലാണ്. തിരുവനന്തപുരം ജില്ലയിലെ വടക്ക് പടിഞ്ഞാറേ അതിർത്തിയിൽ ഈ പഞ്ചായത്ത് സ്ഥിതിചെയ്യുന്നു.

ഇവരെ പരിചയപ്പെടുക

1. ഡോ: നന്ദൻ

കൊച്ചുവീട്, വേങ്കോട്, ഇലകമൺ
ഇന്ത്യാഗവൺമെൻറിന്റെ സ്പേസ് റിസർച്ച് സയൻസ് ആൻറ് ടെക്നോളജിയിൽ സയൻറിസ്റ്റായി ബാംഗ്ലൂരിൽ ജോലിചെയ്യുന്നു.

2. **ശ്രീ. എം. ആസാദ് (Late)**

കടയിൽ വീട്, കായൽപുറം, ഇലകമൺ
പൂന ഫിലിം ഇൻസ്റ്റിട്യൂട്ടിൽ നിന്നും പി.ജി.ഡിപ്ലോമ നേടിയിട്ടുണ്ട്. മികച്ച സിനിമാസംവിധായകൻ, രചയിതാവ്, ചലച്ചിത്രനിരൂപകൻ, നാടകരചയിതാവ്. 1972-ലെ നല്ല ചലച്ചിത്രകഥയ്ക്കുള്ള സ്വർണ്ണമെഡൽ ഇവ നേടി. അന്താരാഷ്ട്ര അവാർഡ് ലഭിച്ച ചിത്രങ്ങളുടെ അസോസിയേറ്റ് ഡയറക്ടറായി പ്രവർത്തിച്ചിരുന്നു. വളരെയധികം സ്വർണ്ണമെഡലുകളും അവാർഡുകളും ലഭിച്ചിട്ടുണ്ട്.

3. ശ്രീ. എ.ഹേമചന്ദ്രൻനായർ.I.P.S.

കുന്നുവിള, ഹരിഹര പുരം, ഇലകമൺ
ഡെപ്യൂട്ടികമ്മീഷണർ ഓഫ് പോലീസ തിരുവനന്ത പുരം.

4. ഡോ: ജി. ത്യാഗരാജക്കുറുപ്പ്

പടിഞ്ഞാറ്റുവിള, ഇലകമൺ
(കാർഷിക എൻജിനിയറിംഗ് സ്പെഷ്യലിസ്റ്റ്)
ശ്രീകാര്യം കേന്ദ്രകിഴങ്ങു വർഗ്ഗ ഗവേഷണകേന്ദ്രം ഡയറക്ടർ

5. ഡോ: എസ്. സുഗതൻ

തൊടിയിൽവീട്, ഇലകമൺ
കൊച്ചി യൂണിവേഴ്സിറ്റി കെമിസ്ട്രി പ്രൊഫസറായിരിക്കുന്നു.
(1992-ൽ സയൻസ് ആൻറ് ടെക്നോളജി അവാർഡ് കിട്ടിയിട്ടുണ്ട്.)

6. ശ്രീ. ജി. ബാലചന്ദ്രൻ

പടിഞ്ഞാറ്റുവിള, ഇലകമൺ
എഴുത്തുകാരൻ. 1991-ലെ എഴുകോൺ അവാർഡിന് അർഹനായി."മോചനം" എന്ന കൃതിയ്ക്കാണ് അവാർഡ് കിട്ടിയത്. ജഗ, നോർബോലിംഗ്, രശ്മി, സ്വാശ്രയം, കാട്ടുനീതി എന്നിവയാണ് മറ്റുകൃതികൾ.

7. [illegible]

കല്ലുവിള, കിഴക്കേപുറം, ഇലകമൺ
പൂന ഫിലിം ഇൻസ്റ്റിട്യൂട്ടിൽ നിന്നും ഡിപ്ലോമ നേടിയിട്ടുണ്ട്. സിനിമാസം വിധായകനും, ഡയറക്ടറുമായി പ്രവർത്തിക്കുന്നു. നുള്ളിനോവിക്കാതെ, വേട്ട, ഇവരെസൂക്ഷിക്കുക,എക്സ്ക്യൂസ്മീ ഏതുകോളേജിലാ- എന്നിവയാണ് പ്രധാന ചിത്രങ്ങൾ.

8. ഡോ: ഡി. പത്മലാൽ

വാഴക്കുഴിവീട്, വേങ്കോട്, ഇലകമൺ
ജിയോളജിയിൽ ഗവേഷണപരിചയം. പല ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

9. ഡോ: കെ. ശ്രീകുമാർ

ശ്രീഭവൻ, ഇലകമൺ
വിദ്യാഭ്യാസവിഷയങ്ങളിൽ ഗവേഷണ പരിചയം. ഹൈസ്ക്കൂൾ അദ്ധ്യാപകനായി ജോലി ചെയ്യുന്നു.

10. ആർ. കെ. ശശിധരർ

ശ്രീൻഹൗസ്, ഇലകമൺ.
ഈ ഗ്രാമപഞ്ചായത്തിലെ ആദ്യത്തെ കാർഷികബിരുദാനന്തരബിരുദധാരി. സസ്യരോഗങ്ങളിൽ പഠനം നടത്തിവരുന്നു. F.A.C.T. യിൽ നിന്നും 1969-ൽ പ്രശസ്തസേവനത്തിന് അവാർഡ് ലഭിച്ചിട്ടുണ്ട്.

ഒന്നാമത് രൂപം കൊണ്ട പഞ്ചായത്തിലെ പ്രസിഡൻറും അംഗങ്ങളും

പ്രസിഡൻറ്	-	ഡോ: കെ. വാസുദേവൻ
വൈസ്പ്രസിഡൻറ്	-	വി.എം. അബ്ദുൾഖാദർ
അംഗങ്ങൾ	1.	കെടാകുളം കരുണാകരൻ
	2.	കെ.ആർ. ഗോപാലപിള്ള
	3.	കെ. ഗോപാലൻ
	4.	എം. അച്ചുതൻപിള്ള
	5.	കെ. വിദ്യാധരൻ

രണ്ടാമത് പഞ്ചായത്ത് ഭരണസമിതി 1964 ജനുവരി 26-ാം തീയതി അധികാരത്തിൽ വന്നു. പ്രസിഡൻറ് ശ്രീ. എൻ. സദാനന്ദൻ ആയിരുന്നു. അതിനുശേഷം രൂപീകരിക്കപ്പെട്ട രണ്ടു പഞ്ചായത്തുകളിലും പ്രസിഡൻറായിരുന്നത് അദ്ദേഹം തന്നെയാണ്. ഈ പഞ്ചായത്ത് കമ്മി

റ്റിയുടെ കാലത്താണ് കൂടുതൽ വികസന പ്രവർത്തനങ്ങൾ ഇലകമൺ പഞ്ചായത്തിൽ നടന്നി ട്ടുള്ളത്. 1964 ജനുവരി മുതൽ 1995 സെപ്തംബർ വരെ പഞ്ചായത്തുപ്രസിഡൻറ് ശ്രീ. എൻ. സദാനന്ദൻ ആയിരുന്നു.

പഞ്ചായത്താഫീസ് കെട്ടിടം സ്ഥിതിചെയ്യുന്ന കാമ്പൗണ്ട് അബ്ദുൽ കരീം എന്ന വ്യക്തിയുടെ കൈവ ശമായിരുന്നു. അദ്ദേഹം അത് പഞ്ചായ ത്താഫീസിനുവേണ്ടി വിട്ടുകൊടുത്തു. 26.1.67 ൽ പുതിയ പഞ്ചായത്തുകെട്ടിടത്തിന് തറക്കല്ലിട്ടു. 1968-ൽ കെട്ടിടം പൂർത്തിയായി. അന്നത്തെപഞ്ചായത്ത് വകുപ്പ്മന്ത്രിയായിരുന്ന ശ്രീ.അവുക്കാദർകുട്ടിനഹയാണ് .കെട്ടിടം ഉത്ഘാടനം ചെയ്തത്. 1978-ലെ വെള്ളപ്പൊക്കത്തിൽ നാശനഷ്ടം സംഭവിച്ചതിനാൽ കുറച്ചുകാലം വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ച് വീണ്ടും അറ്റകുറ്റപ്പണികൾ നടത്തി സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഇപ്പോൾ പഞ്ചായത്താഫീസിനായി ഒരു ഇരുനിലകെട്ടിടം നിർമ്മിതികേന്ദ്രം പണിതു കൊണ്ടിരിക്കുന്നു.

പണിതീർന്നുകൊണ്ടിരിക്കുന്ന ഗ്രാമപഞ്ചായത്ത് കെട്ടിടം



സാമൂഹിക സാംസ്ക്കാരിക ചരിത്രപശ്ചാത്തലം

തിരുവനന്തപുരം ജില്ലയിൽ വടക്കു പടിഞ്ഞാറേ അതിർത്തിയിൽ കിടക്കുന്ന ഒരു ഗ്രാമമാണ് ഇലകമൺ. ഇലകമൺ പഞ്ചാ യത്തിന്റെ ചരിത്രം അയിരൂർ (ഐരൂർ) നിന്നാരംഭിക്കുന്നു. അഞ്ചു മൂർത്തികളായ ശ്രീകൃഷ്ണൻ, ശിവൻ, ശാസ്താവ്, ഗണപതി, മുരുകൻ എന്നിവർ ലോകം ചുറ്റി സഞ്ചരിച്ച് ക്ഷീണിച്ച് ഇവിടെ എത്തി. സസ്യശ്യാമള ശീതളമായ, സോപാന സദൃശ്യമായ ഈ ചെറുകുന്നിൻ പ്രദേ ശത്തെ തഴുകി ഒഴുകുന്ന ആറും ആറിൻ തീരവും, പടിഞ്ഞാറുനിന്നുള്ള കാറ്റും ഇവരെ വല്ലാതാകർഷിച്ചു. അങ്ങനെ ഈ ഐവർ വസിച്ച സ്ഥലമായതുകൊണ്ട് ഐരൂർ എന്ന സ്ഥലനാമമുണ്ടായി എന്നാണ് ഐതിഹ്യം. സമീപ പ്രദേശത്തുകാണുന്ന നെൽ വയലുകൾ ഊമൻപിള്ളി അകവൂർ മഠ ക്കാർക്കായിരുന്നു. ഇവർക്കായിരുന്നു ക്ഷേ ത്രഭരണമെന്നും പറയപ്പെടുന്നു. ക്ഷേത്രം ഇപ്പോൾ ദേവസ്വം ബോർഡിന്റെ കീഴിലാ ണ്. ഈ ക്ഷേത്ര ത്തിൽ അഞ്ചു മൂർത്തികൾ വാഴുന്നതിനാൽ ആഞ്ചു മൂർത്തി ക്ഷേത്ര മെന്നറിയപ്പെടുന്നു.

ഇലകമൺ മാധവപുരത്ത് ദിവംഗ ദനായ ശ്രീ. അച്ചുതക്കുറുപ്പ് ശാസ്ത്രികൾ "മാതൃഭൂമി" (ദേശീയ സങ്കടങ്ങൾ) എന്ന പുസ്തകത്തിൽ "ഇലകമൺ ചിറകര റോഡ് നന്നാക്കിയാൽ അയിരൂർകല്ലണ പുതുക്കി ക്കെട്ടാമെന്ന് പ്രജാസഭയിൽവച്ച് ദിവാൻജി അവർ കളും പറഞ്ഞിരിക്കുന്നു" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ആവശ്യം പ്രജാസഭയിൽ ഉന്നയിച്ചത് ഈഞ്ചയിൽ കൃഷ്ണക്കുറുപ്പ് എന്നദ്ദേഹമായിരുന്നു. ഇതിന്റെ പിന്നിൽ ശ്രീ. അച്ചുതക്കുറുപ്പ് ശാസ്ത്രികളുടെ പ്രേരണ ഉണ്ടായിരുന്നു. അങ്ങനെ കൊല്ലവർഷം 1106-ൽ ഐരൂർ പാലം പൂർത്തിയായി. 1978 നവംബറിലെ പേമാരിയിലുണ്ടായ വെള്ളപ്പൊക്കത്തിൽ ഈ പാല ത്തിന്റെ ഇരുവശത്തുമുള്ള റോഡുകൾ ഒലിച്ചു പോയി. ആറുമാസം കഴിഞ്ഞ് അത് റിപ്പയർ ചെയ്തു.

മുകിലന്മാരുടെ പടയോട്ടക്കാലത്ത് സൈന്യം താവള മടിച്ച സ്ഥലത്തിന് പാളയംകുന്ന് എന്ന പേരുകിട്ടി. പാളയം കുന്നിൽ താവളമടിച്ച് ആക്രമണത്തിന് തയ്യാ റായി. അതിനടുത്തുള്ള കടവിൻകര ക്ഷേത്രക്കാ വിലുള്ള വലിയ മരത്തിൽ കടന്നൽക്കൂട്ടങ്ങൾ കൂടു കെട്ടിയിരുന്നു. യുദ്ധത്തിന്റെ കാഹളംവിളി മുഴങ്ങി. അക്കരെ മുകിലൻമാരും ഇക്കരെ നമ്മുടെ പടയാളികളും ഉത്കണ്ഠനിറഞ്ഞ നിമിഷ ങ്ങൾ! പെട്ടെന്ന് കാവിനുള്ളിലെ മരത്തി ലുണ്ടായിരുന്ന കടന്നൽകൂട്ടിൽ അമ്പുകൾ തുരുതുരാ പായിച്ചു. കൂട്ടത്തോടെ കടന്നലുകൾ മുകിലസേനകളെ ആക്ര മിക്കാൻ തുടങ്ങി. കടന്നൽകുത്തു

സഹിക്കാൻകഴിയാതെ സേനകൾ നാലുപാടും പലായനം ചെയ്തു. നമ്മുടെ സേനകൾ മുന്നേറി. ശത്രുക്കൾ തോറ്റു പിൻതിരിഞ്ഞോടി. (പുസ്തകം മാതൃഭൂമി പേജ് 33)

1905-ൽ ഇലകമണിൽ ഒരു വൈദ്യശാലയും അഞ്ചലാഫീസും സ്ഥാപിതമായി.

പണ്ടത്തെ ദേശിങ്ങ നാടിനേയും വേണാടിനേയും വേർതിരിച്ചിരുന്ന അതിർത്തി ഇലകമൺ പ്രദേശമായിരുന്നു. ചാവർ കാവിനടുത്ത് അടുത്തകാലം വരെ ഗുഹകൾ കണ്ടെത്തിയിരുന്നു. തുരുമ്പെടുത്തിരുന്ന ആയുധങ്ങളും മനുഷ്യവാസമുണ്ടായിരുന്ന ലക്ഷണങ്ങളും ഇവിടെ കാണാം. പഞ്ചപാണ്ഡവൻമാർ അജ്ഞാതവാസക്കാലത്ത് താമസിച്ചിരുന്ന സ്ഥലമായതുകൊണ്ട് "പാണിൽ" എന്ന പേരിൽ അറിയപ്പെടുന്നു. ഇന്നത്തെ കൊല്ലൻറഴികം ആണ് ആയുധമുണ്ടാക്കുവാൻ വേണ്ടി കൊല്ലൻമാർ താമസിച്ചിരുന്ന സ്ഥലമായിരുന്നു എന്നുമാണ് ഐതിഹ്യം. ഇലവും മൂട്ടിൽ ഒരു ശാസ്താക്ഷേത്രമുണ്ട്. കടവിൻകര ഭഗവതി ക്ഷേത്രത്തിൽ നിന്നും എഴുന്നള്ളത്തു വരുന്നത് ഈ ക്ഷേത്രനടയിലാണ്.

മാവേലിക്കര കൊട്ടാരത്തിലുള്ള 750-ലെ ചെമ്പു പട്ടയത്തിൽ ഈ ക്ഷേത്രമാഹാത്മ്യത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. (ദേശീയ സങ്കടങ്ങളിൽ പറഞ്ഞിരിക്കുന്നു.)

"ഗാത്രത്തിനാഹാരമാവശ്യമത്രേ
യതത്രകിട്ടാൻ കൃഷിയാണുപായം"(ദേശീയ സങ്കടങ്ങൾ)

ഐരൂർ ആറ് ഇടവനടയറക്കായലിൽ പതിക്കുന്നു. തിരുവിതാംകൂർ രാജകുടുംബം ജലയാത്രക്കായി ഉപയോഗിച്ചിരുന്നത് ഈ കായലാണ്. പണ്ട് വാഹനങ്ങൾ കൂറവായതിനാൽ ജലഗതാഗതത്തിനായി ഉപയോഗിച്ചിരുന്നത് വർക്കല തുരപ്പും കായലും അതിനോടുചേർന്ന തോടുകളുമായിരുന്നു.

കായലിനു തീരത്തായി വിസ്തൃതമായ കായൽപുറം പ്രദേശം സ്ഥിതിചെയ്യുന്നു. ഇവിടെനിന്നാൽ കായലിനുപുറമേ അറബിക്കടലും കാണാൻ സാധിക്കും. ഈ കായലിനു സമീപത്താണ് സുപ്രസിദ്ധമായ അയിരൂർ സെൻറ്തോമസ് ചർച്ച് സ്ഥിതിചെയ്യുന്നത്. വലിയ ഒരു ടൂറിസ്റ്റുകേന്ദ്രമാക്കാൻ ഈ പ്രദേശം അനുയോജ്യമാണ്. വർക്കല-കൊല്ലം റോഡിൽ അയിരൂർ വഴി നാലു കിലോമീറ്റർ ദൂരക്കുറവാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ഇലമം എന്നാണ് പണ്ട് ഇലകമണിന്റെ പേര്. ഏലാകൾ, കുളങ്ങൾ, തോടുകൾ, പീഠഭൂമികൾ, കുന്നിൻ ചരുവുകൾ, താഴ്വരകൾ, കളരിത്തറകൾ ഇവ ധാരാളം ഉണ്ടായിരുന്നു ഈ അനുഗ്രഹീത ഭൂമിയിൽ.

"യോജിച്ച മണ്ണുണ്ട്, ജനം മടുപ്പൂ
ദാരിദ്ര്യമേറ്റം സ്ഥിരമായ് വരിപ്പൂ"
(ദേശീയസങ്കടങ്ങൾ)

അയിരൂരിൽ നിന്നും ചിറക്കര റോഡുവെട്ടിയതു 1926-ൽ പൊതുജനപങ്കാളിത്തത്തോടെയായിരുന്നു.

അന്നുമുതൽ തന്നെ ഈ പഞ്ചായത്തിൽ ജനകീയ പങ്കാളിത്തം ഉണ്ടായിരുന്നതായി ചരിത്ര രേഖകൾ സൂചിപ്പിക്കുന്നു. ഈ റോഡിനാവശ്യമായ ഭൂമിയും ജനങ്ങൾ തന്നെ നൽകി. ഇതിനു പ്രധാനമായും നേതൃത്വംനൽകിയത് ഇലകമൺ മാധവപുരത്ത് ശ്രീ.അച്ചുതക്കുറുപ്പ് ശാസ്ത്രികളായിരുന്നു.

പണ്ടുകാലത്ത് യുദ്ധത്തിന് പരിശീലനം ലഭിച്ച യോദ്ധാക്കളെ കൊടുത്തിരുന്നത് ഇലകമണിലെ മാടമ്പി മാരായിരുന്നു. കളരിക്കൽ, മേച്ചേരി എന്നീ വീടുകൾ ഇപ്പോഴും സ്ഥിതി ചെയ്യുന്നു.

അന്നത്തെ പല്ലക്കുചുമട്ടുകാർ "കുറാൻമാർ" എന്നൊരുവർഗ്ഗക്കാരായിരുന്നു. കുറാൻ പുരയിടം, പണിക്കല ഴികം എന്നീ വീടുകളും ഇപ്പോഴുമുണ്ട്.

ഇൻഡ്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ വ്യക്തി മുദ്രപതിപ്പിച്ച പല സ്വാതന്ത്ര്യ സമരസേനാനികളും ഈ പഞ്ചായത്തിൽ ജീവിച്ചിരിപ്പുണ്ട്. പലരും മൺ മറഞ്ഞുപോയി. മുൻതലമുറക്കാരായ രാജ്യ സ്നേഹികളെ ആദരപൂർവ്വം സ്മരിക്കുവാൻ ഈ അവസരം വിനിയോഗിക്കുന്നു.

പ്രജാസഭകൾ മാറി പഞ്ചായത്തുകൾ നിലവിൽ വന്നു. ഈ പഞ്ചായത്തിന്റെ സാരഥികളായിരുന്ന പലരേയും സ്നേഹപൂർവ്വം ഓർമ്മിക്കുവാൻ ഈ അവസരം വിനിയോഗിക്കുന്നു. ഈ പഞ്ചായത്തിനെ പുരോഗതിയിലേക്കു നയിക്കുവാൻ അവരുടെ വ്യക്തിജീവിതം വളരെയധികം ചിലവഴിച്ചിട്ടുണ്ട്.

ഇലകമൺ പഞ്ചായത്ത് രൂപം കൊണ്ടശേഷം വാർഡു വിഭജനത്തിൽ പല മാറ്റങ്ങളും ഉണ്ടായിട്ടുണ്ട്. കൂടെക്കൂടെയുള്ള വാർഡുവിഭജനം പല അസൗകര്യങ്ങൾക്കും കാരണമായി. സ്ഥിതിവിവരക്കണക്ക് ശേഖരിക്കുവാൻ ഈ മാറ്റം ബുദ്ധിമുട്ടുണ്ടാക്കുന്നു. ഓരോ വാർഡുകളുടേയും പേരിൽ അറിയപ്പെടുന്നസ്ഥലം പൂർണ്ണമായും അതാതു വാർഡിൽ ഉൾപ്പെടുത്തുന്നത് നല്ലതാണ്.

ജാതിക്കും അനാചാരങ്ങൾക്കും എതിരായി പല പ്രവർത്തനങ്ങളും സാമൂഹിക സാംസ്ക്കാരിക സംഘടനകൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. എങ്കിലും വിചാരിച്ചരീതിയിൽ എത്തിയിട്ടില്ല.. തൊഴിൽ ക്ഷേമകരങ്ങളായ പല പരിപാടികളും ഇതോടൊപ്പം ചേർത്തിട്ടുള്ളത് പിന്നോക്കം നിൽക്കുന്ന വിഭാഗത്തെ സഹായിക്കുവാനാണ്.

ട്രേഡ്യൂണിയൻ, ഗ്രൂപ്പ് ഫാമിംഗ്, കേരവികസന സമിതി, കർഷകസംഘങ്ങൾ മുതലായവ പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്വന്തമായി നിലനിൽക്കാൻതക്ക സാമ്പത്തിക ഭദ്രത പല സംഘങ്ങൾക്കും ഇല്ല. സർക്കാരിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ സഹായിക്കുന്ന ഘടകങ്ങളായി പല സമിതികളും സംഘടനകളും പ്രവർത്തിക്കുന്നു. ഇവ രാഷ്ട്രീയവൽക്കരിക്കപ്പെടുന്നതു കൊണ്ട് സ്വജന പക്ഷപാതം ഉടലെടുക്കുകയും സഹകരണമനോഭാവം നഷ്ടമാവുകയും ചെയ്യുന്നു.

അടുത്തതായി ഭൂവുടമബന്ധങ്ങളിൽ വന്ന മാറ്റമാണ്. മുൻകാലങ്ങളിൽ കൂട്ടു കുടുംബം നിലനിന്നിരുന്നപ്പോൾ കാരണവന്മാരുടെ പേരിലായിരുന്നു സ്വത്തുക്കൾ. പിൽക്കാലത്ത് ഈ നിലമാറി ഓരോരുത്തരും ചെറുകുടുംബങ്ങളായിത്തീർന്നു. സ്വത്തുക്കൾ ഭാഗം വയ്ക്കുകയും കൃഷിസ്ഥലങ്ങൾ തുണ്ടുകളാക്കപ്പെടുകയും ചെയ്തു. മുമ്പ് മുഖ്യതൊഴിൽ കൃഷിയായിരുന്നെങ്കിൽ ഇന്ന് പലർക്കും കൃഷി ഒരു ഉപത്തൊഴിൽ മാത്രമാണ്. ഒരു ഉദ്യോഗസ്ഥന് മുഴുവൻ സമയവും കൃഷിയിൽ ശ്രദ്ധ കേന്ദ്രീകരിക്കാനാവില്ല. അപ്പോൾ അതിനനുസരിച്ച് കൃഷിപ്പണികളിൽ മറ്റുള്ള വരെ ചുമതലപ്പെടുത്തേണ്ടിവരും.

പ്രൈവറ്റ് തലത്തിലും ഗവൺമെൻറ്തലത്തിലും സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇലകമൺ പഞ്ചായത്തിൽ കോളേജു വിദ്യാഭ്യാസസൗകര്യം കുറവാണ്. ഒരു സ്വാശ്രയകോളേജു പ്രവർത്തിക്കുന്നുണ്ടെങ്കിലും അവിടെ പ്രവേശനം കിട്ടുക വളരെ പ്രയാസമാണ് ഒരു സകൂളും ഇലാത്ത രണ്ടു വാർഡുകളുണ്ട്. (V & VII)

ആരോഗ്യരംഗത്ത് വളരെ മാറ്റങ്ങളുണ്ടായിട്ടും ഗവൺമെൻറുടമയിലുള്ള നല്ലൊരു ആശുപത്രിയുടെ അഭാവം ഉണ്ട്. ഒരു P.H. സെൻറർ ഉള്ളത് പഞ്ചായത്തിൻെറ ഒരരികിലാണ്. അതിൻെറ പ്രവർത്തനം വളരെ ശോചനീയമാണ്. ഇവിടെ അനുവദിച്ചിട്ടുള്ള സബ് സെൻററുകൾക്ക് ഒന്നിനുപോലും കെട്ടിടങ്ങളില്ല. പൊതു ജനാരോഗ്യപ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാന പ്പെട്ട മാതൃശിശു സംരക്ഷണം, രോഗപ്രധിരോധം എന്നിവ ഈ പഞ്ചായത്തിൽ കാര്യമായി നടക്കുന്നില്ല. എല്ലാം വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 1962-ൽ അന്നത്തെ കേരളാ ഗവർണ്ണറായിരുന്ന ശ്രീ. V.V.ഗിരിയാണ് തോണിപ്പാറ ആശുപത്രി ഉദ്ഘാടനം ചെയ്തത്. അന്ന് 10 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം അവിടെ ഉണ്ടായിരുന്നു. 1987-ലാണ് അതൊരു P.H.സെൻററാക്കി മാറ്റി. പഞ്ചായത്തിൻെറ മധ്യഭാഗത്തായി നല്ലൊരു ആശുപത്രി വരേണ്ടത് അത്യാവശ്യമാണ്. ഒരു ആയൂർവ്വേദാശുപത്രിയും ഒരു ഹോമിയോ ആശുപത്രിയും ഗവൺമെൻറുടമയിലുണ്ട്.

കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഒരു വാട്ടർ സപ്ലൈ സ്കീം പ്രവർത്തിക്കുന്നു പഞ്ചായത്തിലെ 8 വാർഡുകളിൽ നാമമാത്രമായി മാത്രമേ ജലവിതരണം നടത്താൻ സാധിക്കുന്നുള്ളൂ. 1989-ൽ അന്നത്തെ ജല സേചനമന്ത്രിയായിരുന്നു, ശ്രീ.ബേബിജോൺ ആണ് ആ സ്കീം ഉദ്ഘാടനം ചെയ്തത്. കുഴൽക്കിണറുകൾ കുഴിച്ചും മറ്റു സ്കീമുകൾ നടപ്പാക്കിയും കുടി വെള്ളക്ഷാമം പരിഹരിക്കാം. സമയാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തേണ്ടതാണ്.

പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ഒരു പാർപ്പിട ഉണ്ടാക്കുവാനുള്ള ചെലവ് വളരെയധികം വർദ്ധിച്ചിരിക്കുന്നു. സാധാരണക്കാരന് ഒരു പാർപ്പിടം ഉണ്ടാക്കണമെങ്കിൽ അവൻെറ ആയുഷ്ക്കാലത്തിൻെറ പകുതിവരവും

അതിനായി ഉപയോഗിക്കേണ്ട സ്ഥിതിയാണ് ഉള്ളത്. ഗൾഫ് രാജ്യങ്ങളിൽ തൊഴിലുള്ളവർക്ക് നല്ല രീതിയിലുള്ള പാർപ്പിടം ഉണ്ടാക്കുവാൻ കഴിയുന്നു എന്നു മാത്രം. ദാരിദ്ര്യരേഖയക്കു താഴെയുള്ള അനേകം പേർക്കു പാർപ്പിടമില്ല. ഭൂമിയുടെ ലഭ്യത ഒരു പ്രശ്നമാണ്.

ഗതാഗതസൗകര്യങ്ങൾ ഈ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും വേണ്ടത്ര ഇല്ല. ടാർറോഡുകൾ പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയാണ്. ഭീമമായ തുക റോഡു നന്നാക്കുന്നതിന് വേണ്ടിവരും. P.W.D. റോഡുകൾ നാശമായി കിടക്കുകയാണ്. റോഡുകളുടെ നിർമ്മാണത്തിൽ ഗുണമേന്മ കുറയുന്നതിനാൽ വേഗം റിപ്പയർ ചെയ്യേണ്ടിവരുന്നു. മഴയത്ത് റോഡിന്റെ വശങ്ങളിൽ നിന്നും മണ്ണൊലിച്ച് പോകുന്നു. ടാറു ഭാഗം അവശേഷിക്കുന്നു. ഇത് അപകടങ്ങൾക്ക് കാരണമാകുന്നു. ഗ്രാമീണ റോഡുകൾക്ക് ആവശ്യത്തിന് വീതിയില്ല. അതിനാൽ റോഡുകൾ ആവശ്യമായ വീതിയിൽ ടാർ ചെയ്യണം. ചരിഞ്ഞ പ്രദേശമായതിനാലാണ് റോഡിനു ഇത്രയും ശോച്യാവസ്ഥ ഉണ്ടാകാൻ കാരണം. ഇതുകണക്കാക്കി യഥാസമയം അറ്റകുറ്റപ്പണികൾ നടത്താനുള്ള അടിയന്തിരമായ നടപടികൾ സ്വീകരിക്കണം. സർവ്വീസ് ബസ്സുകളുടെ ലഭ്യത കുറവാണ്. ഗവൺമെൻറിൽ നിന്നും കൂടുതൽ ബസ്സുകൾ പുതിയ റൂട്ടുകളിൽ ഓടിക്കേണ്ടതാണ്.

സാമൂഹിക സാംസ്ക്കാരിക രംഗത്ത് മാറ്റങ്ങൾ ഉണ്ടായിട്ടും ഈ പഞ്ചായത്തിലെ കാർഷികവ്യവസായിക മേഖലകൾ മുരടിച്ചുനിൽക്കുന്നു. തന്മൂലം രൂക്ഷമായ തൊഴിലില്ലായ്മ അനുഭവപ്പെടുന്ന ഒരു ദേശമാണ് ഇലകമൺ പഞ്ചായത്ത്. അതിനാൽ അടിയന്തിരമായി വിവിധ മേഖലകളിൽ തൊഴിൽ ദാന പദ്ധതികൾ തുടങ്ങേണ്ടിയിരിക്കുന്നു. സ്ത്രീധന പ്രശ്നവും വർദ്ധിച്ച വിവാഹ ചിലവുകളും സാധാരണക്കാരനെ അലട്ടുന്ന വെല്ലുവിളിയാണ്. ഈ മേഖലയിൽ ചെലവുചുരുക്കലും ആർഭാടം കുറയ്ക്കലും ഒരു പരിഹാരമാർഗ്ഗമാണ്.



"കായൽപുറം ടൂറിസ്റ്റുകേന്ദ്രമാക്കണം"

പഠന പര്യടനം

ഇലകമൺ ഗ്രാമപഞ്ചായത്ത് ജനകീയ ആസൂത്രണ പരിപാടിയുടെ ഭാഗമായി നടത്തിയ പഠനപര്യടനം 18.11.96 രാവിലെ തോണിപ്പാറ ആശുപത്രി ജംഗ്ഷനിൽ വച്ച് വർക്കല ബ്ലോക്ക് പ്രസിഡൻറ് ശ്രീമതി. ഷൈലജാവാരിജാക്ഷൻ ഉത്ഘാടനം ചെയ്തു. അന്നുതന്നെ ഇലകമൺ, പാളയംകുന്ന്, ചാവർകോട് ഭാഗങ്ങളിലെ പഠന പര്യടനത്തിന് പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. എം. കാമിൽ നേതൃത്വം നൽകി. കൺവീനർ ശ്രീ. ആർ.കെ. ശശിധരൻ, വൈഃ പ്രസിഡൻറ് എൻ. പത്മാക്ഷി, ആർ. ലളിതാഭായി, അബ്ദുൽ അസ്സീസ്, എൻ. മിത്രൻ, എൻ. ഭാസ്ക്കരൻ, കെ. ഹരിദാസൻ, ജോസഫ്, R.K.വാസുദേവൻ, ത്യാഗരാജൻ, എം. സദാനന്ദൻ, വാരിജാക്ഷൻ, വസന്തസോമരാജൻ, കെ. ഗോപിനാഥൻ, സി. സുരേഷ്, സഞ്ജുരാജ്, സിറിൾപ്രസാദ്, ജി.രാജൻ, കെ. സദാനന്ദൻ, ആർ.കെ. അശോക്കുമാർ, എ.കെ. അൻവർനഹാസ്, വിശ്വനാഥൻ, ജനാർദ്ദനൻ, എ.എം. കുമാരൻ, വാർഡുമെമ്പർമാരായ ബി.എസ്. ജോസ്, സുഷമാദേവി, പി. ഷാജികുമാർ, വി. ദേവദാസ്, അമ്മിണിചെല്ലപ്പൻ, ശശിലേഖ, വി. പ്രകാശ് മുതലായവർ വിവിധ പ്രദേശങ്ങളിലെ പഠന പര്യടനത്തിന് നേതൃത്വം നൽകി. ഹരിഹരപുരം, കെടാകുളം, പുതുവൽമുക്ക്, ഇലകമൺ സ്ക്കൂൾ, പാണിൽവട്ടം, ചാവർക്കോട്, വേടർക്കുന്ന്, കടവിൻകര, ശാസ്താം നട, ചിറ്റാറ്റ ക്ഷേത്രം, ജനതാമുക്ക്, അയിരൂർ, പാളയംകുന്ന്, കിഴക്കേപ്പുറം മുതലായ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പഠനപര്യടനം പൂർത്തിയാക്കി.

മൺതരങ്ങൾ, ജലലഭ്യത, ഭൂഗർഭജലം, നീരുറവകൾ, തോടുകൾ, കുളങ്ങൾ, കിണറുകളുടെആഴം, കൃഷിയിനങ്ങൾ, നീർവാർച്ചാ സൗകര്യങ്ങൾ, കുന്നിൻചരുവുകൾ, റോഡുകളുടെ ശോച്യാവസ്ഥ, വൈദ്യുതിലഭ്യത, ലക്ഷംവീട്കോളനിപ്രശ്നങ്ങൾ, പാർപ്പിടം, ആരോഗ്യം, പരിസ്ഥിതി പ്രശ്നങ്ങൾ, വ്യവസായസാധ്യതകൾ, വനിതകളുടെ പ്രശ്നങ്ങൾ, മറ്റു സാംസ്ക്കാരിക സാമൂഹിക പ്രശ്നങ്ങൾ, മുതലായവയെപ്പറ്റി പഠനംനടത്തി പ്രശ്നങ്ങളും സാധ്യതകളും വിലയിരുത്തി അതിൻെറ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

<u>ഭൂപ്രകൃതി:-</u> കുന്നിൻമുകളും, താഴ്വരകളും, ചരിവുകളും നിറഞ്ഞതാണ് ഈ പഞ്ചായത്ത് പ്രദേശം. ചെറിയ നീർമറി പ്രദേശങ്ങൾ (വാട്ടർഷെഡ്) ഉൾപ്പെടുന്ന വലിയ ഒരു നീർമറിപ്രദേശം എന്ന് അക്ഷരാർത്ഥത്തിൽ പറയാവുന്ന പ്രദേശം. കിഴക്കുനിന്ന് പടിഞ്ഞാറോട്ടും, വടക്കുനിന്ന് തെക്കോട്ടും, പടിഞ്ഞാറുനിന്ന് കിഴക്കോട്ടും ഒക്കെ ചരിഞ്ഞു കിടക്കുന്ന കുന്നിൻപ്രദേശങ്ങൾ. കുന്നുകളുടെ അടിവാരത്തിൽ നിന്നും ഉൽഭവിക്കുന്ന അരുവികൾ, തോടുകളായി നെൽപ്പാടങ്ങളെ സംരക്ഷിക്കുന്നു. പാളയംകുന്ന്, പാണിൽവട്ടം, റബ്ബർവിള, കളത്തറ, തേരിക്കൽകുന്ന്, വേടർകുന്ന്, പറയൻെറകുന്ന്, അയന്തിയിൽ, പള്ളിതൊടി, ഹരിഹരപുരം

മുതലായവ കുന്നിൻ പ്രദേശങ്ങളിൽ ചിലതു മാത്രം. ഇത്രയും അനുയോജ്യമായ നീർമറി പ്രദേശം കൃഷിവകുപ്പിന്റെ ശ്രദ്ധയിൽപ്പെ ട്ടില്ല എന്നത് ചിന്തിക്കേണ്ടകാര്യമാണ്.

<u>മണ്ണ്:-</u> ചരൽകലർന്നമണ്ണും, ചെമ്മണ്ണും, വെട്ടുകൽപ്രദേശവും, അടങ്ങിയ കരപ്രദേ ശവും, മണൽകലർന്ന കളിമണ്ണും ഏലാ കളിലും കാണുന്നു.

<u>കാലാവസ്ഥ:-</u> മഴക്കാലം, വേനൽക്കാലം, മഞ്ഞുകാലം ഇവ അനുഭവപ്പെടുന്നു. ജൂൺ -ജൂലായ് മുതൽ സെപ്തംബർ-ഒക്ടോബർ വരെ മഴകിട്ടുന്നു. ഇടവപ്പാതിയിൽ തുലാ വർഷവും കിട്ടുന്നു. മഴയുടെ അളവ് ഇപ്പോൾ കുറഞ്ഞുവരുന്നു. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ താരതമ്യേന ചൂട് കൂടു തലായികാണുന്നു. നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ മഞ്ഞുകാലം അനു ഭവപ്പെടും.

<u>ജലലഭ്യത:-</u> അയിരൂർ ആറും 13 കുളങ്ങളും 5 പ്രധാനപ്പെട്ട തോടുകളും, കൈത്തോടു കളും ഈ പഞ്ചായത്തിവുണ്ട്. പതിന ഞ്ചോ ളം നീരുറവകൾ കാണാം. ഇവയൊക്കെ ഒഴു കി ആറ്റിലും കായലിലും പതിക്കുന്നു, കുള ങ്ങൾക്കും, തോടുകൾക്കും ഉചിതമായ അറ്റ കുറ്റപ്പണികൾ നടത്താത്തതുകൊണ്ടും കൃഷിക്ക് വെള്ളം കൊണ്ടുപോകുവാൻ തട യണകൾ ഇല്ലാത്തതും ഒരു പരാധീനതയാ ണ്. കുഴൽക്കിണറുകളുടെ സാധ്യത പല സ്ഥലത്തും പരിശോധിക്കേണ്ടതാണ്.

<u>ഭൂവിനിയോഗം:-</u> 4385 (1754 ഹെ.) ഏക്കർ ഭൂമിയാണ് പഞ്ചായത്തിലുള്ളത്. 3224 (1289 ഹെ.) ഏക്കർ പുരയിടവും 669 (267.6 ഹെ.) ഏക്കർ നിലവും 491ഏക്കർ പുറമ്പോക്കും ആണുള്ളത്. നിലങ്ങൾ നിക ത്തിക്കൊണ്ടിരിക്കുന്നു.

<u>പ്രധാനവിളകൾ:-</u> തെങ്ങ്, നെല്ല്, മരച്ചീനി, വാഴ, മറ്റ് ഇടവിളകൾ മുതലായവയാണ് മു ഖ്യം. കുരുമുളക്, റബ്ബർ, കശുമാവ്, കൊ ക്കോ മുതലായവയും കൃഷിചെയ്യുന്നു. നെ ൽക്കൃഷിക്ക് താൽപ്പര്യം കുറഞ്ഞുവരുന്ന സ്ഥിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അൽ പ്പമായി പച്ചക്ക കൃഷിയും ഉണ്ട്.

ജൈവപ്രകൃതി

കാവുകൾ:-

അഞ്ചുമൂർത്തികാവ്, ചാവരുകാവ് ഇടയിലകാവ്, വലിയവീട്ടിൽകാവ് തെങ്ങുവിളകാവ്, ശാസ്താംനടകാവ്, പൈങ്കുളംകാവ്, ഹരിഹരപുരം അഞ്ചുമൂർത്തികാവ് മാടൻനടക്കാവ്,ആയിരവില്ലിക്കാവ്

പട്ടിക- 1

കാവുകളിൽ കാണുന്ന ജൈവവൈവിദ്ധ്യങ്ങൾ

അരയാല്, ചിറ്റമൃത് പേരാല്, നന്നാറി ചന്ദനം, കുവളം, ആനച്ചുവടി ഏഴിലംപാല, നിലംപന കരിമ്പന, ഗരുഡക്കൊടി കുടകപ്പാല, ഈശ്വരമൂലി അകിൽകാട്ട്തിപ്പലി, കാഞ്ഞിരം അടപതിയൻ, മഞ്ഞണാത്തി എലിചെവി, പുല്ലാഞ്ഞി

കുടങ്ങൾ, ശതാവരി
നന്ത്യാർവട്ടം, സർപ്പഗന്ധി
കറുക, ആഞ്ഞിലി
ഈഞ്ചവള്ളി, മാരോട്ടി,പാഞ്ചി

പട്ടിക- 2

കാവുകളിൽ കാണുന്ന പക്ഷിസമ്പത്ത് ശ്രദ്ധേയമാണ്.

ദേശാടനപക്ഷികൾ, കൊക്ക്, വവ്വാൽ, കുരുവികൾ, തേൻ, കിളികൾ, മഞ്ഞക്കിളി, തത്ത, ഓലയിൽഞാലി, ചിത്തിരക്കിളി, മണ്ണാത്തിക്കിളി, കുയിൽ മുതലായവയും നമ്മുടെ കാവുകളിൽ ഇപ്പോഴും കാണാം.

വിവിധയിനം കീടങ്ങളുടെ പുഴുക്കളെ നശിപ്പിക്കുന്ന മരംകൊത്തി, തത്ത, കടുവാ ചിലന്തി, ഓന്ത്, പല്ലി, കടന്നൽ, അരണ മുതലായവയും നമ്മുടെ പരിസ്ഥിതികാവൽക്കാരാണ്.

ഹിന്ദുമതത്തിന് മുൻതൂക്കമുള്ള നമ്മുടെ ഗ്രാമപഞ്ചായത്തിൽ നാനാജാതിമതസ്ഥരായ ആൾക്കാരുടെ ആരാധനാലയങ്ങൾ ഉണ്ട്. ക്ഷേത്രങ്ങൾ, ക്രിസ്ത്യൻപള്ളികൾ, മുസ്ലീം പള്ളികൾ എന്നിവ മതമൈത്രിയുടെ ഉദാഹരണങ്ങളാണ്.

കാർഷികമേഖലയിൽ സ്വയം പര്യാപ്തത ആർജ്ജിച്ചതായിരുന്ന ഈ ഗ്രാമം നെല്ല്, തെങ്ങ്, മരച്ചീനി, വാഴ, ചേമ്പ്, ചേന, ഉഴുന്ന്, ചെറുപയർ, എള്ള്, കൂവരക്, മുതിര തുടങ്ങിയ കാർഷികവിഭവങ്ങൾ സമൃദ്ധിയോടെ ഈ മണ്ണിൽ വളർന്നിരുന്നു.

കാലാകാലങ്ങളിൽ കാലാവസ്ഥക്ക് വന്ന മാറ്റവും പദ്ധതിളുടെ വ്യതിയാനവും ജനസംഖ്യാവർദ്ധനവും ഗ്രാമീണ ജീവിതത്തിന്റെ താളം തെറ്റിച്ചിരിക്കുന്നു. ഈ മുഹൂർത്തത്തിലാണ് ഉയർത്തെഴിന്നേൽപ്പിന്റെ കാഹളവുമായി 9-ാം പദ്ധതി ജനകീയ പദ്ധതിയായി നമ്മുടെ മുന്നിൽ വന്നത്. ഇതിന്റെ സന്ദേശം ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചെങ്കിൽ മാത്രമേ പുതിയ ഉണർവ്വിന്റെ പ്രത്യാശകൾ നമുക്കനുഭവപ്പെടുകയുള്ളൂ. ഇരു കൈകളും നീട്ടി നമുക്കീ പദ്ധതിയെ സ്വാഗതം ചെയ്യാം.

ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് ഇലകമൺ പഞ്ചായത്തിനെ മുഖ്യമായും നാലായി തരം തിരിക്കാം

1. ഉയർന്ന കുന്നിൻ പ്രദേശങ്ങൾ
2 .ചരിവ് പ്രദേശങ്ങൾ
3. താഴ്വരകൾ
4. നിലങ്ങൾ

ഇവ ഓരോന്നിനേറയും വിസ്തൃതി ചുവടെ കൊടുക്കുന്നു.

പട്ടിക

മൺതരം	വിസ്തീർണ്ണം ഏ:
1. ഉയർന്ന ചരൽ ചെമ്മൺ ഭാഗം	1804
2. ചരിവുകൾ ചെറുചരിവ് (20%slope) ഇടത്തരം ചരിവ് കുത്തനെയുള്ള ചരിവ്	1420
3. താഴ് വര, നിലങ്ങൾ	669 ഏ:
4. ചതുപ്പുനിലം	ഇല്ല
ആകെ	3893 ഏ:

1. ഉയർന്ന ലാറ്റൈറ്റ്/ചരൽ പ്രദേശം

ആകെ വിസ്തൃതിയിൽ 45% വരുന്ന ഈ ഉയർന്ന കുന്നിൻപ്രദേശമാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം. തേരിക്കുന്ന്, പാളയംകുന്ന്, വേടർകുന്ന് മുതലായ പ്രദേശങ്ങൾ സമുദ്രനിരപ്പിൽ നിന്ന് 40 M. വരെ ഉയരത്തിൽ സ്ഥിതിചെയ്യുന്നു.

ഇതിനിടയിൽ താഴ്വരകളാൽ വേർതിരിക്കപ്പെട്ട ഏഴ് പ്രദേശങ്ങൾ ഉണ്ട്. പഞ്ചായത്തിന്റെ വടക്ക് ചാവർകാവ് കുന്നുകളുടെ ഇടക്ക് പാണിൽവട്ടം ഏലാപ്രദേശം മുതൽ മുളമൂട് മൂലയിൽതോട് മുക്കണംകാവ് പറയൻതറപ്രദേശം മഠത്തിൽ വാതുക്കൽ കണിയാൻകുന്ന് പ്രദേശം പറമ്പ്വട്ടം മേച്ചേരിവാതുക്കൽ ഏല കിഴക്ക് വേങ്കോട്, ചിറ്റാറ്റ് മുതൽ ശാസ്താംനട, കടവിൻകര, പറമ്പ് വട്ടം, പുതുവീട്ടിൽ വാതുക്കൽ വെട്ടിക്കൽ വലിയവീട്ടിൽ ഏല, അയന്തിയിൽ ഏല, കൊച്ചയന്തിയിൽ ഏല, വലിയഅയന്തി ഏല, കിഴക്കുപുറം പടിഞ്ഞാറ്റപ്പുറം ഏല, അയിരൂർ സങ്കേതംഏല, കെടാകുളം ഹരിഹര പുരംഏല മുതലായ സമതലങ്ങളും താഴ്വരകളും നെൽകൃഷിക്ക് ഉപയോഗിക്കുന്നു. പീഠഭൂമിയുടെ 20% നരിക്കല്ല് തെളിഞ്ഞുനിൽക്കുന്നു.

ചരിവുകൾ:-

ചരിവുകളിൽ പേരിന് മണ്ണുണ്ട്, കുന്നിൻ താഴ്വരകളിൽ മണ്ണൊലിപ്പ് രൂക്ഷമാണ്. പാളയംകുന്നുമുതൽ പടിഞ്ഞാറോട്ട് ചരിവ്പ്രദേശം (20^0) ശാസ്താംനട, കടവിൻകര വരേയും മൂലഭാഗം മുതൽ വെട്ടിക്കൽ വരെയും പടിഞ്ഞാറോട്ട് ചരിഞ്ഞ് ഏലാപ്രദേശങ്ങളിൽ എത്തുന്നു.

ചാവർകാവ്, കുന്നിൻ പ്രദേശങ്ങൾ വടക്കോട്ടുചരിഞ്ഞ് (30^0) പാണിൽവട്ടം ഏലായിലും മുളമൂട് കുന്നിക്കൽ തെക്കോട്ടു

ചരിഞ്ഞ് (32^0) ഏലായിലും എത്തുന്നു. പറയൻകുന്ന് പടിഞ്ഞാറോട്ടു ചരിഞ്ഞുകിടക്കുന്നു. കിഴക്കേപ്പ ുറംകുന്ന് കിഴക്കോട്ടു ചരിഞ്ഞുകിടക്കുന്നു. പുതുവീട്ടിൽ കളത്തറ കുന്നിൻനിര കിഴക്കോട്ടു ചരിഞ്ഞ് ഏലാത്തോടിലേക്ക് എത്തിച്ചേരുന്നു. തെക്ക് അയിരൂർ ചന്തമുക്കുമുതൽ ചരിവ് (15^0) അയിരൂർ ആറ്റിൻതീരത്ത് കുഴിവിള ഏലായിലും എത്തുന്നു. പഞ്ചായത്തിലെ മദ്ധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന വിസ്ത്രിതമായ കുന്നിൻ പ്രദേശം ഉയർന്ന സമതലമായി കിടക്കുന്നു. തേരിക്കൽകുന്ന് (25^0) ചരിഞ്ഞ് പോങ്ങറക്കോണം കുന്നിൻനിരകൾ, വേടർക്കുന്ന്, വെട്ടുറോഡ്, അയന്തിക്കുന്നുകളും പള്ളിത്തൊടി, ഹരിഹരപുരം കുന്നുകളും തെക്കോട്ടുചരിഞ്ഞ് നീണ്ടുനിവർന്നുകിടക്കുന്നു. ഏകദേശം 5 K.M. റോളം നീണ്ടുനിവർന്നു കിടക്കുന്ന ലാറ്ററൈറ്റ് കുന്നിൻപ്രദേശമാണിത്. ഈ മലവാരങ്ങളുടെ അടിവാരത്ത് ഒരിക്കലും വറ്റാത്ത നീരുറവകൾ സ്ഥിതിചെയ്യുന്നു. കുടിക്കുവാനും കൃഷിക്കും ഈ ജലസ്രോതസുകൾ ഉപയോഗയോഗ്യമാക്കാവുന്നതാണ്. കുന്നിൻ താഴ്വരകളിൽനിന്ന് കുടിവെള്ളം ചുമന്നു കൊണ്ടുപോയാണ് കുന്നിൻമുകളിലുള്ളവർ കുടിവെള്ളം ഉപയോഗിക്കുന്നത്. ഇവിടെയുള്ള ജലസ്രോതസുകളിൽനിന്നും ജലം പമ്പുചെയ്ത് ഉയർന്നകുന്നുകളിൽ എത്തിച്ച് പയർ, പച്ചക്കറി, ഫലവൃക്ഷങ്ങൾ മുതലായവ കൃഷിചെയ്യാം. മണ്ണൊലിപ്പ് തടയാനായി കൊക്കോയും, കശുമാവും കൃഷിചെയ്യണം. കൃഷിചെയ്യാതെ തരിശ്ശിട്ടരിക്കുന്ന പ്രദേശങ്ങളിൽ അതിർവരമ്പുകൾ ബലപ്പെടുത്തി കുത്തൊഴുക്കുള്ള സ്ഥലങ്ങളിൽ ചെക്ക്ഡാമുകളും കച്ചാണികളും നിർമ്മിച്ച്, കൈതയും പുൽപ്പടർപ്പുകളും വച്ചുപിടിപ്പിച്ചും മണ്ണൊലിപ്പ് തടയാൻ കഴിയും

താഴ്വര

വിസ്തൃതിയുടെ 20% വരും നീർമറിപ്രദേശങ്ങൾ (Water shed). പാണിൽ, ചാവരുകാവ്, മുളമൂട്തോട് മുത്തോട്ടുംകര, മൂലയിൽ മേച്ചേരിത്തോട്, ചിറ്റാറ്റ്, ശാസ്താംനട, കടവിൻകരത്തോട്, പറമ്പുവട്ടം ഇടത്തോട്, വലിയവീട്ടിൽത്തോട് മുതലായ തോടുകൾ ഈ പഞ്ചായത്തിന്റെ വടക്കുനിന്നും ഒഴുകി അയിരൂർ ആറ്റിലെത്തുന്നു. മഴവെള്ളം ശേഖരിക്കപ്പെടുന്ന ഭൂമിഭാഗം ആയതിനാൽ ഈ പ്രദേശത്തെ പ്രധാന മൺതരം മണൽകലർന്ന അലൂവിയൽ മണ്ണാണ്. ലാറ്ററൈറ്റ് കലർന്ന കുന്നിൻപ്രദേശങ്ങളിലെ അടിവാരത്തെ വയലുകളിൽ മണലും മദ്ധ്യഭാഗത്ത് കളിമണ്ണും കൂടുതലാണ്. ഒഴുക്കിൽപ്പെട്ടുവരുന്ന ജൈവാംശങ്ങൾ കൂടുതൽ അടിഞ്ഞുകൂടിയതാണ് കാരണം.

ഈ പഞ്ചായത്തിലെ നീർച്ചാലുകൾ കുന്നിൻപ്രദേശത്തുനിന്നുള്ള തോടുകളിൽ വന്നുചേരുന്നു. വർഷകാലത്ത് കുന്നിൻചരിവുകളിൽ നിന്നും വന്നുചേരുന്ന മഴവെള്ളം പലപ്പോഴും തോടു കവിഞ്ഞൊഴുകുകയും ഏലാവരമ്പുകൾ പൊട്ടിപ്പോകുകയും നെൽക്കൃഷി വെള്ളത്തിനടിയിലാകുകയും ചെയ്യുന്നു. തോടിന്റെ വരമ്പുകൾ കെട്ടിയിട്ടും പലപ്പോഴും കൊല്ലാശല്ല്യമുണ്ടാകുന്നു. ഇതിനുള്ള ഏകപോംവഴി സമീപപ്രദേശങ്ങളിലെ കുന്നിൻ ചരിവുകളിൽ നീർമറിപ്രദേശ വികസനപദ്ധതി പ്രകാരം (Watershed Devt:-Programme) ബണ്ടിംഗ്,

ലെവലിംഗ്, ടെറസിംഗ് മുതലായവ നടത്തുകയും മണ്ണൊലിപ്പിനെതിരായി ചെറിയ ഇടവിളകൾ കൃഷിചെയ്യുകയും പുല്ലുവർഗ്ഗങ്ങൾ വച്ചുപിടിപ്പിക്കുകയുമാണ്. നെൽക്കൃഷികഴിഞ്ഞാൽ പയറുവർഗ്ഗങ്ങളും പച്ചക്കറികളും എള്ള്, മുതിര, കൂവരക് മുതലായവയും കൃഷിചെയ്യാം. കുന്നിൻചരിവുകളിൽ ആവരണകൃഷിചെയ്യാം.

കഴിഞ്ഞ 10-15 വർഷങ്ങളായി നിലം നികത്തി തെങ്ങുവയ്ക്കുന്നതിനുള്ള പ്രവണത വർദ്ധിച്ചുവരുന്നു. നിലത്തിന്റെ ഏകദേശം 14% ഇങ്ങനെ കരയായി രൂപം കൊണ്ടുവരുന്നു. K.L.U. Act: പ്രകാരം ഇതിനെ നിയന്ത്രിക്കേണ്ടതാണ്. തെങ്ങ് വച്ചിട്ടുള്ളകൃഷിക്കാർക്ക് ഒരു തെങ്ങിന് ഒരുവർഷം 10 രൂപാ എന്ന തോതിൽ പഞ്ചായത്തിൽനിന്നും പിഴ കരം ചുമത്തിയാൽ പഞ്ചായത്തിനുള്ള വരുമാനം കൂടുകയും ചെയ്യും. അടിയന്തിരമായി നിലം നികത്തുന്ന ഏർപ്പാട് തടയണം.

പരിസ്ഥിതി പ്രശ്നങ്ങൾ :-

മറ്റൊരു പ്രശ് നം നിലം കുഴിച്ച് ഇഷ്ടികക്ക് മണ്ണെടുക്കുന്നതാണ്. പറമ്പിൽഏല, കടവുംകരവാതുക്കൽ, കെടാകുളംഏല മുതലായ സ്ഥലങ്ങളിൽ നിലംകുഴിച്ച് മണ്ണെടുപ്പ് തുടർന്നുകൊണ്ടിരിക്കുന്നു. ഇതുമൂലം നിലങ്ങളുടെ നിരപ്പ് നഷ്ടപ്പെടുകയും നെൽകൃഷിക്ക് ജലസേചനം നടത്താൻ കഴിയാതാകുകയും ചെയ്യുന്നു. മുൻകാലങ്ങളിൽ കെടാകുളം വയലിൽ വെള്ളം കെട്ടിനിന്നാൽ ഇലകമൺ പഞ്ചായത്തിന്റെ മദ്ധ്യഭാഗമായ ഇലകമൺ-മാധവപുരം സ്ക്കൂൾ, കരവാരം പോസ്റ്റാഫീസ് പരിസരം തുടങ്ങി ഏകദേശം 500 ഹെക്ടർ പ്രദേശത്തെ കിണറുകളിൽ ഊറ്റുണ്ടാകുമായിരുന്നു. ഇപ്പോൾ കെടാകുളം നെൽപ്പാടങ്ങളിൽ വെള്ളം കെട്ടിനിൽക്കാത്തതുകാരണം ഭൂഗർഭജലം കുറയുകയും സമീപപ്രദേശങ്ങളിൽ കിണറുകൾ വറ്റിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. കുടിവെള്ളക്ഷാമം രൂക്ഷമാണ്. അതുകൊണ്ട് കെടാകുളം നെൽപ്പാടങ്ങളിൽ നിന്നും മണ്ണെടുക്കുന്നതും, നിലം നികത്തി തെങ്ങു വയ് ക്കുന്നതും തടയണം. ഇവിടെ നിലങ്ങൾ നിരപ്പാക്കി ഒന്നാംകിട നെൽക്കൃഷി ചെയ്യണം. രണ്ടാംനിരയായി നെല്ലും പയറും പച്ചക്കറികളും കൃഷിചെയ്യാം. വരൾച്ചക്കാലത്ത് ഈഞ്ചയിൽകോണത്തുനിന്നും വെള്ളം പമ്പ്ചെയ്ത് കൃഷിക്കുപയോഗിക്കാം. കുടിവെള്ളത്തിനും ഇതുപയോഗിക്കാവുന്നതാണ്. വളരെയധികം ചരിഞ്ഞ ഭൂമികൾ കൃഷി ചെയ്യാതിട്ടിരിക്കുന്ന പോങ്ങറക്കോണം, ഈഞ്ചയിൽ, അയന്തി, വേടർകുന്ന്, പള്ളിതൊടി, ഹരിഹരപുരം മുതലായസ്ഥലങ്ങളിൽ നീർമറി വികസന പദ്ധതി പ്രകാരം (Water Shed) മണ്ണുസംരക്ഷകപ്രവർത്തനങ്ങളും ആടുവളർത്തലും ഫലവൃക്ഷകൃഷിയും കശുമാവ് വെച്ചുപിടിപ്പിക്കലും കൊക്കോക്കൃഷിയും പച്ചക്കറിക്കൃഷിയും താഴ്വരകളിൽ വാഴക്കൃഷിയും, വെറ്റിലക്കൃഷിയും നടപ്പിലാക്കാവുന്നതാണ്. പാണിൽവട്ടം ഏലായുടെ പ്രദേശങ്ങളും നിലം നികത്തി തെങ്ങുവച്ചിരിക്കുന്നു. ഒന്നാംവിളയും രണ്ടാംവിളയും നെൽക്കൃഷിചെയ്യുന്ന സ്ഥലത്ത് മൂന്നാംവിളയായ എള്ളും, പയറും, പച്ചക്കറികളും സമൃദ്ധമായി കൃഷിചെയ്യാം. ഇരുകരകളിൽ ഉള്ള കുളങ്ങളിൽ പമ്പുസെറ്റ് വച്ച്

വെള്ളം പമ്പ് ചെയ്ത് ജലസേചനം നടത്താ വുന്നതാണ്.

തീരസമതലങ്ങൾ:-

വിസ്തൃതിയിൽ കുറച്ച് സ്ഥലമുള്ള കാ യൽതീരപ്രദേശങ്ങളാണ്. ഇവിടെ തെങ്ങ് സമൃദ്ധിയായി വളരുന്നു. സമുദ്രനിരപ്പിൽ നിന്ന് 5-8 മീറ്റർ സ്ഥിതിചെയ്യുന്നു. ഈ ഭാഗം രൂപപ്പെട്ടത് സമീപമുള്ള കുത്തനെകിടക്കുന്ന കുന്നുകളിൽനിന്നും വന്നുണ്ടായവയാണ്. മ ണ്ണൊലിപ്പ് കൂടിതലായതിനാൽ വളരെയ ധികം മണ്ണൊലിച്ചുവന്ന് മണൽത്തട്ടുകളായി രൂപപ്പെടുന്നു. പടിഞ്ഞാറ് കായൽപുറം പ്രദേശം ഈ പഞ്ചായത്തിന്റെ പടിഞ്ഞാ റേ അതിർത്തിയാണ്. ചരിത്രപ്രസിദ്ധമായ ഇടവ-നടയറക്കായലിന്റെ വിസ്തൃതമായ ഏകദേശം 5 K.M. നീളത്തിൽ വ്യാപിച്ചു കിടക്കുന്നു ഈ കായൽ പ്രദേശം. തിരുവന ന്തപുരം-കൊല്ലം അതിർത്തിയിലേക്ക് വ്യാ പിച്ചുകിടക്കുന്നു. ഹരിഹരപുരം മുതൽ പ ള്ളിത്തെരുവ് ഈഞ്ചയിൽക്കോണം പോങ്ങറ ക്കോണം, കിഴക്കുംപുറം, പടിഞ്ഞാറ്പുറം മുതലായ സ്ഥലങ്ങളിൽ നിന്നും വരുന്ന അരുവികൾ ഈ പ്രദേശത്ത് വന്നു പതിക്കുന്നു. ഏകദേശം 5 തോടുകൾ വന്നുചേർന്ന് അയിരൂർ ആറ്റിൽ നിന്നുമുള്ള വെള്ളം വന്നു ചേരുന്നത് ഈ കായൽപുറം പ്രദേശത്തിന്റെ തെക്കേ അഴിയിലാണ്. വട ക്കുതെക്കായികിടക്കുന്ന ഇടവ നടയറ ക്കായൽ അടുത്ത ഇടവപഞ്ചായത്തിനേയും വർക്കല മുൻസിപ്പാലിറ്റിയേയും ഇലകമൺ പഞ്ചായത്തിൽ നിന്ന് വേർതിരിക്കുന്നു. അയിരൂർ അണയിൽ നിന്നും വേർതിരിക്കുന്ന ജലം തെക്കു ഭാഗത്ത് കടിക്കുളം ഏലാ യിലും സങ്കേതം ഏലായിലും ജലസേചനം നടത്തുമ്പോൾ വടക്കേത്തോട് കിഴക്കുംപുറം പടിഞ്ഞാറ്റുപുറം ഏലകൾക്കും ജലസേ ചനം നൽകുന്നു. പോങ്ങറക്കോണം ചെറിയ തോടുകളും ഇവിടേക്ക് ജലം എത്തിക്കുന്നു. ഭൂമിശാസ്ത്രപരമായി കിഴക്കുനിന്നും പടി ഞ്ഞാറോട്ട് ചരിഞ്ഞ ഭൂമിയായതിനാൽ അയി രൂർ ആറ്റിൽ നിന്നും നടുത്തോടിൽക്കൂടി ഏലാകളിലേക്ക് ജലസേചനം നടത്തുവാൻ എളുപ്പമാണ്. ഇവിടെ കിണറ്റിൽ ആഴം 12 അടിയാണ്. കളിമണ്ണിന്റേയും അംശംകൂടു തലുള്ള ഭാഗങ്ങളിൽ നെല്ല് നന്നായി വള രുന്നു. നീർവാർച്ച സൗകര്യമുള്ളതിനാലും ചരിഞ്ഞ ഭൂപ്രകൃതിയായതിനാലും വെള്ളം കെട്ടിനിൽക്കുന്ന ചതിപ്പുപ്രദേശങ്ങൾ കുറ വാണ്.

ജനപ്രകൃതി

ഇലകമൺ പഞ്ചായത്തിലെ ജനസം ഖ്യ 21523 ആണ്. ഇതിൽ 10185 പുരു ഷൻമാരും 11338 സ്ത്രീകളുമാണ്. മൊ ത്തം 9517 വീടുകളാണുള്ളത്. ശരാശരി വീടൊന്നിൽ 3 ആളുകളുണ്ട്.

നിരക്ഷരരുടെ എണ്ണം തുച്ഛമാണ്. സാക്ഷരതാനിരക്ക് 80% വരും. സാങ്കേതിക വിദ്യാഭ്യാസയോഗ്യതയുള്ളവരുടെ എണ്ണം ബിരുദധാരികളുടെ എണ്ണത്തെ അപേക്ഷിച്ച് കുറവാണ്. വിദ്യാഭ്യാസയോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷൻമാരെ അപേ ക്ഷിച്ച് കുറവാണ്. മൊത്തം ജനസംഖ്യയിൽ 65% തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. അവരിൽ മിക്കപേരും വർഷത്തിൽ ഭൂരി

ഭാഗം ദിവസങ്ങളിലും പണിയില്ലാത്ത ഭാഗികതൊഴിലാളികളാണ്. തൊഴിൽ പങ്കാളിത്തത്തെക്കുറിച്ചുള്ള കണക്കുകൾ പട്ടിക 3 ൽ കൊടുത്തിരിക്കുന്നു. ഇതിൽ നിന്നും വെളിവാകുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രവണത സ്ത്രീകളുടെ താഴ്ന്ന തൊഴിൽ പങ്കാളിത്ത നിരക്കാണ്. പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 60% ആയിരിക്കുമ്പോൾ സ്ത്രീകളുടേത് 20% ആയിരിക്കും. ഇതിൽത്തന്നെ 1/4 പേർ ബാഹികതൊഴിൽക്കാരാണ്. സ്ത്രീകൾ ചെയ്യുന്ന പല ഉത്പാദനപരമായ കണക്കുകളും പരിഗണിക്കുന്നില്ല എന്നതാണ് ഈ വ്യത്യാസത്തിന് കാരണം. പ്രത്യക്ഷമായി വരുമാനം നൽകുന്ന തൊഴിലുകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണെന്നത് ഗൗരവമായ പ്രശ്നമാണ്.

പട്ടിക 3

തൊഴിലെടുക്കുന്നവരുടെ എണ്ണം

	സ് ത്രീകൾ	പുരുഷൻമാർ
മുഖ്യതൊഴിലുകൾ	20%	60%
ഭാഗികതൊഴിലുകൾ	15%	40%

തൊഴിലാളികളുടെ മേഖലാവിതരണമെടുത്താൽ ഏറ്റവും പ്രധാനപ്പെട്ട നിരീക്ഷണം 45% ആളുകൾ കാർഷികമേഖലയെ തൊഴിലിനായി ആശ്രയിക്കുന്നു. കുടിൽ വ്യവസായം അപ്രധാനമാണ്. 2%ലേറെ ആളുകൾ ഇതര വാണിജ്യങ്ങളെ ആശ്രയിച്ച് ഉപജീവിതം നടത്തുന്നു. സേവനമേഖലയും പ്രധാനമാണ്.

വാണിജ്യമേഖലയിൽ 4% ഉം ചരക്കുകടത്തിൽ 7%ഉം മറ്റുതുറകളിൽ 11%ഉം പേർ പണിയെടുക്കുന്നു.

മൊത്തം തൊഴിലാളികളിൽ സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടെ 20%മേ ഉള്ളു എങ്കിലും കാർഷികമേഖലയിൽ സ്ത്രീകൾക്കാണ് പ്രാമുഖ്യം. കർഷകത്തൊഴിലാളികളിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. പരമ്പരാഗത വ്യവസായങ്ങളായ വസ്ത്ര നിർമ്മാണം, വട്ടിക്കുട്ട നിർമ്മാണം മുതലായവയും തകർന്നുകൊണ്ടിരിക്കുന്നു. വ്യവസായം ഒന്നുംതന്നെയില്ല. മൊത്തം 3200 പേരാണ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതിൽ 65% പേരും 10-ാംതരം പാസ്സായിട്ടുള്ളവരാണ്. രജിസ്റ്റർ ചെയ്തവരിൽ 15%ത്തോളം പേർ ഇപ്പോൾ പല [illegible] ലുകളിലും ഏർപ്പെട്ടവരാണ്.

അഭ്യസ്തവിദ്യരല്ലാത്ത തൊഴിൽരഹിതരിൽ വളരെ ചുരുക്കം പേരെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്നുള്ളൂ. ഇതെല്ലാം പരിഗണിച്ച് ഒരു മതിപ്പു കണക്കാക്കുകയാണെങ്കിൽ തൊഴിലെടുക്കാൻ കഴിവും സന്നദ്ധതയും ഉള്ളവരിൽ 80% പേർക്ക് പണിയില്ലെന്ന് കണക്കാക്കാം.

തൊഴിലില്ലായ്മ സൂക്ഷ്മമായിരിക്കുന്ന ഈ പ്രദേശത്ത് എംപ്ലോയ്മെൻറിൽ രജിസ്റ്റർ ചെയ്തത് പുരുഷൻമാർ 1500 പേരും സ്ത്രീകൾ 1700 പേരുമാണ്.

പൊതുവെ പറഞ്ഞാൽ ജാതിയുടേയും സമുദായത്തിന്റേയും സ്വാധീനം കുറഞ്ഞുവരികയാണ്. ഇത്തരം ചേരിതിരിവുകളല്ല ഇന്ന് സാമൂഹികജീവിതത്തിന്റെ അടിത്തറ. ഹിന്ദുക്കളിൽ ബഹുഭൂരിപക്ഷവും അവർണ്ണരാണ്. പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം 16%ത്തോളമേ വരൂ. പട്ടികജാതിക്കാരെ ഒഴിവാക്കിയാൽ എല്ലാ ജാതിയിലും ദരിദ്രരേയും സമ്പന്നരേയും കാണാൻ കഴിയും. ഭൂവുടമസ്ഥരിൽ ചെറിയ ശതമാനം മാത്രമേ സ്വയം കൃഷിക്കാരായുള്ളൂ. ചെറുന്യൂനപക്ഷം മാത്രമേ കൃഷി ഒരു മുഖ്യ വരുമാനമാർഗ്ഗമായി എടുക്കുന്നുള്ളൂ. ചെറുകിയ കൃഷിക്കാരിൽ ഭൂരിപക്ഷവും മറ്റു മേഖലയിൽ കൂലിപ്പണിയോ ശമ്പളപ്പണിയോ എടുക്കുന്നവരാണ്. എന്നാൽ തങ്ങളുടെ പറമ്പിലും വയലിലും കൃഷിപ്പണി ചെയ്യുവാൻ കർഷകത്തൊഴിലാളികളെ കൂലിവേലക്കു നിയോഗിക്കുകയും ചെയുന്നു. വ്യവസായ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലില്ലാത്തത് വളരെ സങ്കീർണ്ണമായ പ്രശ്നമാണ്.

ജലവിഭവങ്ങൾ:-

പൂർണ്ണമായും മഴയെ മാത്രം ആശ്രയിച്ചുള്ള ഒരു കാർഷിക വ്യവസ്ഥയാണ് ഇലകമൺ പഞ്ചായത്തിൽ നിലനിൽക്കുന്നത്. വർഷത്തിൽ ശരാശരി 1748 മി.മീ. മഴ ലഭിക്കുന്നുണ്ട്. വർഷപാതത്തിന്റെ കണക്കുകൾ പരിശോധിച്ചാൽ ഇവിടെ ലഭിക്കുന്ന മഴയുടെ 90% കാലവർഷത്തിൽ നിന്നാണെന്നുകാണാം. ജൂൺ, ജൂലായ് ആണ് കൂടുതൽ മഴ ലഭിക്കുന്ന മാസങ്ങൾ. മഴ ഏറ്റവും കുറവ് ജനുവരി ഫെബ്രുവരിയിലാണ്. 3 മാസത്തെ കാലവർഷത്തിനിടയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് നാലോ അഞ്ചോ ദിവസങ്ങളിലാണ്. വർഷകാലത്ത് വെള്ളപ്പൊക്കവും കൊല്ലാശല്ല്യവും ഒന്നിച്ചുണ്ടാകുന്നു. വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. പൊയ്കയിൽ വേങ്കോടുപ്രദേശത്തും മറ്റു പല പ്രദേശങ്ങളിലും ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്.

ഈ പഞ്ചായത്തിൽ അഞ്ചു തോടുകളും 13 കുളങ്ങളും അടങ്ങുന്നതാണ് ഇലകമണിലെ ഉപരിതല ജലസ്രോതസ്സുകൾ. ചരൽ കലർന്ന ലാറ്ററൈറ്റ് പീഠഭൂമിയുടെ ചെരിവുകളിൽ നിന്നാരംഭിച്ച് വിവിധ ദിശകളിലൊഴുകി അയിരൂർ ആറ്റിൽ ചേരുന്ന തോടുകൾ:-

വേങ്കോട് അയിരൂർതോട്, ഇടത്തോട്, പാണിൽമൂലയിൽ തോട്, മേച്ചേരി, അയിരൂർത്തോട്.

കുളങ്ങൾ:-

പൂർണ്ണമായും ജലസേചനാവശ്യങ്ങൾക്കു് ഉപയോഗിക്കുന്ന 13 കുളങ്ങളാണുള്ളത്. കുളങ്ങളിൽ ഏറ്റവും വലുത് വേങ്കോട് കുളമാണ്. പൂർണ്ണമായും ജലസേചനത്തിനുപയോഗിക്കാവുന്ന 10 കുളങ്ങളാണുള്ളത്.

താരതമ്യേന മെച്ചപ്പെട്ട ജൈവസമ്പത്തുണ്ടെങ്കിലും ഉയർന്ന കുന്നിൻചരിവുകളിൽ പമ്പുചെയ്ത് ജലം എത്തിക്കാനുള്ള സൗകര്യം ഇല്ല. കുന്നിൻനിരപ്പിൽ നിന്നും

ഏകദേശം 30 മീറ്ററിൽ താഴെയാണ് ജല സ്രോതസ്സ്. കുന്നിൻമുകളിൽ 30 മീറ്റർ താഴ്ചയിൽ വെള്ളം ചെക്കാലവട്ടത്തുകിട്ടുമ്പോൾ ചരിവുപ്രദേശത്ത് 20 മുകളിൽ 10 മീറ്റർ വരെ താഴ്ചയിലും താഴ്വരപ്രശേത്ത് 5 മീറ്റർ താഴ്വരയിലും വെള്ളം കിട്ടുന്നു. ചാവർകാവ്, പാലനിന്നപൊയ്ക, പുതുവൽ, കെടാകുളം, വേടർകുന്ന്, പറയൻതറ, മേക്കോണം, അയിരൂർ ചന്തമുക്ക്, ഇലകമൺ സ്ക്കൂൾ മുതലായ സ്ഥലങ്ങളിൽ ജല ക്ഷാമം അനുഭവപ്പെടാറുണ്ട്.



"പ്രകൃതിയുടെ വരദാനം" വേടർകുന്ന് (കായൽപുറം).



വേടർകുന്ന് നീർമറി പ്രദേശം ഇലകമൺ ഗ്രാമപഞ്ചായത്ത്

കൃഷിയും ജലസേചനവും

കൃഷി

കാർഷികമേഖലയായ ഇലകമൺ, അയിരൂർ പ്രദേശത്ത് ഈ നൂറ്റാണ്ടിന്റെ ആരംഭത്തോടെ മിക്കപ്രദേശങ്ങളിലും കൃഷി വ്യാപിച്ചിരിക്കുന്നു. സെറ്റിൽമെൻറ് രേഖകൾ പ്രകാരം ആകെ കൃഷിസ്ഥലം 1754 ഹെക്ടർ (4383 ഏക്കർ) ആണ്. അതിൽ 1289 ഹെക്ടർ (3224 ഏക്കർ) പുരയിടവും 669 ഏക്കർ നിലവുമുണ്ട്. 491 ഏക്കർ പുറമ്പോക്ക് സ്ഥലം റോഡ്, തോട്, കുളം, പുഴ, കായൽ മുതലായവയാണ്. 1 മുതൽ 10 സെൻറുവരെയുള്ള 3857 പേരും . 10 മുതൽ 25 സെൻറുള്ള 4004 പേരും 25നും 50നും ഇടയ്ക്കുള്ള 4027 പേരും 50 സെൻറിനും 1 ഏക്കറിനുമിടയ്ക്കുള്ള 4013 പേരും 1 ഏക്കറിനും 2 ഏക്കറിനുമിടയ്ക്കുള്ള 2719 പേരും 2 ഏക്കറിനും 5 ഏക്കറിനും ഇടയ്ക്കുള്ള 1208 പേരും 5ഏക്കറിനു മുകളിലുള്ള 14 പേരുമുണ്ട്.

നെല്ല്

റവന്യൂ രേഖകൾ പ്രകാരം താഴ്വരകളിലും കായൽത്തീരസമ തലങ്ങളിലും നെല്ലാണ് കൃഷിചെയ്തിരുന്നത്. ആകെ വിസ്തീർണ്ണത്തിന്റെ 15.2% നെൽക്കൃഷിയാണ്. നെൽപ്പാടങ്ങൾ നികത്തി തെങ്ങു വയ്ക്കുന്ന പ്രക്രിയ 1955 കളോടെയായിരുന്നു. 1975 കളോടെ വളരെ വേഗത്തിലായി. മുമ്പ് ഒരു വിധം വിളവ് കിട്ടുന്ന നാടൻ നെല്ലിനങ്ങളായിരുന്നു കൃഷിചെയ്തിരുന്നത്. പാടങ്ങളിൽ ധാരാളം പച്ചിലകൾ ചേർത്ത് അഴുക്കിയ ശേഷമാണ് പറിച്ചുനട്ടിരുന്നത്. ഇന്ന് ജൈവവളങ്ങളുടെ ഉപയോഗം കുറയുകയും മണ്ണിന്റെ പുളിരസം കൂടുകയും ചെയ്തപ്പോൾ നെല്ലുൽപ്പാദനം കുറഞ്ഞുവന്നു. ഒന്നാംവിളയും രണ്ടാംവിളയും കഴിഞ്ഞാൽ വെള്ളംകിട്ടാത്ത സ്ഥലങ്ങളിൽ തരിശ്ശായി ഇട്ടിരുന്ന് കന്നുകാലികളെ തീറ്റാനായി ഉപയോഗിച്ചിരുന്നു. ഇന്ന് അതേ സ്ഥലത്ത് പയറുകൃഷി ചെയ്തുതുടങ്ങിയിരിക്കുന്നു. കൂടുതൽ സ്ഥലത്ത് പച്ചക്കറി കൃഷിചെയ്യുവാനുള്ള വളരെയേറെ സാധ്യതകളാണുള്ളത്. എള്ള്, ചെറുപയർ, മുതിര, ഉഴുന്ന്, കൂവരക് എന്നിവയ്ക്കും പ്രാധാന്യം കൊടുക്കണം. നെൽക്കൃഷി ലാഭകരമല്ലാത്തതിനാൽ തെങ്ങു നടുവാൻ തുടങ്ങി. നാളികേരത്തിന് താരതമ്യേന മെച്ചമായ വില കിട്ടിത്തുടങ്ങിയപ്പോൾ നെൽക്കൃഷിയേക്കാൾ ലാഭം തെങ്ങുകൃഷിയായത് വാഴനികത്തി തെങ്ങുവയ്ക്കുന്നതിലേക്കുള്ള പ്രചോദനമായി. ആധുനിക വിദ്യാഭ്യാസം വ്യാപകമായ തോടെ കർഷകത്തൊഴിലാളികളുടെ പിൻ മുറക്കാർ മറ്റു തൊഴിൽ മേഖലയിലേക്ക് മാറിത്തുടങ്ങി. അങ്ങനെ നെൽക്കൃഷിയേക്കാൾ എളുപ്പം തെങ്ങുകൃഷിയാണെന്ന് തോന്നിയതുകൊണ്ട് കൃഷിക്കാർ തെങ്ങുകൃഷിക്ക് പ്രാധാന്യം നൽകിയതും വയൽ നികത്തി തെങ്ങുവയ്ക്കുന്നതിലേക്ക് കൃഷിക്കാരെ പ്രേരിപ്പിച്ചു. നെൽപ്പാടങ്ങളേക്കാൾ പുരയിടത്തിന് വില വർദ്ധിച്ചതും വേറൊരു കാരണമാണ്. ഇതിനെതിരെ നിയമപരവും സാമൂഹിക നിയന്ത്രണവും ഉണ്ടായില്ല എങ്കിൽ ഇവിടത്തെ പരിസ്ഥിതിയെ പൊതുവേയും

കുന്നിൻ പ്രദേശങ്ങളിലും ചരിവുകളിലും മുമ്പ് ആൾപാർപ്പ് കുറവായിരുന്നു. നിരപ്പായ പ്രദേശങ്ങളിലും റോഡ് സൗകര്യമുള്ളസ്ഥലത്തും കുടിവെള്ളം സുലഭമായ സ്ഥലത്തുമാണ് ജനവാസം കൂടുതലുണ്ടായിരിക്കുന്നത്. ഇപ്പോൾ കുന്നിൻചരിവുകളിലും സമതലങ്ങളിലും ജനവാസമേറിവരുന്നു. ഭൂമിയുടെ വിലവർദ്ധനയും കൂട്ടുകുടുംബ വ്യവസ്ഥമാറിവരുന്നതും ഒരു കാരണമാണ്. പാർപ്പിടങ്ങൾ വർദ്ധിച്ചതോടെ റോഡുകളുടെ ആവശ്യം വർദ്ധിച്ചു. കൂടുതൽ റോഡുകളുടെ നിർമ്മാണം പ്രകൃതിദത്തമായുണ്ടായിരുന്ന നീർച്ചാലുകൾക്ക് തടസ്സമുണ്ടാക്കി. സാമ്പത്തിക പരിമതിമൂലം കലുങ്കുകൾ നിർമ്മിക്കാനൊന്നും പഞ്ചായത്തിനു കഴിയുന്നില്ല. തെങ്ങുകൃഷിക്കും കെട്ടിട നിർമ്മാണത്തിനും വേണ്ടിയുള്ള പാടംനികത്തൽ ചുടുകട്ട വ്യവസായത്തിന് വേണ്ടിയുള്ള നിലംകുഴിക്കൽ മുതലായവയും അശാസ്ത്രീയമായ റോഡുനിർമ്മാണവും പല സ്ഥലത്തെ നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നു. ഇതൊരു പരിസ്ഥിതിപ്രശ്നമായിത്തുടരുന്നു.

മുൻപ് കുളങ്ങൾ, തോടുകൾ മുതലായ പൊതു ജലസ്രോതസ്സുകൾ ജന്മിമാരായിരുന്നു സംരക്ഷിച്ചുപോന്നത്. ഇപ്പോൾ ഇവ സമൂഹത്തിന്റെ പൊതുസ്വത്തായപ്പോൾ അവയെ സംരക്ഷിക്കുവാനാളില്ലാതായി. നീരുറവകൾ പലതും ഒലിപ്പുമണ്ണുവന്ന് മൂടിപ്പോയി. പല സ്ഥലത്തും കുളങ്ങളിലും നീരുറവകളിലും ഭിത്തികെട്ടിയത് ഉറവകളിലൂടെ മുകളിലായതുകൊണ്ട് ജലസ്രോതസ്സ് തെളിഞ്ഞുവരാതെ കെട്ടിനടിയിൽകൂടി ഒഴുകിപ്പോകാൻ ഇടയാക്കി. കുഴിച്ചുകെട്ടുന്നതിന് അല്പലാഭം കരുതിയത് കൊണ്ടുള്ള ഒരു പരിസ്ഥിതി പ്രശ്നമായി ഇതവശേഷിക്കുന്നു. ബണ്ടുകൾ ഇടിഞ്ഞും പൊളിഞ്ഞും കിടന്നാൽ തക്കസമയത്ത് അറ്റകുറ്റപ്പണികൾ ചെയ്യാതിരിക്കുന്നതുകൊണ്ട് നെൽക്കൃഷിയെ പ്രത്യേകിച്ച് ദോഷകരമായി ബാധിക്കും.

നെൽവയലുകൾ നികത്തിയത് പയർകൃഷിയേയും ഗണ്യമായി കുറച്ചു. നെല്ല്, പയർ എന്നതായിരുന്നു പാടങ്ങളിൽ വിളക്രമം. തെങ്ങുകൃഷിവ്യാപിച്ചതോടെ പയർകൃഷിയുടെ വ്യാപ്തി കുറയുകയും അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുവാൻ കാരണമാകുകയും പയറിന് വിലക്കയറ്റം ഉണ്ടാകുകയും ചെയ്തു.

എള്ളിന്റെറ പുരയിടങ്ങളിലെ കൃഷിയിലും വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്. കുന്നിൻ പ്രദേശങ്ങളിലും ചരിവുകളിലും ഉള്ള പുരയിടങ്ങളിൽ പയർ, എള്ള്, കൂവരുക്, കപ്പ, കുരുമുളക്, മാവ്, പ്ലാവ് മുതലായവ കൃഷിചെയ്തുകൊണ്ടിരുന്ന സ്ഥലത്ത് ഇപ്പോൾ തെങ്ങുകൃഷി മാത്രമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് മേൽപറഞ്ഞ ചെറുകൃഷികൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഇറക്കുമതി ചെയ്യുന്നവയ്ക്ക് വില ഏറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ജനസംഖ്യാവർദ്ധനവും ഏറിക്കൊണ്ടിരിക്കുന്ന വീടുകളുടെ എണ്ണവും ഭൂമിയിൽ ചെലുത്തിയ സമ്മർദ്ദവും കാർഷികമേഖലയെ സ്വാധീനിച്ചു.

മഴക്കാലത്ത് ബണ്ടുപൊട്ടലും, നെൽപ്പാടങ്ങൾ നികന്നുപോകലും സാധാരണയാണ്. ദുരിതാശ്വാസത്തിനുവേണ്ടി കർഷകർ നാലുപാടും ഉഴറി നടക്കുന്നതം ഹൃദയഭേദകമാണ്. ഇതിനൊക്കെ സാമൂഹ്യമനസ്സാക്ഷി ഉയർന്നു പ്രവർത്തിച്ചാൽ വലിയ കൃഷിനാശങ്ങൾ ഒഴിവാക്കപ്പെടാം. പൊതുസ്വത്തുക്കൾ യഥാകാലം സംരക്ഷിക്കപ്പെടാനുള്ള സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. പ്രാദേശിക പൊതുജന സന്നദ്ധ സംഘടനകൾക്ക് ഇക്കാര്യത്തിൽ വളരെ കാര്യങ്ങൾ ചെയ്യുവാനാകും. ഈ ഉദ്ദ്യേശ്യങ്ങളോടുകൂടി പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള "ഹരിതസംഘം" പോലുള്ള സന്നദ്ധ സംഘടനകൾ മുന്നോട്ടുവന്നിട്ടുള്ളത് സ്വാഗതാർഹമാണ്. കൃഷിഭൂമിയുടെ തുണ്ടുവൽക്കരണം കൊണ്ട് ശാസ്ത്രീയമായ കൃഷിമുറകൾ പ്രായോഗികമാക്കാൻ ബുദ്ധിമുട്ടുണ്ട്. കൂടുതൽ കൃഷിക്കാരും 10 മു: 50 സെൻറ് വരെ നിലം കൃഷിയുള്ളവരാണ്. ആവശ്യത്തിനുള്ള വീതിയുള്ള വരമ്പുകൾ ഇന്നില്ല. ടില്ലർ മുതലായ കാർഷിക യന്ത്രങ്ങൾ വയലിൽ ഇറക്കുവാനും വ്യാപകമായി പൂട്ടുവാനും നിലങ്ങളുടെ കിടപ്പ് ഗതാഗതസൗകര്യമില്ലായ്മ മുതലായവ വേറെ ചില പ്രശ്നങ്ങളാണ്. കാർഷിക മേഖലയിൽ കൂലികൂടുതൽ ഒരു വശത്തും ഉൽപ്പന്നത്തിനുതക്ക വില കിട്ടാത്തത് മറുവശത്തും നെൽകൃഷി നഷ്ടത്തിലേക്ക് നയിക്കുന്നു. ഇതിന് പരിഹാരം കൃഷിച്ചെലവുകുറയ്ക്കാൻ കാർഷിക മേഖലയിൽ യന്ത്രവൽക്കരണം നഷ്ടത്തിലാവുകയാണ്. കർഷകത്തൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ടും കൃഷിച്ചെലവിന് കാരണമാകുന്നു. തൊഴിലാളി സംഘടനകൾക്ക് ഇക്കാര്യത്തിൽ വളരെയേറെ കാര്യങ്ങൾ ചെയ്യുവാൻ കഴിയും.

ഇതിനുപരിഹാരം ചെറുകിട യന്ത്രവത്ക്കരണവും ശാസ്ത്രീയകൃഷിമുറകൾ അവലംബിക്കുകയും സംഘടിത കൃഷി ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം വിപുലപ്പെടുത്തുകയുമാണ്. പഞ്ചായത്തടിസ്ഥാനത്തിൽ കാർഷിക യന്ത്രങ്ങൾ സംഘടിപ്പിക്കുകയും അത് ന്യായമായ വാടകയ്ക്ക് കൃഷിക്കാർക്ക് ലഭ്യമാക്കുകയും വേണം. നിലങ്ങളുടെ തുണ്ടുവൽക്കരണം ഇല്ലാതാക്കിയാൽ കാർഷിക യന്ത്രങ്ങൾ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ കഴിയും. ചെറിയചെറിയ വരമ്പുകൾ ഇല്ലാതാക്കുന്നതുകൊണ്ട് കൃഷിസ്ഥലത്തിൻെറ വിസ്തീർണ്ണം കൂടുകയും കൃഷിപ്പണികൾക്ക് യഥേഷ്ടം ജലസേചനരീതികൾക്ക് സൗകര്യമുണ്ടാക്കുകയും ചെയ്യും. സംഘടിതമായിത്തന്നെ വിത്ത്, വളം, കീടനാശിനി പ്രയോഗം മുതലായവ ചെയ്യുന്നതുകൊണ്ട് ഇവയുടെ വിലയിലും കൂലിച്ചെലവിലും ഗണ്യമായ കുറവുണ്ടാകും. നിയമപരമായി ഭൂമിയുടെ ഉടമസ്ഥത ഓരോരുത്തർക്കും ഉണ്ടായിരിക്കുകയും കൃഷിയിറക്ക് സംഘടിതമായി ചെയ്യുകയും വിളവ് ഓരോരുത്തരുടേയും സ്ഥലത്തിൻെറ വിസ്തീർണ്ണമനുസരിച്ച് പങ്കുവയ്ക്കുകയും ചെയ്യാവുന്നതാണ്. ഇവിടെയാണ് കൂട്ടായ്മയുടെ പ്രാധാന്യം നമുക്കനുഭവപ്പെടാൻ പോകുന്നത്. അതാതു സ്ഥലത്തിന് ഇൻഷ്വറൻസ് സംരക്ഷണം ഇക്കാര്യത്തിൽ ഏർപ്പെടുത്താവുന്നതാണ്. ഇതു നടപ്പാക്കാൻ 50% കൃഷിച്ചെലവ് സബ്സിഡി നൽകണം. സ്വതന്ത്രമായി യന്ത്രങ്ങൾ ഉപയോഗിക്കുവാനും കഴിയും. നമ്മുടെ ഈ

പ്രദേശത്തെ ഏതെങ്കിലും ഒരു ഏലായിൽ ഒരു പരീക്ഷണമെന്ന നിലയിൽ നടപ്പിലാക്കിയാൽ അതൊരു മാതൃകയായിരിക്കും. കർഷകർ ചിന്തിക്കേണ്ട ഒരു വിഷയമാണിത്.

തെങ്ങ്

തെങ്ങിന് കുമിൾരോഗങ്ങളും കീടങ്ങളും വളരെയധികം ആക്രമിക്കുന്നുണ്ട്. നെല്ലിനും വിവിധതരത്തിലുള്ള കീടങ്ങളും കുമിൾരോഗങ്ങളും കാണാം. കാർഷിക ഗവേഷണ കേന്ദ്രങ്ങളിൽ നിന്നും ഗവേഷണഫലങ്ങൾ കൃഷിക്കാരുടെ ഇടങ്ങളിൽ പ്രാവർത്തിക മാക്കാൻ പഞ്ചായത്തടിസ്ഥാനത്തിൽ സർവ്വീസ്സെൻററുകളും സസ്യസംരക്ഷക പ്രവർത്തനങ്ങൾക്കും ഒരു സസ്യാശുപത്രിയും സ്ഥാപിക്കുന്നതും നന്നായിരുക്കും. ഇവിടെ രോഗങ്ങളെപ്പറ്റിയുള്ള വിശദപഠനം നടത്തുവാനും പ്രശ്നങ്ങൾക്ക് പ്രതിവിധി നിർണ്ണയിക്കുവാനുള്ള field research പ്രോത് സാഹിപ്പിക്കണം. ഇതിനായി കൃഷിവകുപ്പിൽനിന്നും യൂണിവേഴ്സിറ്റിയിൽനിന്നും റിട്ടയർ ചെയ്തസസ്യരോഗവിദഗ്ധൻമാരുടെ സേവനം ലഭ്യമാക്കാവുന്നതാണ്. ഈ സെൻററുകളിൽ കാർഷിക യന്ത്രങ്ങൾ കൃഷിക്കാർക്ക് ലഭ്യമാക്കുകയും അതിൻെറ റിപ്പയർ ജോലികൾ ചെയ്യാവുന്നതുമാണ്. സാങ്കേതികമായി പരിശീലനം ലഭിച്ചവരുടെ സേവനം കാർഷിക വ്യാപനപ്രവർത്തനത്തിനും പ്രയോജനപ്പെടുത്തണം. ഇതിൽ പ്രവർത്തിക്കുന്നവർക്ക് ഹോണറേറിയം നൽകാവുന്നതാണ്. പ്രത്യേക തൊഴിൽദാന പദ്ധതിയും ഈ തുറയിൽ പ്രാവർത്തികമാക്കാം. അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തിനങ്ങൾക്ക് പൊക്കംകുറവായതിനാൽ കച്ചിലിൻെറ അളവ് കുറവാണ്. നാടൻ നെല്ലിനങ്ങൾക്ക് ഒരുവിധം നല്ല വിളവുണ്ടാകുകയും വയ്ക്കോലും കിട്ടുന്നതുകൊണ്ട് കർഷകർ സാധാരണയിനം നെല്ലിനങ്ങൾ കൃഷിചെയ്യാൻ ഇഷ്ടപ്പെടുന്നു. പൊക്കമുള്ള അത്യല്പാദനശേഷിയുള്ള വിത്തിനങ്ങൾ കൃഷിചെയ്യാൻ ലഭ്യമാക്കുകയാണ് ഒരു പരിഹാരം.

കർഷകകുടുംബാംഗങ്ങളിലെ യുവതലമുറ പണിയിൽ നിന്ന് പിൻവാങ്ങി കെട്ടിടനിർമ്മാണം, ചുടുകട്ടനിർമ്മാണം മുതലായ തൊഴിലുകളിലാണ് ഏർപ്പെടുന്നത്. പല തൊഴിലും കൂലികുറഞ്ഞാൽപോലും സാമൂഹ്യമാന്യതയാണ് യുവാക്കളെ ആകർഷിക്കുന്നത്. ഇക്കാരണങ്ങളാൽ കർഷകത്തൊഴിലാളികളുടെ കൂലിനിരക്ക് ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. സ്ത്രീകൾക്ക് 55 രൂപയും പുരുഷൻമാർക്ക് 70 രൂപയും ആണ് കൂലി. ചെയ്യുന്ന ജോലിയുടെ അളവ് വളരെ പരിമിതമാണ്.

തെങ്ങിൻെറ ഉൽപ്പാദനക്ഷമത കുറയുവാനുള്ള കാരണങ്ങൾ ഇവയാണ്.

ഉൽപ്പാദനശേഷികുറഞ്ഞ ഇനം തൈകളുടെ ഉപയോഗം

അശാസ്ത്രീയമായ കൃഷിമുറകൾ
ജൈവവളത്തിൻെറ ദൗർല്ലഭ്യം
വൃക്ഷസാന്ദ്രത
അനുയോജ്യമായ ഇടവിളകൾ
കൃഷിചെയ്യാൻ കഴിയാതിരിക്കുക

കീടങ്ങളുടേയും രോഗങ്ങളുടേയും ആക്രമണം യഥാസമയം മനസ്സിലാക്കി തക്ക നിയന്ത്രണമാർഗ്ഗങ്ങൾ സ്വീകരിക്കാൻ കഴിയാതിരിക്കുക.

കൃഷിക്കാർക്ക് ശാസ്ത്രീയമായ പരിശീലനം നൽകാനുള്ളകുറവ്.

പഞ്ചായത്ത് തലത്തിൽ പരീക്ഷണ നിരീക്ഷണങ്ങൾ നടത്താൻ കഴിയാതെയിരിക്കുക

പുരയിട വിസ്തീർണ്ണം കൂട്ടുന്നതനുസരിച്ച് വൃക്ഷസാന്ദ്രത കുറഞ്ഞുവരുന്നതായികാണാം. ഇടവിളകളും കുറവാണ്. വൃക്ഷസാന്ദ്രത കൂടുന്നതനുസരിച്ച് വിളവ്കൂടും എന്ന മിഥ്യാബോധം ശാസ്ത്രീയമായ കൃഷിമുറകൾ സ്വീകരിക്കാൻ കർഷകർക്ക് കഴിയുന്നില്ല. ഇടയകലത്തിൽ മാത്രമല്ല, നടീൽ സമ്പ്രദായത്തിലും വ്യത്യാസമുണ്ട്. വയലുകൾ നികത്തി കൂന കൂട്ടിയാണ് തെങ്ങു വയ്ക്കുന്നത്. തെങ്ങിന്റെ ഇടയിൽ വെള്ളം കെട്ടി നിൽക്കാൻ ഇടയാകുന്നതുകൊണ്ട് തെങ്ങിന്റെ ചുവട്ടിൽ തടിയിൽ നിന്ന് വേരു പൊട്ടാൻ ഇടയാകും. നീർക്കെട്ടു നീക്കുന്നതാണ് ഇതിനു പോംവഴി. കഴിയുന്നതും നിലം നികത്തി തെങ്ങു വയ്ക്കാതിരിക്കുകയാണ് നല്ലത്. നാടൻ ഇനങ്ങളിൽ നിന്നുതന്നെ അത്യുൽപ്പാദന ശേഷിയുള്ളതും, കീട, രോഗപ്രധിരോധശേഷിയുള്ളതുമായ ഇനങ്ങൾ വേർതിരിച്ചെടുത്ത് തൈകളുണ്ടാക്കി വിതരണം ചെയ്യുവാൻ പ്രാദേശിക വിത്തുതൈ ഉൽപ്പാദനകേന്ദ്രങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ആരംഭിക്കേണ്ടതാണ്.

പട്ടിക-5

ഭൂവിനിയോഗം

വിനിയോഗം	വിസ്തീർണ്ണം(ഹെ:)
നെല്ല് ഒന്നാംവിള	150 ഹെ:
നെല്ല് രണ്ടാംവിള	150 ഹെ:
നെല്ല് മൂന്നാംവിള	5 ഹെ:
തെങ്ങ്	541 ഹെ:
മിശ്രിത വിളകൾ തരിശ് -കൃഷിചെയ്യാവുന്നത്	
പച്ചക്കറി	5 ഹെ:
എള്ള്	2 ഹെ:
വാഴ	22.5 ഹെ:
മരച്ചീനി	300 ഹെ:
കുരുമുളക്	8.5 ഹെ:
പ്ലാവ്	10 ഹെ:
കശുമാവ്	15 ഹെ:
മാവ്	10 ഹെ:
കവുങ്ങ്	2 ഹെ:
ബാക്കിസ്ഥലം പുറമ്പോക്ക്, കുളം, റോഡ് മുതലായവയാണ്.	1232 ഹെക്ടർ

"ഹരിതസംഗ" റിസർച്ച് ടെസ്റ്റിംഗ് ആൻറ് ട്രെയിനിംഗ് സെൻറർ എന്ന സ്ഥാപനം ഒരു "സസ്യാശുപത്രി" സ്ഥാപിച്ചു പ്രവർത്തിക്കും. മനുഷ്യന് ആശുപത്രി ഉണ്ട്, മൃഗങ്ങൾക്ക് ആശുപത്രി ഉണ്ട്, സസ്യങ്ങൾക്ക് മാത്രം ആശുപത്രി ഇല്ല!! തെങ്ങിനുണ്ടാകുന്ന കാറ്റുവീഴ്ച, വാഴയുടെ കുറുനാമ്പുരോഗം, പച്ചക്കറിയുടെ മൊസെയിക് രോഗം മുതലായവയും കാർഷികവിളകളെ ബാധിക്കുന്ന ഏതുതരം കീടരോഗങ്ങളുടേയും പ്രതിവിധി; കൃഷിയിടങ്ങൾ പരീക്ഷണശാലയാക്കി പരീക്ഷണ നിരീക്ഷണങ്ങൾ നടത്തും. നാട്ടറിവുകൾക്ക് മുൻഗണന നൽകി ടെസ്റ്റ്യൂബിനേറയും സൂഷ്മദർശിനിയുടേയും സഹായത്തോടെ പരീക്ഷണശാലയുടെ അറിവ് പാടത്തും പരീക്ഷണം നടത്തും. കർഷകരെയും ശാസ്ത്രജ്ഞരെയും ഒന്നിച്ചുകൊണ്ടുവരുന്ന ഒരു സംരഭമാണിത്. പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുമ്പോൾ പേമാരിയും, വെള്ളപ്പൊക്കമുണ്ടാകുമ്പോൾ, വരൾച്ച ഉണ്ടാകുമ്പോഴെല്ലാം കൃഷിക്കാർക്ക് സഹായഹസ്തവുമായി ഈ സംഘടനയിലെ "ദ്രുതകർമ്മ സേന" ഓടി എത്തും. ഗവൺമെൻറിൻെറ സഹായങ്ങൾ കൃഷിയിടങ്ങളിൽ എത്തിക്കാൻ ഈ സ്ഥാപനം സഹായിക്കും. ഈ സ്ഥാപനത്തിൽ ജോലിചെയ്യുന്നവരെല്ലാം അവരവർ ചെയ്യുന്ന ജോലിക്ക് മാത്രം സർവ്വീസ് ചാർജ്ജ് എന്ന ഇനത്തിൽ മാത്രമേ പ്രതിഫലം പറ്റുകയുള്ളൂ. ചെറിയചെറിയ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തും. അർഹരായവർക്ക് സഹായവും സേവനവും സൗജന്യമായിരിക്കും • ഇൻഡ്യൻ മൈക്കോളജിക്കൽ സൊസൈറ്റി, ഫോർഡ്ഫൗണ്ടേഷൻ പോലുള്ള അന്താരാഷ്ട്ര സ്ഥാപനങ്ങളുമായി അഫിലിയേറ്റ് ചെയ്തുകൊണ്ടായിരിക്കും "ഹരിതസംഗം" എന്ന സ്ഥാപനം പ്രവർത്തിക്കുന്നത്. വിവിധ രംഗത്ത് പ്രവർത്തിക്കുന്ന മികച്ച ശാസ്ത്രജ്ഞന്മാരുടെ സേവനം, ഗവൺമെൻറ് സ്ഥാപനങ്ങൾ മുതലായവയുമായും ഒന്നുചേർന്നുള്ള സംരംഭങ്ങൾക്ക് രൂപം നൽകും. തൊഴിലില്ലാത്ത യുവാക്കൾക്ക് പരിശീലനം നൽകി അതതു തുറകളിൽ ജോലികൾക്കായി സജ്ജരാക്കും. അവികസിത പ്രദേശങ്ങളിൽ വികസന പ്രവർത്തനങ്ങൾക്ക് സർവ്വേ നടത്തി സർവ്വേ റിപ്പോർട്ടുകൾ തയ്യാറാക്കി പദ്ധതികൾ നടപ്പിലാക്കാൻ സഹായിക്കും. കൃഷി, ജലസേചനം, ആരോഗ്യം, സാമൂഹ്യക്ഷേമം, വനവൽക്കരണം, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവയിൽ പ്രത്യേക പഠനങ്ങൾ നടത്തും. ശാസ്ത്രീയമായ അറിവുകൾ ജനകീയവത്ക്കരിക്കാൻ ജനങ്ങളേയും ഗവൺമെൻറിനേയും ബന്ധിപ്പിക്കുന്ന കണ്ണിയായി "ഹരിതസംഗം" പ്രവർത്തിക്കും. ടിഷ്യൂകൾച്ചർ ലാബറട്ടറി സ്ഥാപിക്കും. കൂൺകൃഷി പരിശീലനം നൽകും. ഒരു കൊക്കോ സംസ്ക്കരണ കേന്ദ്രം സ്ഥാപിക്കും.

പുഷ്പകൃഷി, പച്ചക്കറികൃഷി, കൂൺ കൃഷി, വാഴ, കുരുമുളക്, ഇഞ്ചി, ഇലക്കറി കൃഷി, പുൽകൃഷി, ഉദ്യാനം നിർമ്മിക്കൽ, ഫലവർഗ്ഗങ്ങളുടെ കൃഷിയും സംസ്ക്കരണവും എന്നിവക്ക് കൂടുതൽ പ്രാധാന്യം നൽകും. കൊക്കോകൃഷി വ്യാപിപ്പിക്കുവാനും കൊക്കോസംസ്ക്കരണവും അതിൽ നിന്നുള്ള മറ്റു ഉപപ്പന്നങ്ങളും നിർമ്മിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും. ഇതിനൊക്കെ വൻ സാധ്യതകളാണ് ഈ പഞ്ചായത്തിലുള്ളത്.

ചെറിയ നീർമറി പ്രദേശങ്ങൾ (മൈക്രോ വാട്ടർഷെഡ്) ചേർന്ന ഒരു പ്രദേശമാണിത്. ജൈവിക പ്രകൃതി ചക്രം അടിസ്ഥാനമാക്കി കീടനിയന്ത്രണം, വളപ്രയോഗം, മണ്ണ് സംരക്ഷണപ്രവർത്തനം, ജലസേചനം മുതലായ പ്രവർത്തികളിൽ ആധുനിക സിദ്ധാന്തങ്ങൾ പ്രാവർത്തികമാക്കും. പരിസ്ഥിതിയും, പ്രകൃതിയുടെ സന്തുലിതാവസ്ഥയും ഭൗതീകചക്രവും നിലനിർത്താനുള്ള പ്രക്രിയകൾ ആവിഷ്ക്കരിച്ച് നടപ്പാക്കും. പഞ്ചായത്തിൽ 4 രാസവള വില്പന കേന്ദ്രങ്ങളാണുള്ളത്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം ശാസ്ത്രീയമാക്കാനുള്ള സംവിധാനങ്ങളും സസ്യാശുപത്രി മുഖേന സാധിക്കും. മണ്ണിൽ ജൈവാംശം കുറയുന്നതുകൊണ്ട് രാസവളപ്രയോഗം മൂലം മണ്ണിൽ പുളിരസം ഉണ്ടാകുന്നു. പച്ചില വളച്ചെടികൾ കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുന്നത് കൊണ്ടും, ഓരോവീട്ടിലും കമ്പോസ്റ്റ് കുഴികൾ ഉണ്ടാക്കി കൂടുതൽ ജൈവവളം നിർമ്മിക്കേണ്ടതാണ്. കാലി വളർത്തിന് വലിയ വിലയും.

വിദഗ്ദ കർഷകത്തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥയുണ്ടെങ്കിലും ആവശ്യത്തിന് യന്ത്രോപകരണങ്ങൾ ലഭ്യമല്ല. വയലുകളുടെ നിമ് നോന്നത അവസ്ഥയും ടില്ലറുകൾ നിലത്തിൽ ഇറങ്ങാൻ റാമ്പുകൾ ഇല്ലാത്തതിനാലും നിലത്തിൽ ഇറക്കാൻ പറ്റുന്ന അവസ്ഥയില്ല. റോക്കർ സ്പ്രേയർ, നാപ്സാക്ക് സ്പ്രേയർ ടില്ലർ മുതലായവയാണ് ഉപയോഗിച്ചുവരുന്ന യന്ത്രോപകരണങ്ങൾ. അഗ്രോക്ലിനിക്കുകൾ ഓന്നും പ്രവർത്തിക്കുന്നില്ല. അതുകൊണ്ടുള്ള പ്രയോജനവും കൃഷിക്കാർക്കും ലഭിക്കുന്നില്ല. ഗ്രാമസഭയിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ കാർഷികരംഗത്ത് പരിഗണിക്കേണ്ട പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്.

1. നെൽകൃഷി നഷ്ടമാണ്
2. തേങ്ങക്ക് വേണ്ടത്ര വില ലഭിക്കുന്നില്ല
3. തുണ്ടുഭൂമികളിൽ ലാഭകരമായി കൃഷി ചെയ്യാൻ പറ്റുന്നില്ല.
4. കർഷകത്തൊഴിലാളികളെ വേണ്ടത്ര കിട്ടുന്നില്ല.
5. കർഷകത്തൊഴിലാളികളുടെ സേവന നിലവാരമാകട്ടെ കുറഞ്ഞുവരുന്നു.
6. കാർഷികയന്ത്രോപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല
7. ജൈവവളങ്ങളുടെ ഉപയോഗം കുറയുന്നു വേണ്ടത്ര കിട്ടാനുമില്ല.
8. രാസവളത്തിന് 50% എങ്കിലും സബ്സിഡി അനുവദിക്കണം
9. ജലസേചന സൗകര്യങ്ങൾ കുറവാണ്, മിക്കവാറും കൃഷി മഴയെ ആശ്രയിച്ചാണ് നടക്കുന്നത്.
10. വേനൽക്കാല പച്ചക്കറിയിനങ്ങൾ വളരെ കുറവായി മാത്രമേ ഉല്പാദിപ്പിക്കുന്നുള്ളു
11. കൃഷി മുഖ്യതൊഴിലായിട്ടുള്ളവർ കുറവാണ്. അതിനാൽ കൃഷിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നവരും കുറവാണ്.
12. തെങ്ങിന് ചെന്നീരൊലിപ്പ്, വേര്ചീയൽ രോഗം, കൂമ്പ്ചീയൽരോഗം, പച്ചക്കറിക്ക് കീടബാധ മുതലായവ രൂക്ഷമാകുന്നു.
13. കൃഷിഭവന്റെ സേവനം വേണ്ടത്ര ലഭിക്കുന്നില്ല.
14. ഗ്രൂപ്പ്ഫാമിംഗ് സമിതികൾ പലതും പ്രവർത്തിക്കുന്നില്ല.

മൃഗസംരക്ഷണം മത്സ്യബന്ധനം

മൃഗസംരക്ഷണം

ഇലകമൺ ഒരു കാർഷിക ഗ്രാമമാണ്. കന്നുകാലിവളർത്തൽ കൃഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു. വണ്ടിവലിക്കുന്നതിനും നിലം ഉഴുന്നതിനും കാളകളേയും പാലിന്റെ ആവശ്യത്തിന് പശുക്കളേയും ആടുകളേയും വളർത്തിയിരുന്നു. കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ മുഖ്യപങ്കും കന്നുകാലികളിൽ നിന്നും കിട്ടിക്കൊണ്ടിരുന്നു. മുൻകാലങ്ങളിൽ പച്ചില ധാരാളം കിട്ടിയിരുന്നെങ്കിലും കൂടുതൽ സ്ഥലങ്ങൾ കൃഷിക്കു അനുയോജ്യമാക്കിയപ്പോൾ പച്ചിലക്കാടുകൾ ഇല്ലാതായി. ചാണകത്തിന്റെ വില കൂടുകയും ചെയ്തു. കന്നുകാലിവളർത്തലും ആടുവളർത്തലും മുഖ്യതൊഴിലാക്കിയ പല കുടുംബങ്ങളും ഇവിടെ ഉണ്ടായിരുന്നു. രണ്ടാംവിള നെൽക്കൃഷികഴിഞ്ഞാൽ വിസ്തൃതമായ ഇലകമൺ, ഐരൂർ ഏലകളിൽ കന്നുകാലികളെകെട്ടിമേയ്ക്കാൻ സൗകര്യമുണ്ടായിരുന്നു. തണ്ണീലം നിലങ്ങളിൽ ചാണകം വീണുകിടക്കുമായിരുന്നു. പാടങ്ങൾ നികത്തി തെങ്ങ് വെയ്ക്കലും, വീടുപണിയും ആരംഭിച്ചപ്പോൾ കാലിമേയ്ക്കൽ കുറഞ്ഞുവന്നു. പശു, കാള, ആട്, എരുമ, പോത്ത്, പട്ടി മുതലായ മൃഗങ്ങളാണ് ഇലകമൺ പഞ്ചായത്തിലെ മുഖ്യ വളർത്തുമൃഗങ്ങൾ. ക്ഷീരവികസന സഹകരണ സംഘങ്ങൾ വന്നതോടുകൂടി പാൽ വിപണന സൗകര്യം കൂടി. മിക്കവരുടെ ആവശ്യത്തിന് സൊസൈറ്റിയിൽ നിന്ന് പാൽ ലഭ്യമായതുകൊണ്ട് സ്വന്തം ആവശ്യത്തിനു വേണ്ടി മാത്രം പശുക്കളെ വളർത്തുന്നവർ കുറവാണ്. താഴെ കൊടുക്കുന്നതാണ് വളർത്തു മൃഗങ്ങളുടെ കണക്ക്.

വളർത്തുമൃഗങ്ങളും, പക്ഷികളും.

ഇനം	എണ്ണം	നാടൻ	സങ്കരയിനം
പശു	1728	-	1728
കാള	51	46	5
എരുമ	10	10	-
ആട്	2534	2534	-
പോത്ത്	9	3	6
പട്ടി	1973	184	1789
ആന	4	-	-

പക്ഷികൾ

ഇനം	എണ്ണം
പൂവൻകോഴി	2821
പിടക്കോഴി	15088 മുട്ടയിടുന്നത് 4799
താറാവ്	78
ടർക്കികോഴി	4
കാട	86
പ്രാവ്	50
അരയന്നം	2

കഴിഞ്ഞ അഞ്ചുവർഷത്തെ രോഗവിവരങ്ങൾ:-

1991-95

രോഗങ്ങൾ	പശു	ആട്	എരുമ	പട്ടി	കോഴി
1. ദഹനസംബന്ധമായ	1679	1559	-	310	1345
2. ശ്വാസകോശസംബന്ധമായ	813	635	-	110	758
3. ത്വക്ക്രോഗങ്ങൾ	809	332	9	260	96
4. ധാതുലവണ അഭാവം	240	31	-	118	217
5. പരാദ രോഗങ്ങൾ	1610	130	10	213	676
6. വന്ധ്യത	1230	134	-	23	
7. അകിടുവീക്കം	336	183	-	-	
8. മുടന്തൻപനി	438	155	-		
9. പകർച്ചവ്യാധികൾ	4		-	-	

കൃത്രിമ ബീജസങ്കലനം

ഇനം	എണ്ണം
പശു	3794
കിടാരി	987

മേൽകാണിച്ചിരിക്കുന്ന പട്ടികയിൽ നിന്നും ഈ പഞ്ചായത്തിലെ പക്ഷികളുടേയും മൃഗങ്ങളുടേയും ഏകദേശ വിവരം ലഭിക്കും. കഴിഞ്ഞ പത്തുവർഷത്തിനിടയിൽ കാറുകളുടേയും കാളവണ്ടിയുടേയും കാര്യത്തിൽ ഗണ്യമായ കുറവ് വന്നതായികാണാം. കൂടാതെ ആടുകളുടെ എണ്ണവും കുറഞ്ഞ് വരുന്നതായികാണാം. പശുക്കളുടെ കാര്യത്തിൽ വലിയ കുറവ് വന്നിട്ടില്ലെങ്കിലും എരുമകളുടെ കാര്യത്തിൽ കുറവ് വന്നിട്ടുള്ളതായികാണാം. കാർഷികവൃത്തിയിൽ മൃഗങ്ങളുടെ ഉപയോഗം കുറഞ്ഞു വരുന്നതായി കാണാം. ടില്ലറുപയോഗിച്ച് പൂട്ടുന്നത് കൂടുതൽ ലാഭകരമായി വരുന്നതാണ് കാരണം. കൂടാതെ മൃഗങ്ങളെ തീറ്റിപ്പോറ്റാൻ വരുന്ന വലിയ

ചെലവും, കാലിത്തീറ്റകൾക്ക് അടിക്കടി ഉണ്ടാകുന്ന വിലകയറ്റവും ഒരു പ്രശ്നമാണ്.

ഈ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള മൃഗസംരക്ഷണസംവിധാനം മൃഗസംരക്ഷണ വകുപ്പിന്റെ ഒരു മൃഗാശുപത്രീയാണ്. ഗ്രാമപഞ്ചായത്തിന്റെ ദൂരെയുള്ള വാർഡുകളിൽ സബ്സെന്ററർ അനുവദി ക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതാണ്.

തീറ്റ പുൽകൃഷി ഇനിയും വ്യാപിപ്പിക്കേ ണ്ടിയിരിക്കുന്നു. പശുക്കളെ പറമ്പിൽ കെട്ടി കിട്ടുന്ന പുല്ലാണ് നൽകുന്നത്. പുല്ല് കച്ചവടം തീരെ ഇല്ലെന്നു പറയാം. കൊയ്ത്തു സമയത്തുകിട്ടുന്ന വയ്ക്കോൽ സീസൺ കഴിയുമ്പോൾ തീരും. വർഷകാലത്ത് തമിഴ് നാട്ടിൽ നിന്ന് വലിയ വിലകൊടുത്ത് പിരികച്ചി വാങ്ങേണ്ടിവരുന്നു. പാലിന്കിട്ടുന്ന വിലയും തീറ്റവിലയും തട്ടിച്ചു നോക്കുമ്പോൾ പരാപരം തട്ടിനീക്കി പോകാമെന്നേപറയാൻ പറ്റൂ. പാൽ സംഭരണ വിതരണ സംഘങ്ങൾ അഞ്ചെണ്ണം പ്രവർത്തിക്കുന്നുണ്ട്. എന്നിരുന്നാലും ചില പാൽ സഹകരണസംഘങ്ങൾ നന്നായി പ്രവർത്തിക്കുന്നില്ല.

ഈ പഞ്ചായത്തിൽ അറവുശാലയില്ലാത്തത് പരിസര മലിനീകരണത്തിനും രോഗങ്ങൾ വ്യാപിക്കുന്നതിനും ഇടയാകുന്നു.

പ്രധാന പ്രശ്നങ്ങളും ആവശ്യങ്ങളും

1. മൃഗാശുപത്രിക്ക് ഒരു കെട്ടിടം പണിയുക, മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനങ്ങൾ അപര്യപ്തമാണ്. അതുകൊണ്ട് സബ്സെൻറുകൾ തുടങ്ങുക.
2. കാലിത്തീറ്റയുടെ വില അമിതമായി വർദ്ധിക്കുന്നു. ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിച്ച് കാലിത്തീറ്റ സബ്സിഡി നിരക്കിൽ എല്ലാവർക്കും വിതരണം ചെയ്യുക.
3. നല്ലയിനം പശുക്കളെ ലഭിക്കുന്നില്ല. അത് ലഭ്യമാക്കുക.
4. കന്നുകാലികളിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക.
5. ആവശ്യത്തിനുള്ള കോഴിക്കുഞ്ഞുങ്ങളെ സുലഭമായി ലഭിക്കുന്നില്ല ഈ പഞ്ചായത്തിൽ കോഴികുഞ്ഞ് ഉൽപാദനകേന്ദ്രം ആരംഭിക്കുക.
6. ഇറച്ചിക്കോഴി വളർത്തലിനും അത്യുൽപ്പാദനശേഷിയുള്ളവയെ വിതരണം ചെയ്യുകയും അതിനുള്ള വായ്പയും നൽകുക.
7. മുയൽ, കാടവളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുക.
8. താറാവ് വളർത്തൽകേന്ദ്രം ആരംഭിക്കുക.
9. പേവിഷബാധക്കുള്ള വാക്സിൻ എപ്പോഴും ലഭ്യമാക്കുക.
10. ഈ പഞ്ചായത്തിൽ ഒരു ആയുർവ്വേദ മൃഗാശുപത്രി സ്ഥാപിക്കുക.
11. തെരുവുനായ്ക്കളെ നശിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുക.

മത്സ്യബന്ധനം

ഇലകമൺ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ ഒഴുകുന്ന കിലോമീറ്ററോളം നീളമുള്ള തോടുകൾ, കായൽ, ചാലുകൾ, കുളങ്ങൾ, പടിഞ്ഞാറേഅതിർത്തിയിലുള്ള

കായലുകൾ മുതലായവയാണ് പ്രധാനമായ ഉപരിതല ജലസ്രോതസ്സുകൾ വളരെയധികം മത്സ്യബന്ധന സാധ്യതകൾ ഉള്ളതാണ് കുളങ്ങളും കായലും. ചെമ്മീൻ കൃഷിക്ക് സാധ്യതയുള്ള ചതിപ്പുനിലവും വിസ്തൃത മായ കായൽപ്പരപ്പുമുണ്ട്.

പരമ്പരാഗതമായി മത്സ്യബന്ധന ത്തിൽ ഏർപ്പെട്ടിട്ടുള്ള 50 പേരാണ് ഈ പഞ്ചായത്തിലുള്ളത്. ഇവരിൽ സ്വന്തമായ വള്ളവും വലയും ഉള്ളവർ 10 പേരാണ് . കരിമീൻ, മാല, കൊഞ്ചു്, വരാൽ, ഒടതല, തേട് മുതലായവയാണ് സാധാരണ ലഭിക്കാ റുള്ള മീനുകൾ. പ്രാച്ചി, പൂമീൻ മുതലായവ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഇന ങ്ങളാണ്. നല്ലയിനം കൊഞ്ചുകളും രോഗങ്ങ ൾ ബാധിച്ച് എണ്ണത്തിൽ കുറഞ്ഞുകൊണ്ടി രിക്കുന്നു. പരമ്പരാഗത ചെറുവള്ളങ്ങളും വലകളുമാണ് ഉപയോഗിക്കുന്നത്.

വിപണനം പ്രാദേശികമായിത്തന്നെ നടത്തുന്നു. വിപണനത്തിലേർപ്പെട്ടിരിക്കുന്ന 19 സ്ത്രീകളാണുള്ളത്. ദിവസം 10 കിലോ മത്സ്യം ഓരോരുത്തരും വിപണനം ചെയ്യു ന്നു. സാമ്പത്തികസഹായം അർഹിക്കുന്ന ഒരു മേഖലയാണിത്.

ഉൾനാടൻ മത്സ്യബന്ധന സാധ്യകൾ തീരെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ശുദ്ധജല മത്സ്യക്കൃഷി കുളങ്ങളിൽ നട ത്താവുന്നതാണ്. മത്സ്യരോഗ ഗവേഷണ കേന്ദ്രം സ്ഥാപിക്കേണ്ടതാണ്. മത്സ്യക്കൃഷി ക്കായി വായ്പയും ഉപകരണങ്ങൾക്ക് സബ് സിഡിയും നൽകണം. ഇലകമൺ പഞ്ചായ ത്തിൽ ഒരു മത്സ്യ സംസ്ക്കരണ യൂണിറ്റ് സ്ഥാപിച്ചു പ്രവർത്തിക്കുന്നത് നന്നായിരി ക്കും. വിസ്തൃതമായ ഹരിഹരപുരം മുതൽ കായൽപുറം വരെയുള്ള കായൽപ്രദേശത്ത് ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിച്ചു, ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. മത്സ്യ ഫഡിന്റെ സ്റ്റാളുകൾ ആരംഭിക്കണം. ഈ പഞ്ചായത്തിൽ മൂന്നു സ്ഥലത്താണ് മത്സ്യ വിപണനം നടത്തുന്നത്.

ഗ്രാമസഭകളിൽ ഉയർന്നു വന്ന പ്രശ്നങ്ങൾ

1. കീടനാശിനികൾ ഉപയോഗിതുകൊണ്ട് തോടിലേയും കുളങ്ങളിലേയും മത്സ്യസമ്പത്തിന് വംശനാശം സംഭ വിച്ചു. ഇതൊരു പരിസ്ഥിതി പ്രശ്നവും കൂടിയാണ്.
2. കുളങ്ങളിൽ മത്സ്യം വളർത്തുവാൻ താല്പര്യമുള്ളവർക്ക് വിദഗ്ദ ഉപ ദേശവും നല്ലയിനം മത്സ്യക്കുഞ്ഞു ങ്ങളേയും കിട്ടുന്നില്ല.
3. മത്സ്യവിൽപ്പന കേന്ദ്രങ്ങളിൽ ആടു മാടുകളെ കശാപ്പു ചെയ്തു അവ ശിഷ്ടങ്ങൾ എറിയുന്നതുമൂലം പരി സരമലിനീകരണം ഉണ്ടാവുകയും പ ക്ഷികളും പട്ടികളും അവശിഷ്ടങ്ങൾ പരിസരത്തുള്ള കിണറുകളിലും പറ മ്പുകളിലും കൊണ്ടിടുന്നു. മത്സ്യവി ൽപ്പന കേന്ദ്രങ്ങളിൽ ദുർഗന്ധമുണ്ടാ കുന്നു.
4. പ്രധാന കേന്ദ്രങ്ങളിൽ മത്സ്യവിൽ പ്പനസ്റ്റാളുകൾ നിർമ്മിക്കണം.
5. കായലുകളിൽ കക്കാക്കൃഷി, ചിപ്പിവ ളർത്തൽ, കൊഞ്ചുകൃഷി മുതലായവ യ്ക്കുള്ള പദ്ധതികൾ ആവിഷ് ക്കരിക്കുക.

6. പൊതുകുളങ്ങളിൽ മത്സ്യവളർത്തലിന് വേണ്ട സൗകര്യം ഉണ്ടാക്കണം.

7. ആഴക്കടൽ മത്സ്യബന്ധനവിപണന മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് ക്ഷേമ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

വനം

ഇലകമൺ പഞ്ചായത്തിൽ വനങ്ങൾ ഒന്നും ഇല്ല. റിസർവ് വനങ്ങൾ, നിക്ഷിപ്ത വനങ്ങൾ ഒന്നുമില്ല. നാലു സർപ്പക്കാവുകളുണ്ട്. കാവുകളും അവയോടനുബന്ധിച്ചുണ്ടായിരുന്ന കാടുകളും കുളങ്ങളും ഒരു കാലത്തു ഏലാകളിലെ ജലസമ്പത്തു സംരക്ഷിക്കാൻ സഹായകമായിരുന്നു. മനുഷ്യരുടെ അതിരുകടന്ന ഇടപെടലുകൾ മൂലം ഇന്നും കാവുകളെല്ലാം നാശോൻമുഖമായിക്കൊണ്ടിരിക്കുന്നു. സർപ്പക്കാവുകൾ കൂടുതൽ മരങ്ങളും വള്ളികളും വച്ചുപിടിപ്പിച്ചു സംരക്ഷിക്കേണ്ടതാണ്. അന്യംനിന്നു പോകുന്ന മരങ്ങളും വള്ളികളും വച്ചുപിടിപ്പിക്കാൻ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ഈ കാവുകളിൽ പാർക്കുന്ന അപൂർവ്വയിനം പക്ഷികളും മറ്റും പ്രകൃതിയുടെ അപൂർവ്വ സമ്പത്താണ്. ഇവയേയും സംരക്ഷിക്കേണ്ടിയിരിക്കുന്നു. കാടും പടർപ്പുമുള്ള സ്ഥലത്തും ഔഷധസസ്യങ്ങളും കിഴങ്ങുവർഗ്ഗങ്ങളും കാണാം എല്ലാ സ്ഥലവും കൃഷിക്കായി ഉപയോഗിച്ചുതുടങ്ങിയപ്പോൾ ഇവയൊക്കെ അപ്രത്യക്ഷമായി ക്കൊണ്ടിരിക്കുകയാണ്. കാവുകളിൽ വൻമരങ്ങളും അടിക്കാടുകളും ഉണ്ടായിരുന്നസമയത്ത് അപൂർവ്വയിനം ഔഷധസസ്യങ്ങൾ ലഭിക്കു മായിരുന്നു. വനവൽക്കരണപ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ഇപ്പോഴുള്ള കാവുകൾ കൂടുതൽ വച്ചുപിടിപ്പിക്കുക, അമ്പലങ്ങളോടുചേർന്ന് പുതിയ കാവുകൾ വച്ചുപിടിപ്പിക്കുക, പുറമ്പോക്കുസ്ഥലങ്ങളിൽ മഹാഗണി, തേക്ക്, പ്ലാവ്, മാവ് തുടങ്ങിയവ വച്ചുപിടിപ്പിക്കുകയുമാവാം. അതുപോലെതന്നെ പൊതുകളിസ്ഥലങ്ങൾക്കുചുറ്റും സ്കൂൾ പരിസരങ്ങളിലും ഓഫീസുകൾക്കു ചുറ്റും പൂമരങ്ങളും, ഔഷധമരങ്ങളും പഴവർഗ്ഗമരങ്ങളും വച്ചുപിടിപ്പിക്കാവുന്നതാണ്. സമൃദ്ധമായ വേരുകളുള്ള മരങ്ങൾ വച്ചുപിടിപ്പിക്കുന്നതുകൊണ്ട് ഒരു പരിധിവരെ മണ്ണൊലിപ്പ് നിയന്ത്രീകരിക്കാനാകും. നമുക്ക് വളരെയധികം റോഡുപുറമ്പോക്കുകൾ ഉണ്ട്. അവയിലൊക്കെ സാംസ്ക്കാരിക സംഘടനകൾക്ക് മരം വച്ചുപിടിപ്പിക്കുവാൻ കഴിയും. പാർപ്പിടത്തിനും മറ്റും മരങ്ങൾക്കും ഇപ്പോൾ വില വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ അവസ്ഥയിൽ കൂടുതൽ മരങ്ങൾ വച്ചുപപിക്കുന്നത് കൂടുതൽ അഭികാമ്യമായിരിക്കും.

വ്യവസായം

വ്യാവസായിക തൊഴിൽ മേഖല പരിശോധിച്ചാൽ ഇലകമൺ പഞ്ചായത്തിൽ വ്യാവസായങ്ങൾ ഒന്നുംതന്നെയില്ലെന്നുകാണാം. അടുത്ത പഞ്ചായത്തിലെ കശുവണ്ടി ഫാക്റ്ററികളിൽ തൊഴിലിനു പോകുന്നവർക്കുതന്നെ വർഷം മുഴുവൻ ജോലി ലഭിക്കുന്നില്ല. തൊണ്ടഴുക്കി കയർപിരിച്ച് ചെറിയ തോതിൽ നടന്നിരുന്നതും തൊണ്ട് ലഭ്യമല്ലാതിരിക്കുന്നതിനാൽ ആ വ്യാവസാവും തകർചയിലേക്കാണ് ഇഷ് ടികവ്യവസായം. നടക്കുന്നുണ്ടെങ്കിലും അസംസ്.കൃത സാധനങ്ങളുടെ പ്രശ്നങ്ങൾ കാരണം അതും പ്രതിസന്ധിയിലാണ്. ഒരു കയർ വ്യാവസായയൂണിറ്റ് ഫലപ്രദമായി നടത്താൻ കഴിയുന്ന ഒരു മേഖലയാണിത്. ഇപ്പോൾ കെടാകുളത്തു പ്രവർത്തിക്കുന്ന ഒരു കയർ സഹകരണസംഘം ഉണ്ട്. പക്ഷെ അതു ഫലപ്രദമായി പ്രവർത്തിച്ചു കാണുന്നില്ല. ഇവിടെ ഒരു കയർ ഫാക്റ്ററി പ്രവർത്തിക്കാനുള്ള സാധ്യതകൾ പരിഗണിക്കേണ്ടതുണ്ട്. കയറ്റുപായ് നെയ്ത്തു്, മറ്റു കയർ ഉൽപ്പന്നങ്ങൾ മുതലായവ ഇവിടെതന്നെ സഹകരണ മേഖലയിൽ ഉത്പാദിപ്പിക്കാവുന്നതാണ് അസംസ്കൃത വസ്തുവായ തൊണ്ട് ഈ പ്രദേശത്തും സമീപപ്രദേശങ്ങളിൽ നിന്നും സംഭരിക്കാവുന്നതാണ്. ഇവിടെ അടുത്ത് പരവൂരിലും വക്കം, ചിറയിൻകീഴ് മേഖലയിലും പ്രവർത്തിക്കുന്ന സഹകരണസംഘ ങ്ങളാണ്. ഇവിടെനിന്നും തൊണ്ട് ശേഖരിച്ചു കൊണ്ടുപോകുന്നത് ഗവൺമെൻറുടമയിൽ മുതൽ മുടക്കി കയർ വ്യാവസായത്തെ പരിപോഷിപ്പിക്കേണ്ടതു അത്യാവശ്യമാണ്.

വനിതാ വ്യാവസായ ചെറുകിടയൂണിറ്റുകൾ സ്ഥാപിക്കാനും സാധ്യതകൾ ഉണ്ട്, കോഴിവളർത്തൽ യൂണിറ്റ്, കോഴിക്കുഞ്ഞ് ഉത്പാദനം, നെയ്ത്തുവ്യാവസാ യം- എന്നിവ ആരംഭിക്കണം.

ചന്ദനത്തിരിനിർമ്മാണം, മെഴുകുതിരി, തീപ്പെട്ടിനിർമ്മാണവും പഠനവിധേയമായി അനുയോജ്യമെന്നുകണ്ടാൽ നടപ്പിലാക്കാവുന്നതാണ്. കന്നുകാലുത്തീറ്റ, ഫാക്ടറി സ്ഥാപിക്കാൻ അസംസ്കൃതവസ്തുക്കൾ ഇവിടെ ലഭ്യമാണ്. മരച്ചീനി, ചക്ക, തവിട്, മത്സ്യാവശിഷ്ടങ്ങൾ ഇവയും ഉപയോഗയോഗ്യമാക്കാവുന്നതാണ്

പരമ്പരാഗത ഈറവ്യവസായം അസംസ്കൃതവസ്തുക്കളുടെ അഭാവം കാരണം മുടങ്ങിയിരിക്കുന്നു. സഹകരണ അടിസ്ഥാനത്തിൽ ഈറ വിലകുറച്ചു ലഭിക്കുമെങ്കിൽ വട്ടി, കുട്ട, നെയ്ത്തുവ്യവസായം പുനരുജ്ജീവിപ്പിക്കാൻ കഴിയും.

കൈത്തറി സഹകരണസംഘം പരീക്ഷണാടിസ്ഥാനത്തിൽ മാത്രം സ്വീകരിക്കാവുന്ന ഒരു വ്യവസായമാണ്. വിശദമായ പഠനം ഇക്കാര്യത്തിൽ ആവശ്യമായി രിക്കുന്നു.

ഖാദി വ്യവസായബോർഡിൻെറ കീഴിൽ വനിതാ നെയ്ത്തുകേന്ദ്രങ്ങൾ തുടങ്ങുവാനുള്ള സാദ്ധ്യതകളുണ്ട്. ഓരോ വാർഡിലും ഓരോ നെയ്ത്തു കേന്ദ്രങ്ങൾ തുടങ്ങേണ്ടതാണ്.

വ്യവസായരംഗത്തെ പ്രശ്നങ്ങൾ/ആവശ്യങ്ങൾ

1. പറയത്തക്ക വ്യവസായങ്ങളൊന്നും പ്രവർത്തിക്കാത്ത ഒരു പഞ്ചായത്താണ് ഇലകമൺ പഞ്ചായത്ത്. സാധ്യതകളുള്ള വ്യവസായങ്ങൾ ഈ പഞ്ചായത്തിൽ ഉടനെ തുടങ്ങണം.
2. കയർ വ്യവസായത്തിന്റെ വിവിധ വശങ്ങളെപ്പറ്റി പഠിച്ച് ഈ വ്യവസായം പുരോഗമിപ്പിക്കണം.
3. വനിതാ നെയ്ത്തുകേന്ദ്രങ്ങൾ എല്ലാ വാർഡിലും തുടങ്ങണം. ഗവൺമെൻറ് ധനസഹായം നൽകണം.
4. കോഴിക്കുഞ്ഞ് വിരിയിക്കാനുള്ള കേന്ദ്രങ്ങൾ മൃഗസംരക്ഷണവ കുപ്പിന്റെ മേൽനോട്ടത്തിൽ സബ്സിഡിയോടു കൂടി തുടങ്ങണം.
5. താല്പര്യമുള്ള കർഷകർക്ക് പന്നി, മുയൽ, വളർത്തുകേന്ദ്രങ്ങൾ തുടങ്ങാൻ ധനസഹായം നൽകണം.
6. വനിതാ തൊഴിലവസരങ്ങൾക്ക് പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കണം.

   ബീഡിതെറുപ്പ് സഹകരണസംഘം ഉണ്ടാക്കണം.
7. സാങ്കേതിക പരിശീലനം ലഭിച്ച (MGTE & KGTE) തൊഴിൽ രഹിതർക്കു തൊഴിൽ നൽകുവാനുള്ള പദ്ധതികൾ ഇന്നില്ല. ഇവ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.
8. മുഖ്യ കാർഷികോൽപ്പന്നമായ നാളികേരവും അനുബന്ധ വ്യവസായവും സാമ്പത്തിക മേഖലയിൽ കൂടുതൽ പ്രയോജനപ്പെടുന്നില്ല.
9. കറിപൗഡർ, അച്ചാർ, തീപ്പെട്ടി, മെഴുകുതിരി മുതലായവയുടെ ഉൽപ്പാദനം വാർഡടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും സ്ഥലത്തെ സഹകരണസംഘം മുഖേന കുറഞ്ഞ പലിശക്ക് വായ്പ ലഭ്യമാകുകയും ഗവൺമെൻറ് വനിതാവികസന കോർപ്പറേഷന്റെ സഹായപദ്ധതികൾ ഈ പഞ്ചായത്തിലും അനുവദിക്കുക.
10. മേൽപ്പറഞ്ഞ പ്രശ്നങ്ങൾ കണക്കാക്കി ഈ പഞ്ചായത്തിൽ ഒരു വ്യവസായ സഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
11. വ്യവസായവകുപ്പിൽ നിന്നും ഒരു പഠന സംഘത്തെ നിയോഗിച്ച് ഈ പഞ്ചായത്തിലെ മേൽപ്പറഞ്ഞ സാധ്യതകൾ ശാസ്ത്രീയമായി അവലോകനം ചെയ്ത് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

●

ഗതാഗതം ഊർജ്ജം

ഊർജ്ജം:- കാർഷികമേഖലയിൽ പമ്പുകൾ പ്രവർത്തിക്കുന്നതിന് വൈദ്യുതിയെ ആശ്രയിക്കുന്നു. കാർഷികോപയോഗത്തിന് 241 ഉം വ്യവസായത്തിന് 45ഉം വ്യപാരത്തിന് 385ഉം ഗാർഹികത്തിന് 3907ഉം കണക്ഷനുകളാണുള്ളത്. 15 ട്രാൻസ്ഫാമറുകളിൽ നിന്നുമാണ് വൈദ്യുതി വിതരണം ചെയ്യുന്നത്. പുതുവൽ, കെടാക്കുളം, ഹരിഹരപുരം, നെല്ലേറ്റിൽ, ഇലകമൺ, പഴയ പോസ്റ്റാഫീസ്, കരവാരം, റബ്ബർഎസ്റ്റേറ്റ്, കായൽപുറം, കായൽപുറം വാട്ടർ വർക്ക്സ്, അയിരൂർ, തൃമ്പല്ലൂർ, കടവിൻകര, വേങ്കോട്, വില്ലിക്കടവ്, കിഴക്കേപ്പുറം മുതലായവയാണവ. **E.P.** കോളനി, കല്ലുവിള കോളനി, തേരിക്കൽ കോളനി, ചാരുംകുഴി, കുന്നുംപുറം കോളനി, വേടർക്കുന്ന് കോളനി, ഹരിഹരപുരം കോളനി മുതലായ്വയാണ് വൈദ്യുതി കണക്ഷൻ ലഭിച്ച കോളനികൾ. കൂടാതെ 4 ട്രാൻസ്ഫാമറുകൾ സ്ഥാപിക്കാൻ വേണ്ടിയുള്ള് നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

പഞ്ചായത്തിന്റെ പാചകാവശ്യത്തിന് 75% പേരും വിറകാണുപയോഗിക്കുന്നത്. പാചകഗ്യാസ് ഉപയോഗിക്കുന്നത് 5% മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്നത് 20% പേരും. വിറകുലഭ്യത ഉണ്ടെങ്കിലും കൃഷിസ്ഥലം കുറവായവർക്ക് മണ്ണെണ്ണയെ ആശ്രയിക്കേണ്ടിയിരിക്കുന്നു. തെങ്ങിൽ നിന്നു കിട്ടുന്ന വിറക് വലിയ ഒരളവുവരെ ഉപയോഗിക്കുന്നു. ഊർജ്ജത്തിന്റെ 75%നുമേൽ വിറകിൽ നിന്നും ലഭിക്കുന്നു. പുകയില്ലാത്ത ദക്ഷത കൂടിയ അടുപ്പുകൾ ഉപയോഗിക്കുന്നതുകൊണ്ട് ഇന്ധനം വളരെ ലാഭിക്കാൻ കഴിയും. സ്ക്കൂളുകൾ, ഹോട്ടലുകൾ മുതലായ സ്ഥലങ്ങലിൽ കമ്മ്യൂണിറ്റി അടുപ്പുകൾ സ്ഥാപിക്കാൻ പ്രോത്സാഹനം നൽകേണ്ടതാണ്.

തേരിക്കൽകുന്ന്, വേടർകുന്ന് ഇവിടങ്ങളിൽ കാറ്റാടിയന്ത്രങ്ങൾ ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള സാധ്യത വളരെയുണ്ട്. അതുകൊണ്ട് ഉടനെത്തന്നെ അതിനുള്ള നടപടികൾ ആരംഭിക്കേണ്ടതാണ്. ഊർജ്ജ പ്രതിസന്ധി നാട്ടിൻപുറങ്ങളിൽ നിന്നും ശേഖരിക്കുന്ന വിറക് ശാസ്ത്രീയമായി ഉപയോഗിച്ചാൽ കുറേയൊക്കെ പരിഹരിക്കാൻ കഴിയും.

പഞ്ചായത്തിലെ മിക്കസ്ഥലത്തും കുറഞ്ഞവോൾട്ടത അനുഭവപ്പെടുന്നു. മേൽ പ്രസ്ഥാവിച്ച സ്ഥലങ്ങളിൽ ട്രാൻസ്ഫാമറുകൾ കിട്ടുമ്പോൾ ഇതു മിക്കവാറും പരിഹരിക്കപ്പെടും.

ധാരാളം ഉപഭോക്താക്കൾ 100w ബൾബാണ് ഉപയോഗിക്കുന്നത്.

ഇലകമൺ പ്രദേശത്ത് വീടുകളിലെ കണക്ഷൻ ലോഡ് വൈദ്യുതിബോർഡിന്റെ രജിസ്റ്ററുകളിൽ കാണിച്ചിരിക്കുന്നതിനേക്കാൾ കൂടുതലാണ്. പഞ്ചായത്തിലെ 3% മീറ്ററുകൾ കേടാണ്. വൈദ്യുതി മോഷണം ഈ പഞ്ചായത്തിൽ വിരളമാണ്. പ്രധാന

വൈദ്യുതി നഷ്ടം വിതരണലൈയിനുകളിൽ ഉള്ള തകരാറുകൾ കൊണ്ടാണ്. വൈദ്യുതിനഷ്ടം കുറയ്ക്കാനുള്ള സാധ്യത വളരെയുണ്ട്. പ്രധാനമായും ചെയ്യാവുന്നതും വൈദ്യുതി കമ്പിയിൽ തട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റുക, അറ്റകുറ്റപണികൾ സമയാസമയങ്ങളിൽ കാര്യക്ഷമമായി നിർവ്വഹിക്കുക. ട്രാൻസ്ഫോമറുകളുടെ സ്ഥാനം പുനഃക്രമീകരിക്കുക. സമയാസമയങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ അണക്കുക മുതലായവയാണ്. പലപ്പോഴും സ്ട്രീറ്റുലൈറ്റുകൾ പകൽ സമയങ്ങളിൽ കത്തിനിൽക്കുന്നത് സർവേയിൽ കണ്ടിട്ടുണ്ട്. ഗാർഹികാവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുതിയിൽ 5 മുതൽ 10% വരെ ശ്രദ്ധിച്ചാൽ ലാഭപ്പെടുത്താമെന്നാണ് സൂചിപ്പിക്കുന്നത്.

ലൈനിൽ ഉള്ള തകരാറുകൾ അപ്പോഴപ്പോൾ ശരിയാക്കത്തക്കതുകൊണ്ട് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ജീവനക്കാരുടെ ലീവ്, ട്രാൻസ്ഫർ മുതലായവ ഉണ്ടാകുമ്പോൾ വൈദ്യുതി തകരാറ് ശരിയാക്കാൻ സമയമെടുക്കുന്നുണ്ട്. അതിനു വേണ്ടതായ ക്രമീകരണങ്ങൾ അടിയന്തിരമായി നടത്തണം

അനുബന്ധം - 10

ഇലകമൺ ഗ്രാമപഞ്ചായത്ത്

10.1 വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ

a)	ഗാർഹികം	3907
b)	വ്യാപാരം	385
c)	വ്യവസായികം	45
d)	കാർഷികം	241

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

a)	Ordinary 146	അവസാനം നൽകിയ കണക്ഷന്റെ അപേക്ഷതീയതി	
b)	OTP 4No.	Ordinary	20.9.96
c)	OYEC 18No.	OTP	27.9.96
		OYEC	8.11.96

3. സ്ട്രീറ്റുലൈനുകളുടെ എണ്ണം 640

a) ബൾബ്	25W	40W	60W	100W
b) ട്യൂബ്		76		
c) മെർക്കുറി വേപ്പർ		2No.		
d) സോഡിയം വേപ്പർ				

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ

E.P. കോളനി
തേരിക്കൽകുന്ന് കോളനി
ചാരുംകുഴി
കുന്നംപുറം കോളനി
വേടർകുന്ന് കോളനി
ഹരിഹരപുരം കോളനി, കല്ലുവിള

5. തൻ വർഷത്തെ കണക്ഷൻ

1.96 to 10.96	ഓർഡിനറി	42
	OTP	5
	OYEC	166

6. പഞ്ചായത്തു പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന ട്രാൻസ്ഫോമറുകളുടെ പേരുകൾ

1.	പുതുവൽ	7.	റബ്ബ ർ എസ്റ്റേറ്റ്	13.	വേങ്കോട്
2.	കെടാകുളം	8.	കായൽപുരം I	14.	വില്ല ിക്കടവ്
3.	ഹരിഹരപുരം	9.	കായർപുരം വാട്ടർ വർക്ക് സ്	15.	കിഴക്കേപ്പ ുറം
4.	നെല്ലേറ്റിൽ	10.	അയിരൂർ	16.	
5.	ഇലകമൺ പോസ്റ്റാഫീസ്	11.	തൃമ്പല്ലൂർ	17.	
6.	കരവാരം	12.	കടവിൻകര	18.	

7. സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക 8549

ഇലകമൺ ഗ്രാമപഞ്ചായത്ത്

10.2 ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	ഹരിജൻ കോളനികളുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം)	സൗജന്യ സ്ലാബിൽ വൈദ്യു.ഉപ: (എണ്ണം)	പണം നൽകിവൈദ്യുതി കണ: ലഭിക്കുന്ന കുടും. (എണ്ണം)
1	2	3	4	5
	E.P.കോളനി	18	14	4
	തേരിക്കൽകുന്നുകോളനി	16	±10	6
	ചാരുംകുഴി	12	8	4
	കുന്നുംപുറം കോളനി	12	8	4
	വേടർകുന്ന് കോളനി	18	10	8
	ഹരിഹരപുരം കോളനി	12	6	6
		88	56	32

പ്രൊപ്പോസൽ അയച്ചിട്ടുള്ളത്

1. കരവാരം ആശാൻ മുക്ക് - 1 K.M. 11K.V.line
   100 K.V.A. Transformer

2. ഹരിഹരപുരം എൽ.പി.എസ്. ജംഗ്ഷൻ
   800 M. 11-K.V.line
   100 K.V.A. Transformer

3. ഉച്ചക്കട 1 K.M. 11 K.V. line
   100 K.V.A. Transformer

4. കളത്തറ 1 No. 100 K.V.A. Transformer

അനുമതികിട്ടിയത്

B.P.L. സ്കീം പ്രകാരം - 29 Nos.

ഗതാഗതം:- ഇലകമൺ പഞ്ചായത്തിൽ വിവിധ ഇനങ്ങളിലായി 107 റോഡുകളുണ്ട്. ഇവ വാർഡുകൾ തോറും ബന്ധിപ്പിക്കുന്ന റോഡുശൃംഖലകളാണ്. പഞ്ചായത്തിലെ മൊത്ത റോഡുകളുടെ നീളം 82.8കി.മീ. ആണ്. ഇതിൽ 34 കി.മീ. മാത്രമാണ് ടാർ ചെയ്തത്. കഴിഞ്ഞ കുറേ വർഷങ്ങളായി റോഡുപണികളോന്നും നടന്നിട്ടില്ല. വർഷ കാലങ്ങളിൽ റോഡുകൾ പലതും സൈഡു കൾ ഇടിഞ്ഞും റോഡുകളിൽ വെള്ളം കെട്ടി നിന്നും ഗതാഗത യോഗ്യമല്ലാതായി തീർന്നി ട്ടുണ്ട്. സമയാ സമയങ്ങളിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്താതിരിക്കുന്നതുമൂ ലം റോഡുകളുടെ നാശം ഏറി വരുകയും ഗതാഗതം വിഷമമുള്ളതാകുകയും ചെയ്യു ന്നു. ടാർ റോഡുകൾ തന്നെ വേണ്ടത്ര വീതിയില്ലാത്തതുകാരണം വാഹനങ്ങൾത മ്മിൽ ക്രോസ് ചെയ്തു പോകാൻ വളരെ വി ഷമിക്കുന്നു. ടാർ കഴിഞ്ഞുള്ള മണ്ണിന്റെ ഭാ ഗം മഴക്കാലത്ത് ഒലിച്ചുപോകുകയും റോ ഡിന്റെ ടാറിട്ടഭാഗം കഴിഞ്ഞാൽ വശങ്ങളിൽ മണ്ണൊലിപ്പ് ചാലുകളായി രൂപം കൊള്ളു കയും വാഹനങ്ങൾ വശങ്ങളിലേക്ക് ഇറക്കി നിർത്താൻ പ്രയാസമാകുകയും ചെയ്യുന്നു. വേണ്ടത്ര ടാർ റോഡിനു വീതിയില്ലാത്തതാ ണു കാരണം. മിക്ക റോഡുകളും ഇറക്കങ്ങ ളും കയറ്റങ്ങളും ഉള്ളതാകയാൽ മഴസമയ ത്ത് മണ്ണൊലിപ്പ് രൂക്ഷമാകുന്നു. അതുകൊ ണ്ട് റോഡിന്റെ വശങ്ങളിൽ മണ്ണൊലിപ്പുനി വാരണ പ്രവർത്തനങ്ങൾ സ്വീകരിച്ച് ടാർ റോഡിന്റെ വീതി വർദ്ധിപ്പിക്കണം. മിക്ക വാറും റോഡുകൾക്ക് നടപ്പാതയില്ല ഓവു ചാലുകൾ മിക്കതും അടഞ്ഞുകിടക്കുന്നു. ആവശ്യമായ കലിങ്കുകൾ ഇല്ല. ജല നിർഗ്ഗമന മാർഗ്ഗങ്ങൾ ഇല്ലാത്തതുകൊണ്ട് മഴക്കാലത്ത് റോഡിൽ വെള്ളം കെട്ടിനിന്ന് കുഴികളാവുകയും ഗതാഗതം വൈഷമ്യമു ള്ളതായിത്തീരുകയും ചെയ്യുന്നു. സാമ്പത്തി കബുദ്ധിമുട്ടുകൾ കൊണ്ട് എല്ലാ റോഡി നേറയും അറ്റകുറ്റപ്പണികൾ ഏറ്റെടുത്തു നട ത്താൻ പഞ്ചായത്തിന് പ്രയാസമുണ്ട്. ശരി യായ രീതിയിൽ റോഡുകൾ വീതിയിൽ ടാർ ചെയ്തും, വശങ്ങളിൽ മണ്ണൊലിച്ചുപോകാ തിരിക്കാൻ തക്കവണ്ണം പൊറ്റ(പുല്ല്) വച്ചു പിടിപ്പിക്കുകയും, ഓവുചാലുകൾ മഴയ്ക്കു മുമ്പ് തെളിച്ചുവയ്ക്കുകയും ചെയ്യുന്നത് ന ന്നായിരിക്കുമെന്ന് സർവ്വേയിൽ വ്യക്തമാ യി. റോഡിനേറയും വശങ്ങളുടേയും വാർ ഷിക മെയിൻറനൻസ് തക്കസമയത്തുതന്നെ ചെയ്യണം. P.W.D. റോഡുകൾ മുകൾത്തട്ടി ലുള്ള ഭരണസംവിധാനത്തിൽ നിന്നും സംര ക്ഷണച്ചെലവുകൾ നിർവ്വഹിക്കേണ്ടതാണ്. കൂടുതൽ റോഡുകൾ P.W.D.ഏറ്റെടുക്കു ന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേ ണ്ടതാണ്. പഞ്ചായത്തിലെ പല റോഡുകളും ടാർ ചെയ്യണമെന്നും വീതി വർദ്ധിപ്പിക്കണ മെന്നും ആവശ്യം ഉയർന്നിട്ടുണ്ട്. മുൻഗണ നാക്രമമനുസരിച്ച് അടിയന്തിരമായി ചെയ്യേ ണ്ട ജോലികളാണിത്. (ലിസ്റ്റ് തയ്യാറാക്കിയി ട്ടുണ്ട്)

വർക്കല, പരവൂർ ലയിനിൽ ധാരാളം ബസ്സുകൾ ഓടുന്നുണ്ട്. അതുപോലെ തന്നെ വർക്കല-പാരിപ്പള്ളി റുട്ടും. ഈ രണ്ടു റോ ഡുകളിലും ഉള്ള രണ്ടു പ്രധാന പാല ങ്ങളാണ് അയിരൂർ പാലവും വില്ലിക്കടവ് പാലവും. വർഷങ്ങൾ കഴിഞ്ഞിട്ടും പല സാങ്കേതിക കാരണങ്ങളാലും ഈ രണ്ടു

പാലത്തിന്റേയും പണികൾ നടത്താൻ കഴിയാതെ മുടങ്ങിക്കിടക്കുന്നു. വില്ലിക്കടവ് പാലത്തിന് ധനലഭ്യതയാണ് പ്രശ്നം. ഈ കാര്യത്തിൽ അടിയന്തിര നടപടികൾ മേൽത്തട്ടുകളിൽ നിന്നും കൈക്കൊള്ളേണ്ടിയിരിക്കുന്നു. 1978 -ൽ അയിരൂർ പാലത്തിന്റെ രണ്ടു വശങ്ങളും മഴവെള്ളത്തിൽ ഒലിച്ചു പോയി. ചെറിയ അറ്റകുറ്റപ്പണികൾ ചെയ്തു ഗതാഗതയോഗ്യമാക്കിയെങ്കിലും ഈ പാലം അപകടനിലയിലാണ്. ഗവൺമെൻറിന്റെ അടിയന്തിരശ്രദ്ധ പതിയേണ്ട ഒരു അത്യാവശ്യകാര്യമാണിത്.P.W.D. -ൽ നിന്നും അത്യാവശ്യ മെയിൻറനൻസുപോലും ഈ പാലത്തിവു ചെയ്യുന്നില്ല. തികഞ്ഞ അനാസ്ഥ ഈകാര്യത്തിൽ പ്രതിഫലിക്കുന്നു.കൂടുതൽ ഗതാഗതമുള്ള റോഡുകളാണ് മേൽ സൂചിപ്പിച്ച രണ്ടു റോഡുകൾ. തിരുവനന്തപുരം ജില്ലയേയും കൊല്ലം ജില്ലയേയും തമ്മിൽ യോജിപ്പിക്കുന്ന, ഏറ്റവും ദൂരം കുറഞ്ഞ റോഡാണ് അയിരൂർ ഊന്നിൻമൂട് റോഡ്. ടാർ റോഡുകളുടെ അറ്റകുറ്റപ്പണികൾ അപ്പോൾത്തന്നെ നടത്താനുള്ള ഒരു കണ്ടീജൻസി ഫണ്ട് പഞ്ചായത്തിനുണ്ടെങ്കിൽ അത് വളരെ ഫലപ്രദമാകും.

പ്രശ്നങ്ങൾ

1. മഴക്കാലത്ത് റോഡുകളുടെ വശങ്ങൾ മണ്ണൊലിച്ചുപോയി വാഹനം ഇറങ്ങാൻകഴിയാത്ത സ്ഥിതിയിൽ കടച്ചാലുകളായി രൂപംകൊള്ളുന്നു.
2. ടാറിടാത്ത റോഡുകളിൽ വെള്ളം കെട്ടിനിന്ന് കുഴികൾ രൂപം പ്രാപിക്കുന്നു.
3. റോഡിൽ നിന്നും വശത്തേക്ക് വെള്ളം ഒഴുകിപ്പോകാൻ ആവശ്യത്തിന് ഓവുചാലുകളില്ല. ഉള്ളവതന്നെയും മൂടിക്കിടക്കുന്നു.
4. ടാർ റോഡുകൾക്ക് ആവശ്യത്തിന് വീതിയില്ല.
5. പ്രകൃതിക്ഷോഭം മൂലം (അതിവർഷം) നാശമാകുന്ന റോഡുകൾക്കു അടിയന്തിരമായി സംരക്ഷണം നൽകാൻ ഗവൺമെൻറ് ശ്രദ്ധിക്കുന്നില്ല. അയിരൂർ, ഊന്നിൻമുട്റോഡിൽ ഓട നിർമ്മിക്കണം
6. പലപ്പോഴും റോഡിനുകുറുകേ പൈപ്പുകൾ, ടാപ്പുകൾ മുതലായവസ്ഥാപിക്കുന്നതിന് കുഴികൾ എടുത്താൽ അവ മൂടാതെ അശ്രദ്ധമായിട്ടിരിക്കുന്നതുകൊണ്ട് ഗതാഗതം വിഷമമാകുന്നു. വാഹനങ്ങൾ ഗട്ടറുകളിൽ വീണു ചീത്തയാകുന്നു.
7. റോഡുകളുടെ സംരക്ഷണം ഉറപ്പാക്കുന്ന തരത്തിൽ റോഡ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിക്കാണുന്നില്ല.
8. യാത്രക്കാരുടെ തിരക്കനുസരിച്ച് റോഡുസൗകര്യവും സർവ്വീസ് ബസുകളും അനുവദിക്കുന്നില്ല.

ഗതാഗതം (നടപ്പാലം - റാമ്പ് മുതലായവ)

1. അയിരൂർ ആറിന്റെ കുറുകെ പിറങ്ങുനാട് നടപ്പാലം നിർമ്മിക്കുക.
2. അയിരൂർ ആറിന് കുറുകെ പുന്നത്തോപ്പിൽ ബെഡ്ലെവൽ ക്രോസ് ബാർ നിർമ്മിക്കുക.
3. വേങ്കോട് തോട്ടിൽ ക്രോസ്ബാർ നിർമ്മിക്കുക.
4. കിഴക്കുപുറം ഏലായിൽ കല്ലുകെട്ടി നടപ്പാത നിർമ്മിക്കുക.

5. മേച്ചേരിവാതുക്കൽ ക്രോസ്ബാർ നിർമ്മിക്കുക.
6. പറമ്പുവട്ടം ഇലത്തോട്ടിൽ മൂന്നുമൂല ഭാഗത്ത് നടപ്പാലം നിർമ്മിക്കുക.
7. പെരിഞ്ഞാറയിൽ വാതുക്കൽ ഇടത്തോടിൽ നടപ്പാലവും ട്രാക്ടർറാമ്പും നിർമ്മിക്കുക.
8. കളിയിക്കൽ പറമ്പ്വട്ടത്ത് ട്രാക്ടർറാമ്പ് നിർമ്മിക്കുക.
9. മുളമൂട് വട്ടവിള ഭാഗത്ത് നടപ്പാലം നിർമ്മിക്കുക.
10. മുത്തോട്ടുംകരതോടും, തിപ്പല്ലിത്തടവും ഒത്തുചേരുന്ന സ്ഥലത്ത് നടപ്പാലം നിർമ്മിക്കുക.
11. ക്ലാവറ പറയൻതറ, കളിയിക്കൽ, പള്ളിവാതുക്കൽ എന്നിവിടങ്ങളിൽ നടപ്പാലം നിർമ്മിക്കുക.
12. കിഴക്കേപ്പുറം ഏലായിൽ നടപ്പാലം നിർമ്മിക്കുക.
13. കടവിൻകരതോടിന് താഴെ ആവശ്യമായ ക്രോസ്ബാർ കെട്ടുക.
14. മൂലയിൽതോട്, കടവുംകരകോളനി, പൊയ്കവിള, കളത്തറ എന്നിവിടങ്ങളിൽ തോടുകടന്നു പോകുവാൻ സ്ലാബുകൾ സ്ഥാപിക്കണം.
15. കടവിൻകര - വാളക്കോട്ടു ഭാഗത്തു പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന ചെക്ക് ഡാമിൽ പലക ഇടുക.
16. പുളിമൂട്ടിൽ വാതുക്കൽ ക്രോസ്ബാർ കെട്ടിപലകയിടുക.
17. പെരിണാറയിൽ വാതുക്കൽ ഇടത്തോടിൽ നടപ്പാലം നിർമ്മിക്കുക.
18. വാളക്കോട്ടുവാതുക്കൽ ക്രോസ്ബാറിനു പലക ഇടുക
19. കളത്തറ വാതുക്കൽ ക്രോസ്ബാറിനു പലക ഇടുക
20. മാങ്കുട്ടം റോഡ് തുടങ്ങുന്ന ഭാഗത്ത് റാമ്പ് കെട്ടുക
21. കെടാകുളം വയലിൽ നടപ്പാത നിർമ്മിക്കുക.
22. കളിയിക്കൽ - പള്ളിവാതുക്കൽ - കിഴക്കേപ്പുറം നടപ്പാത നിർമ്മിക്കുക.

ഇലകമൺ സ്ക്കൂളിന് സമീപം റോഡ് വശത്ത് വെള്ളം കെട്ടിക്കിടക്കുന്നത് തടയാൻ ഓട നിർമ്മിക്കുക. പരവൂർ, ഊന്നിൻമൂട്, പാരിപ്പള്ളിമുക്ക്, കടവിൻകര, പാളയംകുന്ന് വഴി ബസ് റൂട്ട് ആരംഭിക്കുക.

പാലങ്ങൾ

അയിരൂർ നദിക്ക് കുറുകെയുള്ള അയിരൂർ പാലവും വില്ലിക്കടവ് പാലവും അപകടഭീഷണിയിലാണ്. ദിനംപ്രതി നൂറുകണക്കിന് വാഹനങ്ങൾ കടന്നുപോകുന്നു. എത്രയും വേഗം ഈ രണ്ടുപാലങ്ങളും പുതുതായി നിർമ്മിക്കണം.

(ഗ്രാമപഞ്ചായത്തു റോഡുകളുടെ നിർമ്മാണവും, ടാറിംഗും)

1. അയിരൂർ - ചന്തമുക്കിൽ ഗതാഗതകുരുക്ക് അവസാനിപ്പിക്കുന്നതിന്വേണ്ടി റോഡുകളുടെ വീതി കൂട്ടുകയും, വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് പ്രത്യേകസ്ഥലവും ക്ലിപ്പപ്പെടുത്തുകയും ചെയ്യുക.
2. കടമുക്ക് - വില്ലിക്കടവ് - കല്ലാഴിറോഡ് ടാർ ചെയ്യുക.
3. തൃമ്പല്ലൂർ - പുളിയറഴികം റോഡ് ടാർ ചെയ്യുക.

4. അയിരൂർ ചന്തമുക്കിനേയും - കല്ലാഴി ജംഗ്ഷനേയും ബന്ധിപ്പിച്ച് കല്ലുവിള കോളനി വഴി റോഡ് നിർമ്മിച്ച് ടാർ ചെയ്യുക.
5. അയിരൂർ ടി.എസ്. കനാൽറോഡ് റീ-ടാർ ചെയ്യുക.
6. അയിരൂർ - ഊന്നിൻമൂട് റോഡിന്റെ ഇരുവശവും ഓടനിർമ്മിച്ച്, വീതികൂട്ടി റീ-ടാർ ചെയ്യുക.
7. കുഴിവിള - വില്ലിക്കടവ് റോഡ് ടാർ ചെയ്യുക.
8. ചാമനടി റോഡ് ടാർ ചെയ്യുക.
9. ആയിരവില്ലി റോഡ് ടാർ ചെയ്യുക.
10. കൊച്ചുവിള കടിക്കുളം റോഡ് ടാർ ചെയ്യുക.
11. അയിരൂർ സങ്കേതം ഏലായിലൂടെ കായൽപ്പുറവുമായി ബന്ധപ്പെടുത്തി പുതിയ റോഡ് നിർമ്മിക്കുക.
12. എം.ജി.എം. സ്ക്കൂളിന് മുൻവശത്തു നിന്നും വില്ലിക്കടവിലേക്ക് പുതുതായി റോഡ് നിർമ്മിക്കുക.
13. പാലനിന്നപൊയ്ക - കുഴിവിള റോഡ് റീ-ടാർ ചെയ്യുക
14. പാലനിന്ന പൊയ്ക ചാവടിമുക്ക്റോഡ് ടാർചെയ്യുക
15. പാളയംകുന്ന് - കടവിൻകര വഴി പാരിപ്പള്ളി റോഡിൽ ബന്ധിപ്പിക്കുന്ന കടവിൻകര റോഡ് ടാർ ചെയ്യുക.
16. കിഴക്കേപ്പുറം EPകോളനി - ഏറത്തുവാതുക്കൽ റോഡ് നിർമ്മിച്ച് ടാർ ചെയ്യുക.
17. ചാരുംകുഴി - ഇലകമൺ റോഡ് ടാർ ചെയ്യുക.
18. കെടാകുളം - ആദിച്ചവിളാകം - ഊന്നിൻമൂട് റോഡ് റീ ടാർ ചെയ്യുക.
19. കരവാരം കണിയാൻകുന്ന് റോഡ് ടാർ ചെയ്യുക.
20. വിളപ്പുറം പള്ളിറോഡ് - പാരിപ്പള്ളിമുക്കുമായി ബന്ധിപ്പിച്ച് ടാർ ചെയ്യുക.
21. തോണിപ്പാറ, ആലുവിളപ്പുറം - ഹരിഹരപുരം റോഡ് കലിങ്കുകെട്ടി സംരക്ഷിക്കുക.
22. കായൽപുറം തേരിക്കൽ കോളനിറോഡിലെ പാലം പുതുക്കിപ്പണിത് ശേഷിക്കുന്നഭാഗം ടാർ ചെയ്യുക.
23. വില്ലിക്കടവ് - കടവിൻകര റോഡിന്റെ പണി പൂർത്തിയാക്കുക.
24. ചാവർക്കോട് - മേടയിൽ ചിറ്റാറ്റ് റോഡ് ടാർ ചെയ്യുക.
25. പാളയംകുന്ന് ശാസ്താംനട റോഡ് ടാർ ചെയ്യുക.
26. ഹരിഹരപുരം അയന്തിത്തൊടി റോഡ് പൂർത്തിയാക്കി ടാർ ചെയ്യുക.
27. കിടങ്ങിൽ - ചാവരുക്കാവ് റോഡിന്റെ അറ്റകുറ്റപ്പണി ചെയ്ത് ടാർ ചെയ്യുക.
28. സെൻറ്തോമസ് പള്ളിറോഡ് ടാർചെയ്യുക.
29. കരവാരം - മുളമൂട്റോഡ് വീതികൂട്ടി ടാർ ചെയ്യുക.
30. വാളക്കോട് - കുളത്തറ റോഡുകളെത്തമ്മിൽ ബന്ധപ്പെടുത്തി റോഡ് നിർമ്മിക്കുക.
31. പാണിൽ ലക്ഷംവീട് കോളനിയിലേക്കുള്ള റോഡ് ഓടകെട്ടി ടാർ ചെയ്യുക.
32. സുബ്രമണ്യക്ഷേത്രം - ചാമ്പക്കട റോഡിന്റെ അറ്റകുറ്റപ്പണി നടത്തുക
33. തെക്കേവിള വയലിൽറോഡ് ടാർ ചെയ്യുക.
34. ഫാക്റ്ററി ജംഗ്ഷൻ - PAC വേങ്കോട് റോഡ് ടാർ ചെയ്യുക.

35. പുലിയത്ത് - വെട്ടിക്കൽ കോളനി റോഡ് ഓടനിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക.

36. ആശാൻമുക്ക് - തുണ്ടിൽപുളിമൂട് റോഡ് ടാർ ചെയ്യുക.

37. വില്ലിക്കടവ് - വലിയവീട് ക്ഷേത്രം റോഡ് ടാർ ചെയ്യുക.

38. കൈതപ്പുഴ റോഡ് അറ്റകുറ്റപ്പണിനടത്തി ടാർ ചെയ്യുക.

39. പുളിമൂട് - മുളമൂട് റോഡിന്റെ ശേഷിക്കുന്ന ഭാഗം ടാർ ചെയ്യുക.

40. കളിയിക്കൽ പള്ളിവാതുക്കൽ റോഡും കിഴക്കേപ്പുറവുമായി യോജിപ്പിച്ച് 200 മീറ്റർ നീളത്തിൽ നടപ്പാത നിർമ്മിക്കുക.

41. മേച്ചേരി വാതുക്കൽ മുതൽ മുത്തോട്ടിൻകരവരെ റോഡിന്റെ വരമ്പ് വീതികൂട്ടി ട്രാക്ടർ - ടില്ലർ എന്നിവ കടന്നുപോകുന്നതിന് റോഡ് നിർമ്മിക്കണം.

42. വായനശാല - EP കോളനിറോഡ് നിർമ്മിക്കണം.

43. പാളയംകുന്ന് - മൂലത്തോടിന്റെ വീതികൂട്ടി ടാർ ചെയ്യുക.

44. ചാമവിള - മാടൻനട - പാലവിള റോഡ് ടാർ ചെയ്യുക.

45. മുസ്ലീംപള്ളിക്ക് സമീപം കല്പകം റോഡു ഗതാഗതയോഗ്യമാക്കണം.

46. തേരിക്കൽ കുന്ന് - പച്ചരിച്ചാൽ റോഡ് ടാർ ചെയ്യുക.

47. വേങ്കോട് LPS - മാവിള റോഡ് ടാർ ചെയ്യുക.

48. കെടാകുളം - പാലവിള - ഇടയാടി റോഡ് ടാർ ചെയ്യുക.

49. കളിയിക്കൽ - കിഴക്കേപ്പുറം ലിങ്ക്റോഡ് നിർമ്മിക്കുക.

50. പാരിപ്പള്ളി - വർക്കല റോഡ് (PWD) ഇരുവശങ്ങളും വീതികൂട്ടി റീ - ടാർ ചെയ്യുക.

51. തോപ്പിൽ വലിയവീട് ക്ഷേത്രം റോഡ് ടാർ ചെയ്യുക.

52. ആൻറണി ജംഗ്ഷൻ വേക്കുളം റോഡ് അഞ്ചുമൂർത്തി ക്ഷേത്രം വരെ റോഡ് ടാർ ചെയ്യുക.

53. വെട്ടുതോട് റോഡ് അറ്റകുറ്റപ്പണി നടത്തി ടാർ ചെയ്യുക.

54. സഹകരണബാങ്ക് - മാടൻനടറോഡ് ടാർ ചെയ്യുക.

55. KSEB ഓഫീസിനു വടക്കുവശത്തുള്ള റോഡ് സഞ്ചാരയോഗ്യമാക്കിതീർക്കുക.

56. നേതാജി റോഡ് ടാർ ചെയ്യുക.

57. മൈലവിള - താന്നിമൂട് റോഡ് ടാർ ചെയ്യുക.

58. പാളയംകുന്ന് AKG റോഡ് ടാർ ചെയ്യുക.

59. AMUPS റോഡ് ടാർ ചെയ്യുക.

60. അഞ്ചുമൂർത്തി റോഡ് വീതികൂട്ടി ടാർ ചെയ്യുക.

61. പാലത്തൊടി റോഡ് വീതികൂട്ടി സൗകര്യം വർദ്ധിപ്പിക്കുക.

62. വാളക്കോട് റോഡ് സഞ്ചാരയോഗ്യമാക്കുക.

63. ഈഞ്ചയിൽ - കടയിൽ വാതുക്കൽ റോഡ് ടാർ ചെയ്യുക.

64. തേവാനം റോഡ് സഞ്ചാരയോഗ്യമാക്കി ടാർ ചെയ്യുക.

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം:- ഇലകമൺ പഞ്ചായത്തിൽ 95-96 വർഷത്തിൽ 9517 കെട്ടിടങ്ങളാണുള്ളത്. ഇതിൽ ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങൾ 138ഉം ഒരുനിലയുള്ള കോൺക്രീറ്റ് കെട്ടിടങ്ങൾ 1221ഉം ഓടിട്ടവ 1415ഉം ഓല കെട്ടിയത് 2174ഉം മറ്റുള്ളവ 4569 എണ്ണവുംആണ്. നികുതിഉള്ളത് 4948 എണ്ണവും മറ്റുള്ളവ 4569 എണ്ണവുമാണ്. ചെളിവച്ചുഭിത്തികെട്ടിയതും ഓലവച്ചു മറച്ചതും മേൽക്കൂര വളരെ മോശമായതും കന്നുകാലികളെ കെട്ടാൻ ഉപയോഗിക്കുന്നതുമാണിവ. ചേരിനിവാസികൾ, പുറംപോക്കിൽ താമസിക്കുന്നവർ മുതലായവരാണ് പാർപ്പിടം വളരെ ശോചനീയമായരീതിയിൽ ഉള്ളവർ. അവർക്ക് ലക്ഷം വീട്കോളനിയിൽ പാർപ്പിടം അനുവദിച്ചിട്ടുണ്ട്. ഭവനരഹിതരായവർക്കും ലക്ഷംവീട് അനുവദിച്ചിട്ടുണ്ട്. പരമ്പരാഗത വാസ്തുശിൽപ മാതൃകയിലാണ് കെട്ടിടങ്ങൾ മിക്കതും. ആധുനികരീതിയിലുള്ള കെട്ടിടങ്ങളും ഇപ്പോൾ ചെയ്തുവരുന്നുണ്ട്. നിർമ്മാണ സാധനങ്ങളുടെ വില അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നല്ലയിനം കല്ലും ചുടുകട്ടയും മരങ്ങളും സുലഭമല്ല. തൊഴിലാളികളുടെ കുറവ് മറ്റൊരു കാരണമാണ്. അതുകൊണ്ടുതന്നെ കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കൂലിക്കൂടുതൽ മറ്റൊരു പ്രശ്നമാണ്. ഓരോകുടുംബത്തിനും ഓരോവീട് വേണം എന്ന ശൈലി, കെട്ടിടങ്ങളുടെ എണ്ണത്തിൽ അനുദിനം വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുന്നു. കോൺക്രീറ്റ് വീടു നിർമ്മാണത്തിന് പാറയും മണലും ഇന്ന് സുലഭമല്ല. ദൂരസ്ഥലങ്ങളിൽ നിന്നുകൊണ്ടുവരുന്ന ഈ സാധനങ്ങൾക്ക് അനുദിനം വില വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കെട്ടിടനിർമ്മാണത്തിലുള്ള ഈ വർദ്ധനവ് മിതവരുമാനക്കാരായ പല കുടുംബങ്ങളേയും ബുദ്ധിമുട്ടുക്കുന്നുണ്ട്. മിതമായ രീതിയിലുള്ള വീടു നിർമ്മിക്കുകയാണ് ഒരു പോംവഴി. വലിയ വീടുകളുള്ള കുടുംബങ്ങളിൽ പണ്ടത്തെപ്പോലെ കൂട്ടുകുടുംബം ഒന്നാലോചിക്കാവുന്നതാണ്. വരുമാനത്തിൽ പകുതിയിലധികവും ചിലവാക്കി വീടുനിർമ്മിക്കുന്ന ഭ്രമം നിയന്ത്രിക്കേണ്ടിയിരിക്കുന്നു.

വർക്കല ഒരു ഹൗസിംഗ് സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. എങ്കിലും അതിന്റെ പ്രവർത്തനം ഈ മേഖലയെ ബാധിച്ചിട്ടില്ല. അതുകൊണ്ട് ഇലകമൺ പഞ്ചായത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റി പ്രവർത്തനമാരംഭിക്കുന്നത് നന്നായിരിക്കും. വൃദ്ധരായവരെ സംരക്ഷിക്കുന്നതിന് ഒരു വൃദ്ധമന്ദിരം തുടങ്ങുന്നതു നന്നായിരിക്കും.

മാർക്കറ്റ്:- ഈ പഞ്ചായത്തിൽ 4 മാർക്കറ്റുകളാണ് പ്രവർത്തിക്കുന്നത്. ചെറിയചന്തകൾ ഉണ്ടെങ്കിലും കാര്യമായ പ്രവർത്തനം ഇല്ല. പാളയംകുന്ന് പബ്ലിക്ക് മാർക്കറ്റിനും പുതുവൽ മാർക്കറ്റിനും രണ്ടുവ്യക്തികൾ 50 സെൻറ് സ്ഥലം സംഭാവന ചെയ്തിട്ടുണ്ട്. കാർഷികവിളകൾ ക്രയവിക്രയം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ കുറവാണ്. വിത്തുകളും, പച്ചക്കറികളും മറ്റുകാർഷികവിഭവങ്ങളും ശേഖരിക്കുന്നതിനും, വിപണനം ചെയ്യുന്നതിനും വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കണം. മദ്ധ്യവർത്തികളുടെ പ്രവർത്തനം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. ഈപഞ്ചായത്തിൽ ഒരു മാർക്കറ്റിംഗ്കോംപ്ലക്സ് നിർമ്മിക്കേണ്ടതാണ്.

ഇലകമൺ ഗ്രാമപഞ്ചായത്ത്

I.R.D.P. സർവ്വേപ്രകാരം - ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വിവരം

വാർഡ് നമ്പർ	സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായംലഭിച്ചതുവഴി ദാരിദ്ര്യരേഖയ് ക്കുമുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ് ക്കുതാഴെയുള്ളആകെ കുടുംബങ്ങൾ (സഹായംലഭിച്ചവർ ഉൾപ്പെടെ)
1	2	3	4	5	6	7
I	100	46	20	10	20	100
II	167	18	20	11	20	167
III	172	97	20	10	20	172
IV	175	50	20	11	20	175
V	150	37	20	11	20	150
VI	71	25	20	10	20	71
VII	141	29	20	8	20	141
VIII	89	20	20	8	20	89
IX	135	45	20	6	20	135
X	100	12	20	5	20	100
ആകെ	1300	379	200	90	100	1300

കുട്ടികളുടേയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

കുട്ടികൾ	ബി.സി.ജി.	ഡി.പി.റ്റി.				പോളിയോ				ഡി.റ്റി.				മീസിൽസ
		1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	
1 വയസ്സിൽ താഴെ	582	230	300	52	600	230	300	52	600					380
1-3 വയസ്സ്	667	667	667	667		667	667	667		981				667
3-6 വയസ്സ്														

ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (പ്രകാരം)	വിവിധപരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	അനുവദിച്ച തിൽ ഇനി പൂർത്തീരിക്കാവുള്ള വീട്	ഇനിയും അനുവദിക്കേണ്ടവീട് കളുടെ എണ്ണം
1	2	3	4	5	6
I	50	52	52	-	60
II	35	42	40	2	42
III	60	55	50	5	62
IV	45	35	33	2	75
V	70	50	48	2	68
VI	60	52	50	2	45
VII	40	45	43	2	50
VIII	50	55	52	3	48
IX	45	40	68	2	57
X	50	32	30	2	50
ആകെ	505	458	436	22	557

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	സാനിട്ടറി കക്കൂസുകൾ ഇല്ലാത്തവീടുകളുടെ എണ്ണം (IRDP സർവ്വേ പ്രകാരം)	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ വയുടെ എണ്ണം (1992നു-ശേഷം)	പൂർത്തീകരിച്ച എണ്ണം	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
1	2	3	4	5
I	60	3	3	65
II	50	7	7	55
III	72	4	4	78
IV	55	3	3	60
V	80	1	1	85
VI	72	5	5	75
VII	55	6	6	60
VIII	52	8	8	55
IX	55	5	5	60
X	65	2	2	70
ആകെ	616	44	44	663

"അധ്വാനത്തിന്റെ മഹത്വം"

വനിതാ കാർഷിക പരിശീലന കേന്ദ്രം, ഇലകമൺ



"വിത്തുശേഖരണം - അതും ഒരു തൊഴിൽ"

"ഒരു വീടും കുറെ ജീവിതങ്ങളും" ഇതൊരു പാർപ്പിടം



കുടിവെള്ളവും പൊതുജനാരോഗ്യവും

ഈ ഗ്രാമ പഞ്ചായത്തിന്റെ അതിർത്തികളിലുള്ള കുന്നിൻചരുവുകളിൽ എല്ലാ വേനൽക്കാലത്തും വറ്റാത്ത നീരുറവകൾ ഉണ്ട്. ഹരിഹരപുരം മുതൽ കായൽപുറം, പോങ്ങറക്കോണം വരെ നീണ്ടുകിടക്കുന്ന നീരുറവുകളുടെ ശൃംഖലതന്നെയുണ്ട്. ഹരിഹരപുരം മുതൽ താഴെപറയുന്ന നീരുറവകൾ കാണാം. തോപ്പിൽതൊടി, തൂമ്പിതൊടി, പൊളിയൻതൊടി, കല്ലാഴിത്തൊടി, അയന്തിത്തൊടി, പള്ളിത്തൊടി കൂടാതെ തോണിപ്പാറ, അയന്തിയിൽ ഈഞ്ചയിൽകോണം, പോങ്ങറക്കോണം, പാണിൽവട്ടം, ചിറ്റാറ്റുകുളം, മേക്കോണംകുളം, ചിറയിൽകുളം, പൂവങ്കൽ, മലവിളകുകുളം, എറത്തുവാതുക്കൽകുളം ഇവയും കുടിവെള്ളത്തിനും, കൃഷിക്കും ഉപയോഗിക്കാൻ കൊള്ളാവുന്ന നീരുറവകളാണ്. ഈ നീരുറവകളുടെ ഉപയോഗസാധ്യത, എത്രത്തോളം വെള്ളം ലഭ്യമാണ്, എത്രത്തോളം സ്ഥലത്തുകൂടി വെള്ളം എത്തിക്കാൻ കഴിയും എന്നൊക്കെയുള്ള ശാസ്ത്രീയവും വിശദവുമായ പഠനം ബന്ധപ്പെട്ട വകുപ്പുകൾ നടത്തുകയും മുൻഗണനാക്രമമനുസരിച്ച് ബ്രഹത്തായ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യണം. പ്രകൃതികനിഞ്ഞനുഗ്രഹിച്ച ഈ പ്രകൃതിവിഭവം ഉപയോഗപ്പെടുത്തേണ്ടതു വളരെ അത്യാവശ്യമായിരിക്കുന്നു.

ഇലകമൺ പഞ്ചായത്ത് ജലസേചനപദ്ധതിക്ക് കൂടുതൽ ജലം കിട്ടാൻ ചെറുതും വലുതുമായ പദ്ധതികൾ നടപ്പിലാക്കാനുള്ള സാധ്യതകൾ വളരെയാണ്. ഇപ്പോൾ കുടിവെള്ളക്ഷാമം പരിഹരിക്കാൻ പൈപ്പ്ലൈൻ നീട്ടണമെന്നുള്ള ആവശ്യം പല വാർഡുകളിൽനിന്നും ഉയർന്നിട്ടുണ്ട്. ഈ ആവശ്യങ്ങൾ പരിശോധിച്ചതിൽ അവയെല്ലാം ന്യായമാണെന്നു കാണുന്നു. അടിയന്തിരമായിത്തന്നെ ഉദ്യോഗസ്ഥൻമാരും, പഞ്ചായത്തുകമ്മിറ്റിയും ചേർന്ന് അവ പരിശോധിച്ചു സ്വതര നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൊതുകു നിവാരണപ്രവർത്തനങ്ങൾ വളരെ കാര്യമായി പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. മലമ്പനി, മന്ത്, മറ്റു പകർച്ചവ്യാധികൾ മുതലായവ പടർന്നുപിടിക്കാൻ സാധ്യതയുണ്ട്. ഇപ്പോഴുള്ളപ്രവർത്തനങ്ങൾ തൃപ്തികരമല്ല. കക്കൂസുകൾ വലയിടുക, കൊതുകുനിവാരണ പ്രവർത്തനങ്ങൾ ഓരോ വീട്ടിലും നടപ്പാക്കുക മുതലായവയും പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പാക്കണം. കക്കൂസുകൾ നൽകുകയും അവ ശാസ്ത്രീയമായി ഉപയോഗിക്കാൻവേണ്ട പ്രചാരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. ലക്ഷം വീട് കോളനികളിൽ കക്കൂസുകൾ ഉപയോഗിക്കാതെ വിറകുശേഖരിച്ചുവയ്ക്കാനും മറ്റും ഉപയോഗിക്കുന്നതായി സർവ്വേയിൽ കാണാൻകഴിഞ്ഞു. നിർബന്ധമായി കക്കൂസ് ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു.

പേപ്പട്ടികളേയും അലഞ്ഞുതിരിയുന്ന പട്ടികളേയും പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പട്ടിപിടിത്തത്തിന് പ്രത്യേക

വൈദഗ്ദ്ധ്യം സിദ്ധിച്ചവരെക്കൊണ്ട് കൂടുതൽ ആളുകൾക്ക് പരീശീലനം നൽകുകയും ഫല പ്രദമായി പട്ടിനിയന്ത്രണം ഉറപ്പു വരുത്തുക യും ചെയ്യണം.

കൂടുതൽ ആയൂർവദാശുപത്രിയും ഹോമിയോആശുപത്രിയും സ്ഥാപിക്കണ മെന്നുള്ള ആവശ്യവും പരിഗണിച്ചു മുൻഗ ണനാക്രമത്തിൽ അവ നടപ്പിലാക്കേണ്ടതാ ണ്. നിലവിലുള്ള ഏക ഹെൽത്ത് സെൻററി ന്റെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. കെ ട്ടിടത്തിൽ അറ്റകുറ്റപ്പണികൾ ഉടനെ ചെയ്തി ക്കണം. അവിടെ രോഗികളെ കിടത്തി ചികി ത്സിക്കാനുള്ള കൂടുതൽ സൗകര്യങ്ങൾ അടി യന്തിരമായി ഏർപ്പെടുത്തണം. ഈ പഞ്ചാ യത്തിന്റെ മധ്യഭാഗത്ത് ഒരു ഗവൺമെൻറ് അലോപ്പതി ആശുപത്രി കൂടി സ്ഥാപി ക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ഇപ്പോഴുള്ള പഞ്ചായത്തുകിണറുകൾ പലതും വൃത്തിയാക്കാതെയും അറ്റകുറ്റപ്പ ണികൾ നടത്താതെയും ഉപയോഗശൂന്യ മായി കിടക്കുകയാണ്. സത്വരമായി ഇവ വൃ ത്തിയാക്കി ഉപയോഗയോഗ്യമാക്കാൻ വേ ണ്ട നടപടികൾ സ്വീകരിക്കണം.

സ്ക്കൂൾകുട്ടികൾക്കു കുടിവെള്ളം ലഭി ക്കുവാൻ P.T.A.കളുടെ സഹകരണത്തോ ടുകൂടി കിണറുകളിൽ പമ്പുസെറ്റു സ്ഥാപി ക്കുക. കുഴൽക്കിണറുകൾക്കു സാധ്യതയുള്ള സ്ഥലത്ത് അവ കുഴിപ്പിക്കുക.

ഗവ: ഹോമിയോ ഡിസ്പെൻസറി

ഇലകമൺ ഗ്രാമപഞ്ചായത്ത്

മറ്റ് ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും വിവരം ശേഖരിക്കൽ

വർഷം	ഇൻപേഷ്യൻറ് എണ്ണം	ഔട്ട് പേഷ്യൻറ് എണ്ണം	രോഗങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷം (എണ്ണം)					
			തൃക്ക് രോഗം	വാതരോഗം (എല്ല ാ വിഭാഗവും)	പകർച്ച വ്യാധികൾ	വിഷചികിത്സ (പാമ്പുകടി)	മറ്റുള്ള രോഗങ്ങൾ	ആകെ
1992-93	-	40614	1800	3600	15500	50	19664	40614
1993-94	-	34220	1695	4100	13360	40	15025	34220
1994-95	-	27238	1360	2480	10000	40	13358	27738
1995-96	-	19912	1300	2400	9000	40	7172	19912
ആകെ	-	121984	6155	12580	47860	170	55219	121984

ഇലകമൺ ഗ്രാമപഞ്ചായത്ത്

1.	പഞ്ചായത്തിലെ ആകെ ജനസംഖ്യ	:-	23014
	പുരുഷൻമാർ	:-	11545
	സ്ത്രീകൾ	:-	11469
2.	പട്ടികജാതി ജനസംഖ്യ	:-	2340
	പട്ടികവർഗ്ഗ ജനസംഖ്യ	:-	ഇല്ല
3.	അംഗൻവാടികളുടെ എണ്ണം	:-	10
4.	ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ	:-	582
	1-2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	:-	
	2-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	:-	667
	3-5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	:-	981
5.	വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം	:-	131
	ഇവരിൽ പ്രത്യേക പരിചരണം		
	ആവശ്യമുള്ളവരുടെ എണ്ണം	:-	365
6.	മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം	:-	365
	(6 മാസം വരെ പ്രായമുള്ള കുട്ടികളുള്ള)		
7.	കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ	:-	
	ചാപിള്ള ജനനങ്ങൾ	:-	
8.	ഒരു വയസ്സിനു താഴെ പ്രായത്തിൽ		
	മരിച്ചകുട്ടികളുടെ എണ്ണം. (95-96)	:-	
	1-3 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം	:-	
	3-6 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം	:-	
9.	ഗർഭ സംബന്ധമായ അസുഖങ്ങളാൽ മരിച്ച		
	സ്ത്രീകളുടെ എണ്ണം	:-	
	മറ്റുമരണങ്ങളുടെ എണ്ണം	:-	5
10.	അനുപൂരക പോഷകാഹാരം ലഭിക്കുന്ന		
	കുട്ടികളുടെ എണ്ണം	:-	450
	അനുപൂരക പോഷകാഹാരം ലഭിക്കുന്ന		
	ഗർഭിണികളുടെ എണ്ണം	:-	110
	അനുപൂരക പോഷകാഹാരം ലഭിക്കുന്ന		
	മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം	:-	122

ജനന മരണ വിവരങ്ങൾ

വർഷം	ജനനം	മരണം	ചാപിള്ള ജനനം
1	2	3	4
1993-94	8	86	—
1994-95	7	73	—
1995-96	2	81	—

പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1	2	3	4	5
1993-94	3852	3263	2345	3900
1994-95	2219	2433	2706	2642
1995-96	2145	2177	2553	2125

രോഗപ്രധിരോധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. സബ് സെൻററുകളിലെ പ്രവർത്തനവും ഭവനസന്ദർശനവും കൂടുതൽ കാര്യക്ഷമമാക്കണം. ആരോഗ്യ വിദ്യാഭ്യാസത്തിനു പ്രത്യേകം ഊന്നൽ നൽകേണ്ടതാണ്. പഞ്ചായത്തിൽ ഒരു യോഗാഭ്യാസകേന്ദ്രവും ടൂറിസ്റ്റു കേന്ദ്രവും സ്ഥാപിക്കുക.

പഞ്ചായത്തിൽ ഒരു പൊതുശ്മശാനം ഉണ്ടാകേണ്ടതാണ്. അതിനുള്ള സത്വര നടപടികൾ സ്വീകരിക്കണം. പല സാംക്രമിക രോഗങ്ങളും കോളനി പ്രദേശങ്ങളിൽ കണ്ടു വരുന്നു. ഇതിന് ഫലപ്രദമായ ചികിത്സയും പ്രതിരോധ നടപടികളും സ്വീകരിക്കണം. അതിസാരം, ചിക്കൻപോക്സ്, ക്ഷയം, കുഷ്ഠം, ചെങ്കണ്ണ്, അനീമിയ തുടങ്ങിയവ കോളനികളിൽ കണ്ടുവരുന്നു. ആരോഗ്യപ്രവർത്തകരുടെ ശ്രദ്ധയും ശ്രമവും ഇക്കാര്യത്തിൽ കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു.. കുടിവെള്ള ക്ഷാമം ഓരോ വാർഡിലും വേനൽക്കാലത്ത് വളരെ രൂക്ഷമാണ്. രണ്ടുദിവസത്തിൽ ഒരു മണിക്കൂർ ആയിരിക്കും ചിലപ്പോൾ പൈപ്പുകളിൽ കുടിവെള്ളം കിട്ടുന്നത്. ജല വിതരണ പദ്ധതി ഇല്ലാത്ത സ്ഥലത്തും കുടിവെള്ളം എത്തിക്കാനുള്ള സംവിധാനം ആവശ്യമാണ്. ജലത്തിന്റെ ദുരുപയോഗം കർശനമായി തടയണം.

വിഭവസമാഹരണം

ഈ പഞ്ചായത്തിലെ പ്രധാന വരുമാന മാർഗ്ഗങ്ങൾ തൊഴിൽ നികുതി, കെട്ടിട നികുതി, വിനോദനികുതി, അൺടൈഡ് ഫണ്ട് ഗ്രാന്റുകൾ മുതലായവയാണ്.

വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

ഇനം	ധന അഭ്യർത്ഥന	പിരിഞ്ഞത്	ബാക്കി
കെട്ടിട നികുതി	200000.00	122421.85	77578.15
സർവ്വീസ് ചാർജ്	30000.00	19426.90	10573.10
തൊഴിൽ നികുതി	85000.00	75880.00	9120.00
വാഹന നികുതി	1500.00	NIL	1500.00
വിനോദ നികുതി	50000.00	25616.50	24383.50
അധിക വിനോദ നികുതി	30000.00	15499.00	14501.00
പ്രദർശന നികുതി	6000.00	4148.00	1852.00
പ്രദർശന നികുതിയിലുള്ള സർചാർജ്ജ്	5000.00	1037.00	3963.00
ചന്ത വരവ്	25000.00	6199.00	18801.00
ലൈസൻസ് ഫീ, വസ്തു കൈമാറ്റ നികുതി	200000.00	248808.00	+48808.00
സർക്കാർ ഗ്രാന്റുകൾ ഒഴികെയുള്ളവ	50000.00	11263.00	38737.00
ഡെപ്പോസിറ്റ്	64000.00	1396.00	62604.00
മറ്റുള്ളവ	1160000.00	679000.00	481000.00
ആകെ	1914500.00	1214146.25	700353.75

ഈ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം കൃഷിയാണ് കൂലി പണിയാണ് കർഷകതൊഴിലാളികളുടെ ഏക വരുമാനമാർഗ്ഗം. ഈ പഞ്ചായത്തിലെ പ്രധാന ധനകാര്യസ്ഥാപനങ്ങൾ അയിരൂർ സർവ്വീസ് സഹകരണ ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക്, മറ്റ് പ്രൈവറ്റ് നിക്ഷേപസ്ഥാപനങ്ങൾ മുതലായവയാണ്. ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്ന ഏകദേശം 50% പേർ പഞ്ചായത്തിന്റെ സാമ്പത്തികമേഖലയിൽ വളരെ സ്വാധീനം ചെലുത്തുന്നു. ഇവരുടെ നിക്ഷേപം സ്വീകരിച്ചുകൊണ്ട് സഹകരണമേഖലയിൽ പല വ്യവസായസ്ഥാപനങ്ങളും തുടങ്ങുന്നതിനുള്ള സാധ്യതകൾ ഉണ്ട്. ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ സംഘം കൂടുതൽ കൃഷിക്കും വ്യവസായത്തിനും പ്രാധാന്യം നല്കി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ നിന്ന് കൂടുതൽ പണം ചെലവഴിച്ചിരിക്കുന്നത് റോഡുകൾക്കാണ്. പ്രത്യുത്പാദനപരമായ മേഖലകളിൽ അതായത് കൃഷി, ജലസേചനം വ്യവസായം, മൃഗസംരക്ഷണം മുതലായ മേഖലകളിൽ കൂടുതൽ ശ്രദ്ധിച്ചാൽ ഇവിടത്തെ വിഭവങ്ങൾ സമാഹരിച്ച് കൂടുതൽ ഉത്പാദനം ഉണ്ടാക്കുവാനും തന്മൂലം പ്രതിശീർഷ വരുമാനം വർദ്ധിപ്പിക്കുവാനും കഴിയും. സാമ്പത്തിക ഏജൻസികളിൽ നിന്നും പണം ലഭ്യമാക്കി ഇവിടെ വിജയിക്കും എന്ന് ഉറപ്പുള്ള വ്യവസായങ്ങൾ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടങ്ങണം. നമ്മുടെ നാട്ടിലെ പ്രധാന വിഭവം തേങ്ങയാണ്. തേങ്ങയ്ക്ക് സ്ഥിരവില ഉറപ്പുവരുത്തണം. കയർ വ്യവസായം വിപുലപ്പെടുത്തുക, കൊപ്ര വ്യവസായരംഗം അഭിവൃദ്ധിപ്പെടുത്തുക, തെങ്ങ് രോഗം തടയാനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിക്കുക, ജലസേചന സൗകര്യത്തിന് ധനസഹായം ലഭ്യമാക്കുകയും പ്രധാനപ്പെട്ട കാര്യങ്ങളാണ്.

1.14 (a) കെട്ടിടനികുതി സംബന്ധിച്ച വിവരങ്ങൾ (1995-96)

Ref. E.

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	മേൽപ്പുരയുടെ സ്വഭാവം					വിവിധ ഭവന നിർമാണ പദ്ധതികളിലൂടെ നിർമിച്ച വീടുകളുടെ എണ്ണം
		ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം	ഒരു നിലയുള്ള കെട്ടിടങ്ങൾ				
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ	
I	479	12	113	167	186	553	
II	555	22	141	176	216	475	
III	347	11	86	68	182	378	
IV	569	18	122	133	296	607	
V	525	14	131	160	220	406	
VI	391	11	120	118	142	423	
VII	396	13	118	126	139	427	
VIII	512	9	136	171	196	370	
IX	572	17	123	144	288	460	
X	602	11	131	151	309	470	
ആകെ	4948	138	1221	1415	2174	4569	

(b) പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം	1991-92	1992-93	1993-94	1994-95	1995-96
	7183	7899	8557	9353	9517

1.22. ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ Ref. R.

വാർഡ്	സ്ഥാപനങ്ങളുടെ എണ്ണം					ആകെ ഫീസ് രൂ.
	വ്യവസായം വ്യാപാരം	ഹോട്ടലുകൾ	സാധാരണ കടകൾ	മറ്റുള്ളവ	ആകെ	
1	2	3	4	5	6	7
I	6	1	17	-	-	215
II	3	-	9	-	-	112
III	5	1	12	-	-	92
IV	8	2	16	-	-	120
V	3	1	13	-	-	110
VI	7	2	14	-	-	181
VII	4	2	18	-	-	129
VIII	3	-	16	-	-	95
IX	4	1	13	-	-	118
X	5	-	14	-	-	122
ആകെ	48	10	142	-	-	1294

1.22. സേവന മേഖളയിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ Ref. F

എണ്ണം	വിദ്യാഭ്യാസം				ആരോഗ്യം				മറ്റ് സേവനമേഖലകൾ			
	സർക്കാർ	സഹകരണ	സ്വകാര്യ	ആകെ	സർക്കാർ	സഹകരണ	സ്വകാര്യ	ആകെ	സർക്കാർ	സഹകരണ	സ്വകാര്യ	ആകെ
സ്ഥാപനങ്ങൾ	6	-	5	11	3	-	-	3	13	5	3	24
ജീവനക്കാർ	130	-	31	161	28	-	-	28	71	24	12	135

Ref. A VII

ചന്തകൾ (എണ്ണം)			വണ്ടിത്താവളങ്ങൾ		അറവുശാലകൾ	
പഞ്ചായത്തുവക	സ്വകാര്യം	ആകെ വരവ്	എണ്ണം	വരുമാനം	എണ്ണം	വരുമാനം
1	2	3	4	5	6	7
1	-	6199.00	-	-	-	-

1.13. സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ (എണ്ണം)

Ref. G

വിദ്യാഭ്യാസം	ആരോഗ്യം	ചെറുകിട വ്യവസായം	വൻകിട വ്യവസായം	കച്ചവടം/വ്യാപാരം	മറ്റുള്ളവ
1	2	3	4	5	6
14	5	16	-	260	1

11.6 കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP) സർവ്വേ പ്രകാരം	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992-നു ശേഷം)	പൂർത്തീകരിച്ചവയുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
1	2	3	4	5
1	60	3	3	65
2	50	7	7	55
3	72	4	4	78
4	55	3	3	60
5	80	1	1	85
6	72	5	5	75
7	55	6	6	60
8	52	8	8	55
9	55	5	5	60
10	65	2	2	70

ഭവനനിർമാണം: സാമൂഹ്യക്ഷേമം

ഈ പഞ്ചായത്തിലാകെ 9517 വീടുകളാണുള്ളത്. കോൺക്രീറ്റ് 1359, ഓടിട്ടത് 1415, ഓല കെട്ടിയത് 2174, മറ്റുള്ളവ 4569. പട്ടികജാതിക്കാർ താമസിക്കുന്നതധികവും കുടിലുകളിലാണ്. ഇപ്പോൾ നിർമിക്കുന്ന ഇടത്തരം വീടുകൾ കോൺക്രീറ്റ് വീടുകളാണ്. വീടു നിർമാണത്തിനാവശ്യമായ മരത്തിന്റെ വില വർദ്ധിച്ചുവരുന്നു, കൂലി ചെലവ്, സാധനസാമഗ്രികളുടെ വില അനുദിനം വർദ്ധിച്ചുവരുന്നു. ലക്ഷം വീട് കോളനികൾ നാലഞ്ചു കേന്ദ്രങ്ങളിൽ ഉണ്ട്. ചിലസ്ഥലങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതായിട്ടുണ്ട്. പുതിയ കോളനികൾ സ്ഥാപിക്കാൻ ഇനിയും സ്ഥലം ലഭ്യമാണ്. കെട്ടിട നിർമാണത്തിനായി ചില കേന്ദ്രങ്ങളിൽ ചുടുകട്ട നിർമിക്കുന്നു. നിലം കുഴിച്ച് മണ്ണെടുത്താണ് ചുടുകട്ട നിർമിക്കുന്നത്. ഇത് വലിയ പരിസ്ഥിതിപ്രശ്നം സൃഷ്ടിക്കുന്നു. ഇവിടെ അങ്കണവാടികൾ 10 എണ്ണം അനുവദിച്ചിട്ടുണ്ട്. മിക്കവയ്ക്കും കെട്ടിടം ഇല്ല. ബാലവാടികളും മഹിളാ സമാജങ്ങളും പ്രവർത്തിക്കുന്നുണ്ടെങ്കിലും വളരെ നന്നായി പ്രവർത്തിക്കുന്നത് ഒന്നോ രണ്ടോ എണ്ണമേ ഉള്ളൂ. ഇവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടിയിരിക്കുന്നു. പാടം നികത്തി കെട്ടിടം നിർമിക്കുന്നതും തെങ്ങ് വയ്ക്കുന്നതും വ്യാപിച്ചുകൊണ്ടിരിക്കുന്നു. K.L.U. Act പ്രകാരം ഇത് സത്വരമായി തടയേണ്ടിയിരിക്കുന്നു. കെട്ടിട നിർമാണത്തിന് തൊഴിലാളികളെ ആവശ്യത്തിന് കിട്ടാത്തതുകൊണ്ട് കൂലിക്കൂടുതൽ ഉണ്ടാകുന്നു. അങ്കണവാടികളുടെ പ്രവർത്തനം തൃപ്തികരമല്ല. അവയ്ക്ക് സ്വന്തമായി കെട്ടിടമില്ല. ഉപകരണങ്ങൾ ഇല്ല. അവശവിഭാഗങ്ങൾക്ക് ധനസഹായം കിട്ടുവാൻ പല താമസവും ഉണ്ടാകുന്നുണ്ട്. നിയമത്തിന്റെ നൂലാമാലകൾ തന്നെയാണിതിനു കാരണം. ഉദ്യോഗസ്ഥരുടെ അനാസ്ഥയും ചില ഓഫീസുകളിൽ നിലനില്ക്കുന്നു. അർഹരായവർക്കെല്ലാം സഹായം നല്കാൻ പൊതുജനസംഘടനകൾ രംഗത്തുവന്നു പ്രവർത്തിക്കണം. രാഷ്ട്രീയം നോക്കി മാത്രം സഹായം നല്കരുത്. വളരെയധികം തൊഴിലില്ലാത്ത യുവാക്കൾ ഈ പഞ്ചായത്തിലുണ്ട്. മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്താൻ പുതിയ ചെറുകിട വ്യവസായങ്ങൾക്ക് രൂപം നല്കാവുന്നതാണ്. ഗവൺമെന്റ് ഉടമയിലുള്ള വ്യവസായ അസംബ്ലിംഗ് യൂണിറ്റുകൾ തുടങ്ങുവാനും സാധ്യതകൾ ഏറെയുണ്ട്. ചെറുകിട ചന്ദനതിരി വ്യവസായം, കൈത്തറി, മെഴുകുതിരി നിർമാണം, ചെരുപ്പ് നിർമാണം, റെഡിമെയ്ഡ് വസ്ത്രനിർമാണം, കാർഷിക യന്ത്രങ്ങളുടെ റിപ്പയറിംഗ്, കൂൺകൃഷി, പുഷ്പകൃഷി, പച്ചക്കറികൃഷിയും വിപണനവും, ഇലക്ട്രോണിക് ഉപകരണങ്ങളുടെ അസംബ്ലിംഗ്, പച്ചക്കറി വിത്തുത്പാദന കേന്ദ്രങ്ങൾ ഇവയൊക്കെ ചിലതാണ്.

11.1. IRDP സർവ്വേ പ്രകാരം - ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം

വാർഡ് നമ്പർ	സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	2	3	4	5	6	7
1	100	46	20	10	20	100
2	167	18	20	11	20	167
3	172	97	20	10	20	172
4	175	50	20	11	20	175
5	150	37	20	11	20	150
6	71	25	20	10	20	71
7	141	29	20	8	20	141
8	89	20	20	8	20	89
9	135	45	20	6	20	135
10	100	12	20	5	20	100

11.2 ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ എണ്ണം

വാർഡ് നമ്പർ	പരിശീലനം വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
1	2	3	4	5	6
1	NIL	NIL	NIL	NIL	NIL
2	Beautician Course	1	-	-	-
3	NIL	NIL	NIL	NIL	NIL
4	Fruit preparation	1	1	NIL	NIL
5	NIL	NIL	NIL	NIL	NIL
6	NIL	NIL	NIL	NIL	NIL
7	Fruit preparation	3	-	-	-
8	Weaving	5	-	-	-
9	Radion & TV Repairing	6	-	-	-
10	Fruit preparation	-	-	-	-

11.3 സാമൂഹ്യ വനവത്കരണ പരിപാടിയിലൂടെ ഉത്പാദിപ്പിച്ചെടുത്ത തൈകളുടെ വിവരം

ഉത്പാദിപ്പിച്ചെടുത്ത തൈയുടെ ഇനം	ആകെ ഉത്പാദിപ്പിച്ച തൈകളുടെ എണ്ണം					വിതരണം നടത്തിയതിന്റെ എണ്ണം				
	1991	1992	1993	1994	1995	1991	1992	1993	1994	1995
1	2	3	4	5	6	7	8	9	10	11
NIL ആകെ			NIL NIL					NIL NIL		

11.4 DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

വാർഡ്	തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ്
1	2	3	4	5
1	NIL	NIL	NIL	NIL
2.	Poultry Unit	13.12.95	10	പ്രവർത്തനം ആരംഭിച്ചിട്ടില്ല
3	Quary Unit	13.1.96	10	പ്രവർത്തനം നടക്കുന്നു
4	NIL	NIL	NIL	NIL
5	NIL	NIL	NIL	NIL
6	NIL	NIL	NIL	NIL
7	NIL	NIL	NIL	NIL
8	Dairy Unit	16.10.96	10	പ്രവർത്തനം നടക്കുന്നു
9	NIL	NIL	NIL	NIL
10	NIL	NIL	NIL	NIL

11.5 ഭവനനിർമാണത്തെ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേ പ്രകാരം)	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട്	ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം
1	2	3	4	5	6
1	50	52	52	-	60
2	35	42	40	2	42
3	60	55	50	5	62
4	45	35	33	2	75
5	70	50	48	2	68
6	60	52	50	2	45
7	40	45	43	2	50
8	50	55	52	3	48
9	45	40	38	2	57
10	20	32	30	2	50

സംസ്കാരം

പെൻഷന് അർഹരായ പലർക്കും കിട്ടിയിട്ടില്ല എന്ന പരാതിയുണ്ട്. സമയത്തുതന്നെ പെൻഷൻ വിതരണം ചെയ്യാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ശ്രദ്ധിക്കണം. അർഹരായവർക്കെല്ലാം പെൻഷൻ നല്കാൻ പ്രാദേശികമായി വാർഡ് അടിസ്ഥാനത്തിൽ പൊതുജനകമ്മിറ്റികൾ ഉണ്ടാക്കി അവർ അർഹരായവരെ കണ്ടെത്തി ശുപാർശ ചെയ്യണം. പെൻഷൻ വിതരണത്തിനുള്ള ചുമതല ജില്ലാ പഞ്ചായത്തിനു ലഭിച്ചശേഷവും കാര്യമായ മാറ്റം ഉണ്ടായി കാണുന്നില്ല. ഈ പഞ്ചായത്തിൽ ഒരു അഗതിമന്ദിരം സ്ഥാപിക്കുന്നത് നല്ലതാണ്. Day Care സെന്റർ അനുവദിക്കുന്നതും നന്നായിരിക്കും.

സംസ്കാരം : ദേശീയ പ്രസ്ഥാനത്തോടൊപ്പം അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളും ആരംഭിക്കുകയുണ്ടായി. ഗ്രന്ഥശാലകൾ പ്രവർത്തിച്ചു തുടങ്ങിയതു മുതലാണ് സാംസ്കാരിക പ്രവർത്തനങ്ങൾ ഇലകമൺ പഞ്ചായത്തിൽ ആരംഭിച്ചത്. കെടാകുളത്ത് ഒരു ലൈബ്രറിയും പ്രവർത്തിച്ചിരുന്നു. ഇപ്പോൾ അതിന്റെ പ്രവർത്തനം മന്ദീഭവിച്ച് കിടക്കുകയാണ്. പഞ്ചായത്താഫീസിലും ഒരു ഗ്രന്ഥശാലയുണ്ടെങ്കിലും അതിന്റെ പ്രവർത്തനവും മന്ദീഭവിച്ച് കിടക്കുകയാണ്. പഞ്ചായത്തിനകത്ത് ചെറിയ 12 വായനശാലകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനം ശക്തമല്ല. അവിടവിടെ പ്രവർത്തിക്കുന്ന കലാകായിക ക്ലബുകളും ശക്തമായി പ്രവർത്തിക്കുന്നില്ല. നന്നായി പ്രവർത്തിക്കുന്ന വായനശാലകൾക്കും ക്ലബ്ബുകൾക്കും ഗ്രന്ഥശാലകൾക്കും വേണ്ടവിധം പ്രോത്സാഹനം നല്കുകയും സാമ്പത്തിക സഹായം നൽകി പരിപോഷിപ്പിക്കുകയും വേണം.

ഇലകമൺ പഞ്ചായത്തിൽ ഒരു സ്റ്റുഡിയം, സാംസ്കാരിക നിലയം ഇവ സ്ഥാപിക്കണം. ആവശ്യമുള്ള T.V കിയോസ്കുകൾ ഗ്രന്ഥശാലയോടും വായനശാലയോടും അനുബന്ധിച്ച് സ്ഥാപിക്കണം. ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന T.V. റേഡിയോ ഇവയുടെ ഉപയോഗസമയം പരിമിതപ്പെടുത്തണം. ഉത്സവങ്ങളോടനുബന്ധിച്ച് സാംസ്കാരിക സമ്മേളനങ്ങൾ സംഘടിപ്പിക്കണം. എല്ലാ പൊതുസ്ഥലങ്ങളിലും പഞ്ചായത്ത് വാർത്താ ബോർഡുകൾ സ്ഥാപിക്കണം. സാംസ്കാരിക രംഗത്ത് പ്രവർത്തിച്ചവർക്ക് അർഹമായ പെൻഷൻ നൽകണം. ഓണാഘോഷങ്ങളോടനുബന്ധിച്ച് വിവിധ കലാകായിക മത്സരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അർഹരായവരെ തെരഞ്ഞെടുത്ത് ഉന്നതപരിശീലനം നൽകുക. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ധനസഹായം നൽകുക. T.V. സെറ്റുകൾ എട്ടെണ്ണം പ്രവർത്തിക്കുന്നുണ്ട്. സ്ഥിരമായി പ്രവർത്തിക്കുന്ന അമേച്വർ നാടകസംഘങ്ങൾ ഇല്ല. സ്ത്രീകളുടെ വായനാശീലം വളർത്തുവാൻ ഗ്രന്ഥശാലകളിൽ നിന്നും പുസ്തകങ്ങൾ വീടുകളിൽ എത്തിക്കുവാനുള്ള ശ്രമം നടത്തണം. നാടൻ കലാരൂപങ്ങൾ വളർത്തിയെടുക്കുവാൻ പലപ്പോഴും ചേരുന്ന പൊതുയോഗങ്ങളിൽ അവ അവതരിപ്പിക്കാൻ വേണ്ടുന്ന സാഹചര്യം ഒരുക്കികൊടുക്കണം. ക്ഷേത്രങ്ങൾ, പള്ളികൾ മുതലായ ആരാധനാലയങ്ങളുടെ ഉത്സവങ്ങളുടെ ഭാഗമായി നാടൻ കലാരൂപങ്ങളും പ്രാദേശിക കലാകാരന്മാർക്ക് പങ്കെടുക്കാൻ വേണ്ട അവസരങ്ങളും ഉണ്ടാക്കിക്കൊടുക്കണം.

ചിത്രം ൧൰ പുതിയ പാർത്ഥസാരഥി ക്ഷേത്രം

ചിത്രം ൨൰ തൃപ്പുലിയൂർ ക്ഷേത്രം

ചിത്രം ൩൰ തൃപ്പുലിയൂർ ക്ഷേത്രം

വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് ഒട്ടേറെ നേട്ടങ്ങളുണ്ടാക്കിയ സംസ്ഥാനമാണ് കേരളം. അഞ്ചുവയസ്സു കഴിഞ്ഞ ഏതാണ്ടു മുഴുവൻ കുട്ടികളും ഒന്നാം ക്ലാസ്സിൽ എത്തിച്ചേരുന്നു. തുടർന്നുള്ള ക്ലാസ്സുകളിലെ കൊഴിഞ്ഞുപോക്കും കുറവാണ്. ഇതിന്റെയൊക്കെ ഫലമായി പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികവും സൗജന്യവുമാകണമെന്ന ഭരണഘടനാ വാഗ്ദാനം പാലിക്കപ്പെട്ട ഏക സംസ്ഥാനമെന്ന ബഹുമതി കേരളം നേടിയെടുത്തു. അറുപതു ലക്ഷം കുട്ടികൾ, രണ്ടു ലക്ഷം അദ്ധ്യാപകർ, ഇരുപതു ലക്ഷത്തിലധികം രക്ഷിതാക്കൾ ഇവയെല്ലാം കൂടിച്ചേർന്ന വിപുലമായ ഒരു പ്രസ്ഥാനമാണ് കേരള വിദ്യാഭ്യാസ മേഖല. ഇങ്ങനെയൊക്കെയാണെങ്കിലും പ്രൈമറി സ്കൂളുകളിലെ 40% കുട്ടികളും അക്ഷരമുറയ്ക്കാത്തവരും SSLC പരീക്ഷയ്ക്ക് 85% പേരും നിശ്ചിത പാസ് മാർക്ക് വാങ്ങാത്തവരും ആകുന്നു. അധികാരവികേന്ദ്രീകരണം നടപ്പാകുന്നതോടുകൂടി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ കഴിയുമെന്നു പ്രതീക്ഷിക്കാം.

ഇലകമൺ പഞ്ചായത്തിൽ ആദ്യമായി സ്ഥാപിതമായത് ഇലകമൺ L.P.S. ആണ്. ഇപ്പോൾ ഈ പഞ്ചായത്തിൽ ഉള്ള വിദ്യാലയങ്ങൾ താഴെ പറയുന്നവയാണ്.

(1) G.H.S.S. പാളയംകുന്ന് (2) ഗവ. U.P.S., അയിരൂർ (3) ഗവ. L.P.S., ഹരിഹരപുരം (4) ഗവ. സെൻട്രൽ L.P.S., ഇലകമൺ (5) M.P.L.P.S., ഇലകമൺ (6) W.L.P.S. വോർകുന്ന് (എല്ലാം ഗവ. സ്കൂളുകൾ) (7) St. തോമസ് U.P.S., അയിരൂർ (8) ആസാദ് മെമ്മോറിയൽ U.P.S., അയിരൂർ (9) ഇലകമൺ U.P.S. (10) വേങ്കോട് L.P.S. (എല്ലാം സ്വകാര്യ സ്കൂളുകൾ).

C.B.S.C. സിലബസിൽ unaided ആയി ഒരു പ്ലസ് ടൂ സ്കൂൾ (M.G.M. Model School) പ്രവർത്തിക്കുന്നു. L.K.G., U.K.G., 1st Std. വരെയുള്ള ഒരു സ്കൂൾ (സഫാ സ്കൂൾ) പ്രവർത്തിക്കുന്നു. ശാന്തിവിദ്യാഭവൻ, St. Thomas L.P.S. എന്നിവ മറ്റുവിധത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. മന്ദബുദ്ധികൾക്കായുള്ള ഒരു സ്കൂളും പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിൽ അഞ്ച് ടൂട്ടോറിയൽ കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. ഒരു ആശാൻ പള്ളിക്കൂടം പാളയംകുന്നിൽ പ്രവർത്തിക്കുന്നുണ്ട്.

Central L.P.S-നോടു ചേർന്ന് ഒരു private primary school പ്രവർത്തിക്കുന്നു. എല്ലാ L.P.S.-നോടും ചേർന്ന് pre-primary ആരംഭിക്കേണ്ടതാണ്. പഞ്ചായത്തിന്റെ കീഴിൽ വേങ്കോട്ട് ഒരു ശിശുവിഹാർ നടത്തുന്നു. ഈ പഞ്ചായത്തിൽ I.C.D.S.-ന്റെ കീഴിലുള്ള 10 അംഗനവാടികളുണ്ട്. ഇവയിൽ അഞ്ചെണ്ണം അടുത്തകാലത്ത് അനുവദിച്ചതാണ്. അതിനു സ്ഥലവും കെട്ടിടവും ഇല്ല. നേരത്തെ അനുവദിച്ചതിൽ രണ്ടെണ്ണത്തിന്റെ കെട്ടിടം ഉപയോഗശൂന്യമാണ്.

ഈ പഞ്ചായത്തിൽ ഒരു സ്വാശ്രയകോളേജ് (C.H. മുഹമ്മദുകോയ മെമ്മോറിയൽ കോളേജ്) പ്രവർത്തിക്കുന്നു. അവിടെ B.Sc. ഇലക്ട്രോണിക്സും B.Sc. കമ്പ്യൂട്ടർ സയൻസും പഠിപ്പിക്കുന്നു.

ഈ പഞ്ചായത്തിന്റെ 25 കിലോമീറ്ററിനുള്ളിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല. അതിനാൽ ആ വകുപ്പിലുള്ള ഓരോ സ്കൂളുകൾ അനുവദിച്ചാൽ വലിയ അനുഗ്രഹമായിരിക്കും. (ITI, Polytechnic).

രണ്ട് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നു.

1990-ലെ സാക്ഷരതാ പ്രസ്ഥാനം ഇലകമൺ പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്ത് ഒരു നവവിപ്ലവം തന്നെ സൃഷ്ടിച്ചു. തുടർ വിദ്യാഭ്യാസം നടത്താതിരുന്നതിനാൽ ഉദ്ദേശിച്ച ഫലം ലഭിച്ചില്ല. വേങ്കോട് L.P.S., അയിരൂർ U.P.S.-ഉം Central L.P.S. കിഴക്കേപ്പുറത്തും ഉള്ള സ്കൂളുകൾ upgrading ചെയ്യുകയും കളീയിക്കൽ, പുതുവൽ, കെടാകുളം എന്നീ സ്ഥലങ്ങളിൽ പുതിയ L.P.S.കൾ സ്ഥാപിക്കുക.

Welfare School Residential School ആക്കണം.

വിദ്യാലയങ്ങളിലെ പഠനനിലവാരം ചില സ്കൂളുകളിൽ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും പ്രാഥമിക പഠനം കാണിക്കുന്നത് 18 ശതമാനത്തിലധികം വിദ്യാർത്ഥികൾ പ്രതീക്ഷിത നിലവാരത്തിലും താഴെയാണെന്നതാണ്. താഴത്തെ ക്ലാസ്സുകളിൽ നിന്നും തന്നെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

പട്ടിക - 10 - വിദ്യാലയ വിവരങ്ങൾ

ക്രമ നമ്പർ	സ്കൂളുകളുടെ പേര്	മാനേജ്മെന്റ്	കുട്ടികളുടെ എണ്ണം		
			88-89	91-92	95-96
1.	Hariharapuram L.P.S.	സർക്കാർ	210	201	196
2.	Elakamon M.P.L.P.S.	സർക്കാർ	262	260	256
3.	W.L.P.S. Vedierkunnu	സർക്കാർ	120	106	111
4.	Elakamon L.P.S.	സർക്കാർ	138	140	143
5.	Vencode L.P.S.	എയിഡഡ്	വിവരം ലഭ്യമല്ല		
6.	Ayroor L.P. and U.P.S.	സർക്കാർ	വിവരം ലഭ്യമല്ല		
7.	A.M. U.P.S. Ayroor	എയിഡഡ്	80	97	108
8.	Elakamon U.P.S.	എയിഡഡ്	178	184	181
9.	St. Thomas U.P.S.	എയിഡഡ്	125	130	138
10.	H.S.S. Palayamkunnu	സർക്കാർ	-	1710	1728

Unaided Schools

1. M.G.M. മോഡൽ സ്കൂൾ, അയിരൂർ
2. ശാന്തി വിദ്യാഭവൻ, ഇലകമൺ
3. സഫാ ഇംഗ്ലീഷ് മീഡിയം സ്കൂൾ, കായൽപുറം.

പട്ടിക - 13
എസ്.എസ്.എൽ.സി. വിജയശതമാനം

വർഷം	മൊത്തം വിദ്യാർത്ഥികൾ	വിജയ ശതമാനം
1991	259	52%
1992	263	53%
1993		
1994	240	50%
1995	252	51%
1996	250	52%

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുല്ള 10 അങ്കണവാടികളും 10 ബാലവാടിയുമാണ്. ഇലകമൺ പഞ്ചായത്തിലുള്ളത്. ഇവയിൽ 5 എണ്ണത്തിന് കെട്ടിടമില്ല. ഇവയിൽ കളിക്കോപ്പുകളുടെ അഭാവവും ഉണ്ട്.

കഴിഞ്ഞ അഞ്ചു വർഷത്തെ കണക്കു പരിശോധിച്ചാൽ മിക്ക വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണാം. ജനനനിരക്കിലുള്ള കുറവ്, അടുത്ത പഞ്ചായത്തിലെ കൂടുതൽ മെച്ചപ്പെട്ട വിദ്യാലയങ്ങളുടെ ആകർഷണം, ഇംഗ്ലീഷ് മീഡിയം ഭ്രമം ഇവയൊക്കെ ഇതിനു കാരണങ്ങളാണെന്നു കാണാം.

നിലവിലുള്ള ഹയർ സെക്കന്ററി സ്കൂൾ പഞ്ചായത്തിന്റെ ഒരറ്റത്തായതിനാൽ സമീപ പഞ്ചായത്തിലെ വിദ്യാലയങ്ങളിലേക്ക് കുട്ടികൾ ധാരാളമായി പോകേണ്ടിവരുന്നു. അതിനാൽ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുള്ള ഇലകമൺ M.P.U.P. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തുകയോ പുതിയ ഹൈസ്കൂൾ സ്ഥാപിക്കുകയോ ചെയ്യണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

ഇലകമൺ പഞ്ചായത്തിലെ സ്കൂളുകൾ ഒന്നുംതന്നെയില്ലാത്ത വാർഡുകളിൽ അത്യാവശ്യമായും സ്കൂൾ അനുവദിക്കണമെന്ന ആവശ്യവും ഉയർന്നിട്ടുണ്ട്.

പട്ടിക - 12
സ്കൂളുകളിലേക്കുള്ള ശരാശരി യാത്രാദൂരം

സ്കൂളിന്റെ തരം	ശരാശരി ദൂരം	പരമാവധി ദൂരം
ലോവർ പ്രൈമറി സ്കൂൾ	1 കി.മീ.	2 കി.മീ.
അപ്പർ പ്രൈമറി സ്കൂൾ	1 കി.മീ.	2 കി.മീ.
ഹൈസ്കൂൾ	4 കി.മീ.	4 കി.മീ.

മേൽ കാണിച്ച കണക്കിൽ നിന്നും വെളിവാകുന്നതു സ്കൂളുകൾ തമ്മിലുള്ള ദൂരം കൂടുതലാണെന്നാണ്. ഹൈസ്കൂൾ വിദ്യാർത്ഥികൾ മറ്റു വാഹനങ്ങളെ ആശ്രയിച്ചു മാത്രമേ സ്കൂളിൽ പോകാൻ കഴിയൂ.

അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. സ്റ്റാഫ് മുറി, കക്കൂസ്, പാചകപുര മുതലായവയ്ക്കു പരാകര്യം കുറവാണ്. കുടിവെള്ളം, [illegible] ഇവയും ലഭ്യമാകേണ്ടിയിരിക്കുന്നു. അത്യാവശ്യം ശ്രദ്ധിക്കേണ്ടത് കുടിവെള്ള പ്രശ്നമാണ്.

എൽ.പി., യു.പി. സ്കൂളുകളോടനുബന്ധിച്ചുള്ള പരിമിതമായ ലബോറട്ടറികൾ ശരിയായ രീതിയിൽ വിനിയോഗിക്കുക ലൈബ്രറികൾ ഉപയോഗപ്പെടുത്തുക. സ്കൂളിൽ കായികാദ്ധ്യാപകരെ നിയമിച്ചാൽ കുട്ടികൾക്കത് അനുഗ്രഹമായിരിക്കും. മിടുക്കരായ കായികപ്രതിഭകളെ കണ്ടെത്താൻ ഇത് വഴിതെളിക്കും. H.S.S.-നോട് ചേർന്ന് പ്രവർത്തിക്കുന്ന L.P.S. ഒരു ഹെഡ്മാസ്റ്ററുടെ കീഴിലാക്കിയാൽ കൂടുതൽ ഫലപ്രദമായിരിക്കും.

പ്രശ്നങ്ങൾ

(1) വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതുകൊണ്ട് ഡിവിഷനുകൾ കുറയുന്നു.

(2) അൺ എയിഡഡ് വിദ്യാലയങ്ങളുടെ വർദ്ധന പൊതുവിദ്യാലയങ്ങളുടെ ഭാവിയെ സാരമായി ബാധിക്കുന്നു.

(3) പഞ്ചായത്തിൽ നിന്ന് സമീപനഗരങ്ങളിലേക്ക് കുട്ടികൾ പോകുന്നു.

(4) വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യങ്ങളുടെ അഭാവം.

(5) മിക്ക സ്കൂളുകളിലും P.T.A. ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

(6) നിലവിലുള്ള അങ്കണവാടികളിൽ അഞ്ചെണ്ണത്തിന് കെട്ടിടങ്ങൾ ഇല്ല.

(7) അങ്കണവാടികളിൽ ആവശ്യത്തിന് ഉപകരണങ്ങളില്ല.

(8) അനൗപചാരിക വിദ്യാഭ്യാസത്തിന് ആസൂത്രിത പരിപാടികൾ നടപ്പാക്കുന്നില്ല.

(9) കലാകായിക അഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല.

(10) പഞ്ചായത്തിനകത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമില്ല.

(11) സ്കൂൾ വിദ്യാഭ്യാസത്തിൽ കൃഷി ഒരു വിഷയമായി പഠിപ്പിക്കുന്നില്ല.

(12) രണ്ടു വാർഡുകളിൽ ഒരു സ്കൂളും അനുവദിച്ചിട്ടില്ല.

(13) അങ്കണവാടിയില്ലാത്ത ഒരേ ഒരു വാർഡ് പത്താം വാർഡാണ്.

പട്ടിക 11
വിദ്യാലയ സൗകര്യങ്ങൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വിസ്തീർണ്ണം	ഓഫീസ് മുറി	സ്റ്റാഫ് മുറി	ലബോറട്ടറി	ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം	മൂത്രപ്പുര	കക്കൂസ്	പാചക മുറി	വൈദ്യുതി	കളിസ്ഥലം	കിണർ
1.	ഗവ: എച്ച്.എസ്.എസ്, പാളയംകുന്ന്,	3 ഏക്കർ 75 സെന്റ്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	ഉണ്ട്	ഉണ്ട്	ഉണ്ട് (താത്കാലികം)	ഉണ്ട്	ഉണ്ട് 50 സെന്റ്	ഇല്ല
2.	സെന്റ് തോമസ് യു.പി. എസ്സ്. ഐരൂർ	1 ഏക്കർ	ഉണ്ട്	ഉണ്ട്	-	-	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട് 75 സെന്റ്	ഉണ്ട്
3.	സെൻട്രൽ എൽ.പി.എസ്. ഇലകമൺ	1 ഏക്കർ	ഉണ്ട്	ഉണ്ട്	-	-	-	ഇല്ല	ഇല്ല	ഇല്ല	-	ഉണ്ട്
4.	വേടർകുന്ന് എൽ.പി.എസ്.	53 സെന്റ്	ഉണ്ട്	ഉണ്ട്	-	-	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
5.	ജി.എൽ.പി.എസ്., ഹരിഹരപുരം	30 സെന്റ്	ഉണ്ട്	ഇല്ല	-	-	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്
6.	എ.എം.യു.പി.എസ്, ഐരൂർ	1 ഏക്കർ 75 സെന്റ്	-	-	-	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	50 സെന്റ്	ഉണ്ട്
7.	ഇലകമൺ യു.പി.എസ്.	1 ഏക്കർ 30 സെന്റ്	ഉണ്ട്	-	-	-	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	1 ഏക്കർ	ഉണ്ട്
Un aided Schools												
1.	M.G.M. മോഡൽ സ്കൂൾ	4 ഏക്കർ	ഉണ്ട്	7 എണ്ണം	ഉണ്ട്	-	ഉണ്ട്	10 എണ്ണം	ഉണ്ട്	ഉണ്ട്	75 സെന്റ്	കിണറും പൈപ്പും ഉണ്ട്
2.	ശാന്തി വിദ്യാഭവൻ ഇലകമൺ	50 സെന്റ്	ഉണ്ട്	ഉണ്ട്	-	-	-	ഉണ്ട്	ഉണ്ട്	ഉണ്ട്	20 സെന്റ്	കിണർ, പൈപ്പ്
3.	സഫാ ഇംഗ്ലീഷ് മീഡിയം സ്കൂൾ	30 സെന്റ്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	3 സെന്റ്	ഉണ്ട്

വനിതാക്ഷേമം

ഇലകമൺ പഞ്ചായത്തിന്റെ ജനസംഖ്യയിൽ 52.6% സ്ത്രീകളാണ്. വികസന പ്രക്രിയയിൽ സ്ത്രീകളുടെ പങ്കാളിത്തക്കുറവ് മറ്റു മേഖലകളിലെന്നപോലെ തന്നെ ഒരു വലിയ പോരായ്മയായി നിലനിൽക്കുന്നു. 9-ാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ഈ പോരായ്മ പരിഹരിക്കുക എന്നുള്ളതു കൂടിയാണ്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ രംഗങ്ങളിൽ സ്ത്രീകളുടെ പിന്നോക്കാവസ്ഥ പ്രകടമാണ്. സെൻസസ് അനുസരിച്ചുതന്നെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തനിരക്ക് വളരെ കുറവാണെന്നു കാണാം. എല്ലാ പ്രധാനപ്പെട്ട തുറകളിലും സ്ത്രീകളും പുരുഷൻമാരും തമ്മിൽ കൂലിയിലുള്ള വ്യത്യാസവും സ്ത്രീകളോടുള്ള വിവേചനപരമായുള്ള പെരുമാറ്റവും പ്രകടമായി കാണാം. തൊഴിലില്ലാത്ത സ്ത്രീകൾ കുട്ടികളെ പരിചരിക്കുന്നതിലും വീട്ടുജോലിയിലും മാത്രം മുഴുകി കഴിയുന്നു. ചിലർ വീട്ടുപണികൾക്കിടയിലും കന്നുകാലികളെ വളർത്തുക കൃഷിയുമായി ബന്ധപ്പെട്ട പണികൾ ചെയ്യുക വിറക് ശേഖരിക്കുക മുതലായ പണികൾ ചെയ്യുക വിറക് ശേഖരിക്കുക മുതലായ പണികൾ ചെയ്യുന്നു. സ്ത്രീകൾ കുടുംബനാഥകളായുള്ള 1500-ൽപ്പരം വീടുകൾ ഈ പഞ്ചായത്തിലുണ്ട്.

വനിതാവ്യവസായ സ്ഥാപനങ്ങളൊന്നും തന്നെ ഈ പഞ്ചായത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ല. ഈ പഞ്ചായത്തിൽ 10 അങ്കണവാടികൾ ഉണ്ട്. അങ്കണവാടികൾ ഇല്ലാത്ത വാർഡുകളും ഉണ്ട്. അംഗണവാടികളിലും വനിതാ സമാജങ്ങളിലും മാത്രമാണ് സ്ത്രീകളുടെ നേതൃത്വമുള്ളത്. സ്ത്രീകൾ പൊതുരംഗത്ത് വരാൻ വൈമുഖ്യം കാണിക്കുന്നതിന്റെ പ്രധാന കാരണങ്ങൾ നമ്മുടെ സാമൂഹ്യവ്യവസ്ഥിതിയും ജീവിതവൈഷമ്യവും നമ്മുടെ സാമൂഹ്യവ്യവസ്ഥിതിയും ജീവിതവൈഷമ്യവും പുരുഷൻമാരുടെ പ്രേരണക്കുറവുമാണ്. സ്ത്രീധനത്തിന്റെ പേരിലും പൂർണ മദ്യനിരോധനം ഇല്ലാത്തതിന്റെ പേരിലും സ്ത്രീകൾക്ക് പല ബുദ്ധിമുട്ടുകളും അനുഭവിക്കേണ്ടി വരുന്നു. സർക്കാർ ജോലികളിലുൾപ്പെടെ എല്ലാ രംഗങ്ങളിലും 30% സംവരണമെങ്കിലും സ്ത്രീകൾക്കായി ഏർപ്പെടുത്തേണ്ടതാണ്. സ്ത്രീ പുരുഷസമത്വബോധം വളർത്താനുപകരിക്കുന്ന വിധത്തിലുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ലഭിക്കേണ്ടതാണ്. സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകിയും സമ്പത്തിലും അധികാരത്തിലും പങ്കാളിത്തം നൽകിയും മാത്രമേ അവരുടെ പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ കഴിയൂ.

വീട്ടമ്മമാർക്ക് കാലിവളർത്തൽ പ്രോത്സാഹിപ്പിക്കത്തക്കവിധം കൂടുതൽ പാൽ സൊസൈറ്റികൾ രൂപീകരിച്ചും വനിതാസഹകരണസംഘങ്ങളും കൈത്തൊഴിൽ പരിശീലനകേന്ദ്രങ്ങളും സ്ഥാപിച്ചും അവരുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്. എല്ലാ വാർഡുകളിലും ശിശുസംരക്ഷണകേന്ദ്രങ്ങളും സ്ഥാപിക്കുന്നതും നന്നായിരിക്കും. പഞ്ചായത്തിലൊരു കശുവണ്ടി ഫാക്ടറി തുടങ്ങുക, അംഗണവാടികൾ ഇല്ലാത്ത വാർഡുകളിൽ അത് സ്ഥാപിക്കുക, പച്ചക്കറികൃഷി, ആടുവളർത്തൽ, പശുവളർത്തൽ, കോഴിവളർത്തൽ മുതലായവ നടത്താനുള്ള ബാങ്ക് വായ്പകൾ നൽകുക. കാലാകാലങ്ങളിൽ തൊഴിൽ പരിശീലനവും ആരോഗ്യവിദ്യാഭ്യാസവും നൽകുക, റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റും, കരകൗശല

യൂണിറ്റും തുടങ്ങുക മുതലായവ പൊതുവേ ഉയർന്നു വന്നിട്ടുള്ള ആവശ്യങ്ങളാണ്.

ഗ്രാമസഭയിൽ ഉയർന്ന പ്രശ്നങ്ങൾ

1) സ്ത്രീകളുടെ തൊഴിലില്ലായ്മ
2) തൊഴിൽമേഖലയിൽ സ്ത്രീകളോടുള്ള നാനാവിധ വിവേചനങ്ങൾ.
3) സ്ത്രീകൾ പണിയെടുക്കുന്ന പൊതുസ്ഥാപനങ്ങളിൽ അവർക്ക് നിയന്ത്രണാധികാരമില്ലായ്മ.
4) ദാരിദ്ര്യനിർമ്മാർജ്ജനരംഗത്തും പൊതുരംഗത്തും സ്ത്രീകളോടുള്ള അവഗണന.
5) സ്ത്രീധനസമ്പ്രദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
6) പൂർണ്ണമായ മദ്യനിരോധനമില്ലായ്മയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
7) പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ
8) സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങളിലും DWCRA യൂണിറ്റുകളുടെ പ്രവർത്തനങ്ങളിലും സ്ത്രീകളുടെ നേതൃത്വത്തിന്റെ അഭാവം
9) ഒരു രംഗത്തും സ്ത്രീകളുടെ ജനസംഖ്യാനുപാതികമായി പ്രാതിനിധ്യം നൽകുന്ന കാഴ്ചപ്പാടില്ല.
10) സ്ത്രീകളിൽ നേതൃത്വഗുണം ഉണ്ടാക്കുന്ന യാതൊരുവിധ ബോധവൽക്കരണ പരിപാടിയും നിലവിലില്ല.
11) സിനിമാ പോസ്റ്ററുകളിലും മറ്റും സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്നതു തടയണം.

സാധ്യതകൾ

1) പരമ്പരാഗതവ്യവസായങ്ങളിൽ സാങ്കേതിക നവീകരണമുണ്ടാകുമ്പോൾ സ്ത്രീകൾക്ക് മുൻഗണന.
2) കൂടുതൽ വനിതാ വ്യവസായ സംരംഭങ്ങൾ ഉണ്ടാക്കുക.
3) കൃഷിയുമായി ബന്ധപ്പെട്ട സർവ്വീസ് സഹകരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് നേതൃത്വം.
4) സ്ത്രീകൾക്കായുള്ള പ്രത്യേക തൊഴിൽ പരീശീലനങ്ങൾ നൽകുക.
5) കൂടുതൽ മഹിളാസമാജങ്ങൾ രജിസ്റ്റർ ചെയ്യുകയും അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുക.
6) സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകുക.
7) സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുക.
8) എല്ലാ രംഗങ്ങളിലും 30% സീറ്റ് സ്ത്രീകൾക്ക് സംവരണം ചെയ്യുക.

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ഇലകമൺ പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യയിൽ 16.16% പട്ടികജാതിക്കാരാണ്. 1618 പുരുഷന്മാരും 1860 സ്ത്രീകളും ഉണ്ട്. പട്ടികജാതിക്കാരിൽ 90% പേരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. 60% പേർ നിരക്ഷരരും ആണ്. 1990-ലെ സാക്ഷരതാപ്രസ്ഥാനം ഇവരുടെ ഇടയിൽ നല്ലൊരു മാറ്റം വരുത്തിയതാണ്. എന്നാൽ അതിന്റെ തുടർ വിദ്യാഭ്യാസം ഇല്ലാതെ പോയതിനാൽ സാക്ഷരത പ്രസ്ഥാനത്തിന്റെ ഫലം ഇല്ലാതെ പോയി. ഏകദേശം 2% പേർ മാത്രമേ ഇവരുടെ ഇടയിൽ ഉദ്യോഗസ്ഥരായിട്ട് ഉള്ളൂ. ഇവരുടെ ഇടയിലെ കുട്ടികൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നത് വളരെ ചുരുക്കം പേരെയുള്ളൂ. ഇടയ്ക്ക് വെച്ച് വിദ്യാഭ്യാസം നിർത്തി ഏതെങ്കിലും തൊഴിലിന് പോകുന്നതാണ് പതിവ്. ഇതിന്റെ മുഖ്യകാരണം സാമ്പത്തിക ബുദ്ധിമുട്ടും ദാരിദ്ര്യവുമാണ്. ഇന്ന് കേരളത്തിന്റെ മൊത്തം വരുമാനത്തിൽ വന്ന ഉയർച്ച ഗൾഫ് പണത്തിന്റേതാണ്. എന്നാൽ പട്ടികജാതിയിൽ നിന്നും നാമമാത്രമായേ ഗൾഫിൽ പോയവരുള്ളൂ. ഇത് ഇവരുടെ ഇടയിലെ വരുമാനത്തിന്റെ നികത്താനാവാത്ത കുറവാണ്. ഇവരുടെ ഇടയിൽ കോളറ, ക്ഷയം, കുഷ്ഠം, വയറുകടി തുടങ്ങിയ പകർച്ചവ്യാധികൾ ഉണ്ട്. ഇവരുടെ ജീവിതത്തിന്റെ ഏക ആശ്രയം കൃഷിതൊഴിലും കൂലിപ്പണിയുമാണ്. ഇവരുടെ പരമ്പരാഗത തൊഴിലുകൾ ഇന്ന് കുറഞ്ഞുവരുന്നു. (വട്ടി, കുട്ട, തഴപായ് എന്നിവ ഉണ്ടാക്കുന്നത്) ഇവരുടെ ഇടയിൽ നിന്ന് ആരുംതന്നെ ഉന്നതസ്ഥാനങ്ങൾ അലങ്കരിക്കുന്നതിന് നേതൃസ്ഥാനത്തും വന്നിട്ടില്ല. ഇവരുടെ വരുമാന വർദ്ധനവിനുള്ള പരിപാടികൾ ഇല്ല. ഇവരുടെ താമസം കോളനിവൽക്കരിക്കപ്പെട്ടിരിക്കുന്നതുമൂലം സമൂഹത്തിന്റെ മറ്റു തലങ്ങളിലുള്ളവരുമായുള്ള ഇടപഴകലിന് സൗകര്യം കുറയുന്നു. കോളനികളിൽ പൊതുവെ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്. ഇവരുടെ വീടുകളിൽ ഒന്നിലധികം കുടുംബങ്ങൾ തിങ്ങിപാർക്കുന്നത് പതിവാണ്. അന്ധവിശ്വാസങ്ങൾ കാരണമുള്ള പ്രശ്നങ്ങൾ ഇപ്പോഴും ഇവരുടെ ഇടയിൽ നിലവിലുണ്ട്.

1) കടവുങ്കര പുതിയതായി ഉണ്ടാക്കിയ കോളനിയിൽ യാതൊരു അടിസ്ഥാന സൗകര്യങ്ങളും ഇല്ല. IHDPയിൽ ഉൾപ്പെടുത്തി കക്കൂസ്, ഗതാഗതസൗകര്യം, വാട്ടർ സപ്ലൈ സ്കീം, ലൈറ്റ്, ഭവനനിർമ്മാണം തുടങ്ങിയ സൗകര്യങ്ങൾ എത്രയും പെട്ടെന്ന് ഉണ്ടാക്കണം. കടവുങ്കര 3 വീടുകളിൽ 8-ൽപരം കുടുംബങ്ങൾ താമസിക്കുന്നു. അവർക്ക് ഓരോ കുടുംബത്തിനും താമസിക്കാനുള്ള സൗകര്യം ഉണ്ടാക്കണം. ഇതിന്റെ സമീപത്തായി ഒരു തുടർവിദ്യാഭ്യാസകേന്ദ്രം തുടങ്ങാൻ വേണ്ട നടപടികൾ സ്വീകരിക്കണം. അയിരൂർ ഭാഗത്തുള്ള, പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണം, ജല വിതരണം സാംസ്ക്കാരിക കേന്ദ്രങ്ങൾ, വീട് പുതുക്കി പണിയൽ ഇവ നടത്തണം. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഉണ്ടാക്കേണ്ടതാണ്.

2) ഇഞ്ചയിൽ[illegible]ാണം, ചാരുംകുഴി, തെറ്റിക്കുഴി എന്നിവിടങ്ങളിലെ പട്ടികജാതിക്കാർ 125 വീടുകളിലായി 200 കുടുംബങ്ങൾ താമസിക്കുകയാണ്. ഇവരുടെ കുടിവെള്ള

തികൾക്ക് സഹകരണ സംഘങ്ങൾക്ക് നിർണ്ണായക പങ്കു വഹിക്കാൻ കഴിയുന്നില്ല.

4. കൈത്തറി, വ്യവസായമേഖലക്ക് ഇനിയും വികസിക്കാനുള്ള സാധ്യത ഉണ്ട്. അതിനു സഹകരണ സംഘങ്ങൾ താല്പര്യമെടുക്കുന്നില്ല.

5 മത്സ്യകൃഷിക്കാരെയും, മത്സ്യതൊഴിലാളികളെയും സഹകരണ മേഖലയിൽ കൊണ്ടുവരാൻ കാര്യമായ ശ്രമങ്ങൾ നടക്കുന്നില്ല.

6. തൊഴിലില്ലായ്മ പരിഹരിക്കാൻ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നില്ല.

7. കാർഷികരംഗത്തെ വിളസംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു നടപ്പിലാക്കാൻ ശ്രമിക്കുന്നില്ല.

അനുബന്ധം 13

സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

I	1) സ്ഥാപനത്തിന്റെ പേര്	അയിരൂർ വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് Ltd No. 4267
	2) പ്രവർത്തന പരിധി	അയിരൂർ വില്ലേജ്
	3) ക്രെഡിറ്റ്	ക്രെഡിറ്റ്
	4) പ്രവർത്തനം ആരംഭിച്ച വർഷം	10-5-1958
	5) ആകെ അംഗങ്ങൾ	4209
	6) ഒരു ഓഹരിയുടെ വില	10 രൂപ
	7) അംഗീകൃത ഓഹരി മൂലധനം	2500000 രൂപ
	8) പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം	1491734 രൂപ
	9) സർക്കാർ ഓഹരിയുണ്ടോ ?	ഉണ്ട്
	10) ഉണ്ടെങ്കിൽ ലഭിച്ച തുക	50000 രൂപ
II	പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ	2,65,86854 രൂപ്
	a) സ്ഥിരം	2,44,27556 രൂപ
	b) ഹ്രസ്വകാലം	2159298 രൂപ

III നൽകിയിട്ടുള്ള വായ്പകൾ

a) കാർഷിക വായ്പകൾ 26169051 രൂപ

	ഇനം	തുക
1.	ST	249897 രൂപ
2.	IRDP	99054 രൂപ
3.	MTA	84190 രൂപ
4.	LTA	142535 രൂപ
5.	OL	8054331 രൂപ

b) മറ്റ് വായ്പകൾ

	ഇനം	തുക
1.	GL	14487536 "
2.	BOL	23919 "
3.	FD loan	3007802 "

c) പ്രത്യേക വായ്പകൾ

1.	ഇനം	തുക രൂപ
2.	STNA	2105 "
3.	MNP	17682 "

IV സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

	സ്ഥാപനം	സ്വഭാവം	തുക
1.	T DCB	കൃഷി	89717 രൂപ
2.	" " MT	Dairy	82.002 രൂപ
3.	" OL	others	12240 രൂപ

V) നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

	വായ്പാസ്വഭാവം	തുക
1.	OL	4265731 രൂപ
2.	GL	305545 രൂപ
3.	Others	471688 രൂപ

VI സ്ഥാപനത്തിന്റെ ചെലവുകൾ

1) Establishments charges	Rs. 438418/- (95/96)
2) Contingencies	Rs. 202245/- (95/96)

VIII വായ്പാ സഹഃസ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. പ്രതിമാസ ലേലച്ചിട്ടികൾ
2. സേഫ് ഡപ്പോസിറ്റ് ലോക്കർ സൗകര്യം
3. കൺസ്യൂമർ സ്റ്റോർ
4. വളം ഡിപ്പോ

അനുബന്ധം 13

സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

I	1) സ്ഥാപനത്തിന്റെ പേര്	ഇലകമൺ - കരവാരം ക്ഷീരോല്പാദക സഹകരണ സംഘം Ltd No. T.215(D) Apcos.
	2) പ്രവർത്തന പരിധി	കായൽപ്പുറം, കളിയിക്കൽ വാർഡുകൾ
	3) ക്രെഡിറ്റ് / നോൺ ക്രെഡിറ്റ്	ക്രെഡിറ്റ്
	4) പ്രവർത്തനം ആരംഭിച്ച വർഷം	1989
	5) ആകെ അംഗങ്ങൾ	185 Ns
	6) ഒരു ഓഹരിയുടെ വില	10 രൂപ
	7) അംഗീകൃത ഓഹരി മൂലധനം	10000 രൂപ
	8) പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം	1850 രൂപ
	9) സർക്കാർ ഓഹരിയുണ്ടോ?	ഇല്ല.
	10) ഉണ്ടെങ്കിൽ ലഭിച്ച തുക	
	11) പരമാവധി കടം എടുക്കാവുന്ന തുക	100000 രൂപ

II പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

a) സ്ഥിരം — ഇല്ല

b) ഹ്രസ്വകാലം — ഇല്ല

III നൽകിയിട്ടുള്ള വായ്പകൾ വായ്പാസംഘമല്ല

a) കാർഷിക വായ്പകൾ	b) മറ്റ് വായ്പകൾ	c) പ്രത്യേക വായ്പകൾ
1. ഇനം തുക	1. ഇനം തുക	1. ഇനം തുക
2.	2.	2.
3.	3.	3.
4.	4.	4.
5.	5.	5.

13.4 ക്ഷീര സഹഃ സംഘം (ആപ്കോസ് ഉൾപ്പെടെ)

മൊത്തം ശേഖരിക്കുന്ന പാൽ	പഞ്ചായത്തിൽ തന്നെ വിൽക്കുന്നത്	പുറത്തേക്ക് അയയ്ക്കുന്നത്
ലിറ്റർ	ലിറ്റർ	ലിറ്റർ
1995-96-ൽ 91250 ലിറ്റർ	18250 ലിറ്റർ	73000 ലിറ്റർ

അനുബന്ധം 13

സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

I 1) സ്ഥാപനത്തിന്റെ പേര് — പ്രിയദർശിനി ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി Ltd No. K.V. IND (T) 131 ഇലകമൺ

2) പ്രവർത്തന പരിധി — ഇലകമൺ പഞ്ചായത്ത്

3) ക്രെഡിറ്റ്/ നോൺ ക്രെഡിറ്റ് — ഇൻഡസ്ട്രീസ് സംഘം

4) പ്രവർത്തനം ആരംഭിച്ച വർഷം — 1989

5) ആകെ അംഗങ്ങൾ — 100 Ns

6) ഒരു ഓഹരിയുടെ വില — 1000 രൂപ

7) അംഗീകൃത ഓഹരി മൂലധനം — 1000000 രൂപ

8) പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം — 200000 രൂപ

9) സർക്കാർ ഓഹരിയുണ്ടോ ? — ഇല്ല

10) ഉണ്ടെങ്കിൽ ലഭിച്ച തുക

11) പരമാവധി കടം എടുക്കാവുന്ന തുക — 2000000 രൂപ

II പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

a) സ്ഥിരം ബാധകമല്ല

b) ഹ്രസ്വകാലം

a) കാർഷിക വായ്പകൾ	b) മറ്റ് വായ്പകൾ	c) പ്രത്യേക വായ്പകൾ
1. ഇനം തുക	1. ഇനം തുക	1. ഇനം തുക
2.	2.	2.
3.	3.	3.
4.	4.	4.
5.	5.	5.

IV സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

	സ്ഥാപനം	സ്വഭാവം	തുക
1.	തിരുവനന്തപുരം ജില്ലാ	വ്യവസായ വായ്പ	900000 രൂപ
2.			
3.			
4.			
5.			

V) നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

	വായ്പാസ്വഭാവം	തുക
1		
2		
3		
4		
5		

VI സ്ഥാപനത്തിന്റെ ചെലവുകൾ

1) Establishments charges
2) Contingennies

VII വായ്പാ സഹഃസ്ഥാപനങ്ങൾ പ്രവർത്തനങ്ങൾ

1. Piocos Wire Cut Bricks Industry സ്ഥാപിക്കുന്നതിന്റെ
2. പ്രാരംഭ പ്രവർത്തനത്തിലാണ്.
3.
4.
5.

അനുബന്ധം 13

സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

I	1) സ്ഥാപനത്തിന്റെ പേര്	മഹാത്മജി വിമൻസ് വെൽഫെയർ കോ- ഓപ്പറേറ്റിവ് സൊസൈറ്റി Ltd No. 1. 107ഠ ഇലകമൺ
	2) പ്രവർത്തന പരിധി	ഇലകമൺ പഞ്ചായത്ത്
	3) ക്രെഡിറ്റ് / നോൺ ക്രെഡിറ്റ്	

c) പ്രത്യേക വായ്പകൾ

1. ഇനം തുക
2.
3.
4.
5.

അനുബന്ധം 13

സഹകരണം സംഘം സംബന്ധിച്ച വിവരങ്ങൾ

I	1) സ്ഥാപനത്തിന്റെ പേര്:	വർക്കല അയിരൂർ M.P.C.S Ltd No. T 38 D, APCOS
	2) പ്രവർത്തന പരിധി	I, II, VIII Wards
	3) ക്രെഡിറ്റ് / നോൺ ക്രെഡിറ്റ്	
	4) പ്രവർത്തനം ആരംഭിച്ച വർഷം	1975 Dec 24
	5) ആകെ അംഗങ്ങൾ	404
	6) ഒരു ഓഹരിയുടെ വില	10/-
	7) അംഗീകൃത ഓഹരി മൂലധനം :	Rs. 10,000/-
	8) പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം :	10,200/-
	9) സർക്കാർ ഓഹരിയുണ്ടോ ?	ഉണ്ട്
	10) ഉണ്ടെങ്കിൽ ലഭിച്ച തുക :	5000/-
	11) പരമാവധി കടം എടുക്കാവുന്ന തുക	

II പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

a) സ്ഥിരം
b) ഹ്രസ്വകാലം

III നൽകിയിട്ടുള്ള വായ്പകൾ

a) കാർഷിക വായ്പകൾ	b) മറ്റ് വായ്പകൾ	c) പ്രത്യേക വായ്പകൾ
1. ഇനം തുക	1. ഇനം തുക	1. ഇനം തുക
2.	2.	2.

13.4 ക്ഷീര സഹഃസംഘം (ആപ്കോസ് ഉൾപ്പെടെ)

മൊത്തം ശേഖരിക്കുന്ന പാൽ	പഞ്ചായത്തിൽ തന്നെ വിൽക്കുന്നത്	പുറത്തേക്ക് അയയ്ക്കുന്നത്
ലിറ്റർ	ലിറ്റർ	ലിറ്റർ
1	2	3
225 liters per day	40 liters per day	185 liters per day

ഉപസംഹാരം

വിവിധ മേഖലകളെക്കുറിച്ചുള്ള ചർച്ചകൾ നടന്നുകഴിഞ്ഞു. ഇനി തയ്യാറാക്കപ്പെടുന്ന വിവിധ വകുപ്പു പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയാൽ മാത്രമേ ഇടനാടിനു പുരോഗതി ഉള്ളു.

ഗ്രാമസഭകളിൽ രൂപംകൊണ്ട, ചർച്ച ചെയ്യപ്പെട്ട കാര്യങ്ങൾ നടപ്പിലാക്കുമ്പോൾ ജനകീയാസൂത്രണത്തിന്റെ മന്ത്രധ്വനി ജനഹൃദയങ്ങളിൽ തംബുരുമീട്ടും. സന്നദ്ധസേവന തൽപരയും, കൂട്ടായ്മയും, ഒന്നിച്ച് ചേരുമ്പോൾ, വയലേലകളിൽ ഉൻമേഷത്തിന്റെയും, ഉണർവ്വിന്റെയും, കൊയ്ത്ത് പാട്ട് കേൾക്കാം. ഈ റിപ്പോർട്ടു പൂർണ്ണമാണ് എന്നവകാശപ്പെടുന്നില്ല. പൂർണ്ണമാക്കാൻ ഞങ്ങളുടെ കഴിവിന്റെ പരമാവധി ശ്രമിച്ചിട്ടുണ്ട്.

ഈ ഗ്രാമ പഞ്ചായത്തിലെ വികസനം പുതിയ തുറകളിലേക്കു പ്രവേശിക്കാനുള്ള ചെറിയ ഒരു രൂപരേഖ മാത്രമാണ് ഇത്. കാലികമായി ഉയർന്ന് വരുന്ന വിവിധ പ്രശ്നങ്ങൾക്ക് ഒത്തൊരുമയോട് കൂടി നിൽക്കേണ്ടത് നമ്മുടെ ഓരോരുത്തരുടേയും കടമയാണ്. അസന്തുലിതാവസ്ഥയും, മനംമടിപ്പും, മുരടിപ്പും, നിരാശയും നമ്മുടെ ഈ കൊച്ചുഗ്രാമത്തിലെ ജനഹൃദയങ്ങളിൽ നിന്നും മാറ്റപ്പെടണം. രാഷ്ട്രീയവ്യത്യാസമില്ലാതെ എല്ലാവരും ഒന്ന് ച്ച് ഒറ്റക്കെട്ടായി ആരംഭിച്ചിരിക്കുന്ന നമ്മുടെ ഈ പരിപാടികൾ വിജയിച്ചാൽ നമ്മുടെ പിൻതലമുറക്കും നൽകുന്ന ഭൗതികവും, ആത്മീയവുമായ വലിയ സന്ദേശമാകും. തങ്കലിപികൾ തന്നെ വരുംതലമുറ നമ്മെപ്പറ്റി എഴുതിവയ്ക്കും, അവരുടെ ഹൃദയഭിത്തികളിൽ.

നമ്മുടെ കുന്നിൻപുറങ്ങൾ, പുൽമേടുകൾ, ചരിവുകൾ, വയലേലകൾ, അരുവികൾ, നീരുറവകൾ, കുളങ്ങൾ, കിണറുകൾ എല്ലാം നാം കണ്ടെത്തിയിരിക്കുന്നു. അവയ്ക്കു മുമ്പുണ്ടായിരുന്ന ജീവചൈതന്യം പകർന്ന് കൊടുക്കാൻ നമുക്ക് കഴിയണം. എങ്കിൽ മാത്രമേ ഈ വികസന റിപ്പോർട്ട് കൊണ്ട് പ്രയോജനമുള്ളു.

ഈ സെമിനാറിന്റെ കൂടെ രൂപംകൊള്ളുന്ന കർമ്മസമിതി സമൂഹത്തിന്റെ സമസ്ത ജനവിഭാഗത്തിന്റെയും ഹൃദയത്തുടിപ്പുകൾ തൊട്ടറിയാൻ കഴിവുള്ളതായിരിക്കണം. വികസനമാണ് ഈ റിപ്പോർട്ടിന്റെ മാർഗ്ഗരേഖ. ഗ്രാമീണ ജനതയുടെ, സാമൂഹിക പശ്ചാതലം പച്ചപിടിപ്പിക്കാൻ ഈ പ്രവൃത്തിക്കൊണ്ട് കഴിയണം. ഇവിടെ സാഹോദര്യത്തിന്റെയും, ഒത്തൊരുമയുടെയും, സന്തോഷത്തിന്റെയും, അദ്ധ്വാനത്തിന്റെയും ശംഖധ്വനി മുഴങ്ങി കേൾക്കണം.

ഒമ്പതാം പദ്ധതിയിലേക്കുള്ള ആകെ അടങ്കൽതുക 14800 കോടി രൂപയായി നിശ്ചയിച്ചു കഴിഞ്ഞു. ഇതിന്റെ 40% ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിന് പ്രതിവർഷം 72 ലക്ഷം രൂപ ലഭിക്കാം. ഇത് നമ്മുടെ ഗ്രാമത്തിലെ ജീവിത സാഹചര്യങ്ങളെ പുരോഗമിപ്പിക്കുവാൻ ഉപയോഗിക്കണം. അനുവദിക്കുന്ന ഓരോ പൈസക്കും ഇന്നാട്ടിലെ ജനതയുടെ ഹൃദയത്തുടിപ്പുകൾ അടങ്ങിയതാണെന്ന് ഓർക്കണം.

കുടിവെള്ളം ലഭ്യമല്ലാത്ത, സ്വന്തമായി കക്കൂസില്ലാത്ത, ചുരുണ്ട് കിടക്കാൻ ഒരിടമില്ലാത്ത, നല്ല വസ്ത്രം ധരിക്കാൻ കഴിവില്ലാത്ത, വയറ് നിറയെ ഭക്ഷണം കഴിക്കാൻ വകയില്ലാത്ത,

ജീവിതത്തിന്റെ നാരായ പെരുവഴിയിൽ, അശരണരായി തൊഴിലില്ലാതെ മിഴിച്ച് നിൽക്കുന്ന ജനകോടികൾക്ക് ഈ രൂപരേഖ ആശ്വാസം നൽകട്ടെ എന്നാശിച്ചുകൊണ്ട് ചർച്ചകൾക്കും, ഭാവി പ്രവർത്തനങ്ങൾക്കുമായി ഇലകമൺ പഞ്ചായത്തിന്റെ വികസനരേഖ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു.

വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ ഇവർക്കും, കൃത്യസമയത്തു തന്നെ അച്ച ടിജോലികൾ പൂർത്തിയാക്കി തന്ന ചടയമംഗലം, മുദ്രാ പ്രിന്റേഴ്സ് ആന്റ് അഡ്വർടൈസേർസിന്റെ പ്രവർത്തകർക്കും, ഈ റിപ്പോർട്ട് തയ്യാറാക്കാൻ വളരെ പണിപെട്ട് പ്രവർത്തിച്ച എല്ലാവർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

എഡിറ്റോറിയൽ ബോർഡ്
ഇലകമൺ പഞ്ചായത്ത്

റിസോർസ് പേർസൻമാർ

1.	ശ്രീ. ആർ.കെ. ശശിധരൻ	(കീറിസോർസ് പേർസൺ)
2.	എം. സദാനന്ദൻ	(ജില്ലാ റിസോർസ് പേർസൺ)
3.	ആർ. ലളിതാഭായി	"
4.	ഇ. അബ്ദുൽ അസീസ്	"
5.	എ.എം. കുമാരൻ	"
6.	ആർ.കെ. അശോക് കുമാർ	"
7.	എ.കെ. അൻവർ നഹാസ്	"
8.	കെ. ഗോപിനാഥൻ	"
9.	കെ. വിശ്വനാഥൻ	"

സഹായികൾ

എൻ. മിത്രൻ
കെ. ഹരിദാസ്
എൻ. റെജി
വി. സനോജ്

സമഗ്ര ഗ്രാമ വികസനം

സമഗ്ര ഗ്രാമ വികസനം നമ്മുടെ ലക്ഷ്യം

ഗ്രാമ വികസനത്തിന് വിഭവം ആവശ്യം

വിഭവമില്ലെങ്കിൽ വികസനം സാദ്ധ്യമല്ല

ഗ്രാമപഞ്ചായത്തിന്റെ ചാലകശക്തി

പഞ്ചായത്തുകളുടെ സമ്പത്താണ്

വിഭവ സമാഹരണത്തിന് പഞ്ചായത്തുകളുമായി സഹകരിക്കുക

പഞ്ചായത്തുകൾക്ക് നല്കേണ്ട വിവിധയിനം നികുതികൾ
ഫീസുകൾ തുടങ്ങിയവ യഥാസമയം നൽകുക

അതുവഴി ഗ്രാമ വികസനത്തിൽ പങ്കാളിയാവുക

ജപ്തി, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികൾ
ഒഴിവാക്കാൻ പഞ്ചായത്തുകളുമായി സഹകരിക്കുക

പബ്ലിസിറ്റി വിഭാഗം
പഞ്ചായത്ത് വകുപ്പ്

അധികാരം ജനങ്ങളിലേക്ക്

ഒൻപതാം പദ്ധതി ജനകീയ പദ്ധതി

- ഒൻപതാം പദ്ധതിയുടെ 35-40 ശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്
- ആസൂത്രണം താഴെത്തട്ടിൽ നിന്നും മുകളിലോട്ട്
- ആസൂത്രണത്തിൽ നിർവ്വഹണത്തിലും വിപുലമായ ജനപങ്കാളിത്തം

  പഞ്ചായത്ത് രാജ് - നഗരപാലിക സ്ഥാപനങ്ങളിൽ പ്രത്യേക ഗ്രാമസഭകൾ
- ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്
- ജനപ്രതിനിധികളും വിദഗ്ദ്ധരും ഉദ്യോഗസ്ഥരും അണിചേരുന്നു
- വികസന സെമിനാറുകൾ, പരിശീലന ക്ലാസ്സുകൾ
- ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി